
ജനകീയാസൂത്രണം

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

വികസന രേഖ



അധികാരം ജനങ്ങളിലേക്ക്

കാർത്തികപ്പള്ളി പഞ്ചായത്ത് സാംസ്കാരിക നിലയം ഉദ്ഘാടനം


സി. റ്റി. അഹമ്മദലി, കെ. കെ. ശ്രീനിവാസൻ, എ. വി. താമരാക്ഷൻ എന്നിവർ



പോലീസ് അദാലത്ത്




കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്



നമ്മുടെ പാർലമെന്റ് അംഗം

വി.എം.സുധീരൻ എം.പി.



നമ്മുടെ നിയമസഭാ അംഗം

പ്രൊഫ. എ.വി. താമരാക്ഷൻ



ഗ്രാമതലത്തിലെ ജനാധിപത്യം ശക്തമല്ലെങ്കിൽ
നമ്മുടെ ജനാധിപത്യ സംവിധാനത്തിന്
കരുത്ത് ആർജ്ജിക്കുവാൻ സാധിക്കുകയില്ല.
ഗ്രാമങ്ങളുടെ വികസനത്തിന്റെ ഉത്തരവാദിത്തം
പഞ്ചായത്തുകൾക്ക് നൽകുന്നില്ലെങ്കിൽ
സ്വന്തം വികസനത്തിൽ ഗ്രാമീണ
ജനതയെ പങ്കാളികളാക്കുന്നില്ലെങ്കിൽ
രാജ്യത്ത് യഥാർത്ഥ വികസനം നമുക്ക്
സാക്ഷാത്കരിക്കുവാൻ സാധിക്കുകയില്ല.
ജവഹർ തൊഴിൽ പദ്ധതിയുടെ
പണം ഏതെല്ലാം സ്ക്കീമുകൾക്കായി
ചെലവഴിക്കണമെന്ന് നിശ്ചയിക്കേണ്ടത്
പഞ്ചായത്തുകളാണ്,
പഞ്ചായത്തുകൾ മാത്രമാണെന്ന്
ഞാൻ തറപ്പിച്ചു പറയുന്നു.

രാജീവ് ഗാന്ധി

ഗ്രാമങ്ങളെ അവയുടെ ദാരിദ്ര്യത്തിൽ
നിന്നും മോചിപ്പിക്കുന്നതിൽ ഞാൻ
വിജയിക്കുമ്പോൾ ഞാൻ സ്വാതന്ത്ര്യം
കൈവരിച്ചിരിക്കും.

ഗാന്ധിജി

മുൻ പ്രസിഡന്റുമാർ



Late


കെ. ദാമോദരൻ BABT



Late

പി.കെ. ഏബ്രഹാം

(17.12.63 - 21.11.1975)




എസ്.സുബ്രഹ്മണ്യ

അയ്യർ



എൻ. രാമചന്ദ്രൻ


(9/79 - 9/84)




ഒ.കെ. രാജൻ

(10.2.88 - 1.10.1995)


കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് ഭരണസമിതി



സതീഷ് വർഗ്ഗീസ്
(വൈ. പ്രസിഡന്റ്)




ഒ.കെ. രാജൻ
(പ്രസിഡന്റ്)



ആർ. രതീഷ്
(ചെയർമാൻ
സ്റ്റാന്റിംഗ് കമ്മറ്റി)




കെ സുകുമാരിയമ്മ
(മെമ്പർ, വാർഡ് - 1)



സതീഷ്കുമാർ
(മെമ്പർ, വാർഡ് - 2)



മറിയാമ്മ അലക്സാണ്ടർ
(മെമ്പർ, വാർഡ് - 4)



ജി.രാജൻ
(മെമ്പർ, വാർഡ് - 5)




വാസന്തി രാമചന്ദ്രൻ
(മെമ്പർ, വാർഡ് - 6)



വി.കെ. കുട്ടപ്പൻ
(മെമ്പർ, വാർഡ് - 8)

ജില്ലാ പഞ്ചായത്ത് അംഗങ്ങൾ




അഡ്വ. ബി. രാജശേഖരൻ




പി.വി. സിന്ധു


ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ



പി.സി. ശശികുമാർ
(പ്രസിഡന്റ്, ഹരിപ്പാട്
ബ്ലോക്ക് പഞ്ചായത്ത്)




എം.കെ. വിജയൻ
(കെ.ആർ.പി.)




സോൾ.സി.തൃക്കുന്നപ്പുഴ


വികസന റിപ്പോർട്ട് തയ്യാറാക്കാൻ സഹായിച്ച ജില്ലാ തല പരിശീലനം ലഭിച്ചവർ (ഡി.ആർ.പി.)




എൻ. രാമചന്ദ്രൻ



വി. പ്രഭാകരൻ




തോമസ് അലക്സാണ്ടർ



പി.ജിനദേവൻ




എൽ. രമ




ആർ. സോമരാജൻ

പഞ്ചായത്തിലെ സർക്കാർ സ്ഥാപന മേധാവികൾ




ഇ.നൂറുദ്ദീൻകുഞ്ഞ്
(വില്ലേജ് ആഫീസർ)




ഡോ. കെ.ആർ.സതീഷ്
(സീനിയർ വെറ്ററിനറി
സർജൻ)




സി. സൈരന്ധ്രി
(എൽ.വി.ഇ.ഒ.)



സി. ആർ. രശ്മി
(കൃഷി ആഫീസർ)




ഡോ.പി.കെ.ബാബുരാജ്
(മെഡിക്കൽ ആഫീസർ
പി.എച്ച്. സി.)



ഡോ. പി.വി. സന്തോഷ്
(മെഡിക്കൽ ആഫീസർ
ഹോമിയോ)

പഞ്ചായത്ത് ജീവനക്കാർ





എസ്. സുരേന്ദ്രൻ
(സെക്രട്ടറി)

എഡിറ്റോറിയൽ ബോർഡ്

ഒ.കെ.രാജൻ

എൻ.രാമചന്ദ്രൻ

പ്രൊഫ. വാമനൻ നമ്പൂതിരി

തോമസ്സ് അലക്സാണ്ടർ

വി. പ്രഭാകരൻ

കെ. വിജയൻ

എൽ.രമ

വി.കെ.കുട്ടപ്പൻ

ആർ.സോമരാജൻ

സതീഷ്കുമാർ

കവർ
എസ്. ഡി. സുഭാഷ്
ടൈപ്പ് സെറ്റിംഗ്
മേസ്
ലേസർ ഗ്രാഫിക്സ്,
കായംകുളം
പ്രിന്റിംഗ്
വാണി പ്രിന്റേഴ്സ്,
ആലപ്പുഴ

അവലംബം
സർവ്വവിജ്ഞാന കോശം
ഭാരത വിജ്ഞാന കോശം
തിരുവിതാംകൂർ ചരിത്രം
തിരുവിതാംകൂർ ചരിത്രത്തിലെ
ഇരുളടഞ്ഞ ഏടുകൾ

കേന്ദ്രത്തിലിരിക്കുന്ന 20 ആളുകളാൽ നിർവ്വഹിക്കപ്പെടാവുന്നതല്ല ശരിയായ ജനായത്തം അത് ഓരോ ഗ്രാമത്തിലെയും ജനങ്ങളാൽ താഴെ നിന്ന് നിർവ്വഹിക്കപ്പെടണം.
മഹാത്മാഗാന്ധി

വിവരം നൽകി സഹായിച്ചവർ

വർഗ്ഗീസ് മാത്യു, കല്ലേലിൽ.

കെ.എം. നമ്പൂതിരി

പ്രൊഫ. വാമനൻ നമ്പൂതിരി



വിശേഷാൽ ഗ്രാമ സഭകൾ

വാർഡ്	പങ്കാളിത്തം		പ്രചരണ പ്രവർത്തനം
	സ്ത്രീ	പുരുഷൻ	
1	33	103	നോട്ടീസ് പോസ്റ്റർ ഭവന സന്ദർശനം മൈക്ക് പ്രചരണം
2	54	100	ടി
3	52	83	ടി
4	32	73	ടി
5	97	116	ടി
6	67	96	ടി
7	72	136	ടി
8	39	88	ടി
9	36	128	ടി

ഉള്ളടക്കം

ആമുഖം	1-2
പൊതുവിവരണം	3
ചരിത്ര പശ്ചാത്തലം	4-7
കൃഷിയും ജലസേചനവും	8-25
മൃഗ്സംരക്ഷണവും മത്സ്യബന്ധനവും	26-33
വ്യവസായം	34-39
വിദ്യാഭ്യാസം	40-46
പൊതുജനാരോഗ്യം കുടിവെള്ളം	47-57
ഗതാഗതം ഊർജ്ജം മാർക്കറ്റ്	58-73
പാർപ്പിടവും സാമൂഹ്യക്ഷേമവും	74-79
സംസ്കാരം ടൂറിസം	80-83
വനിത	84-85
സഹകരണം	86-89
പട്ടികജാതി പട്ടികവർഗ്ഗം	90-91
വിഭവസമാഹരണം	92-95
ഉപസംഹാരം	96



ആമുഖം

ഗ്രാമങ്ങളിൽ നിന്ന് തറ നിലവാരത്തിൽ മേലോട്ട് ശരിയാം വണ്ണം പ്രവർത്തിക്കുന്ന വിശാല ജനാധിപത്യ പ്രാതിനിധ്യമുള്ള പഞ്ചായത്തിരാജ് സ്ഥാപനങ്ങൾ നമ്മുടെ രാഷ്ട്രപിതാവിന്റെ സ്വപ്നമായിരുന്നു. ഇന്ത്യാ ഏതാനും നഗരങ്ങളിലല്ല പ്രത്യുത ഏഴുലക്ഷം ഗ്രാമങ്ങളിലാണ് പടുത്തുയർത്തേണ്ടത് എന്നായിരുന്നു ഗാന്ധിജിയുടെ അഭിപ്രായം. പഞ്ചായത്തീരാജ് സംബന്ധിച്ചുള്ള മഹാത്മാവിന്റെ ഗ്രാമ സ്വരാജ് സങ്കൽപ്പം അതിന്റെ പൂർണ്ണമായ അർത്ഥത്തിൽ പ്രാവർത്തികമാക്കുവാൻ സ്വാതന്ത്ര്യത്തിന്റെ 42-ാം വാർഷിക വർഷത്തിൽ ഒരു പ്രധാനമന്ത്രി തയ്യാറായി ശ്രീ. രാജീവ് ഗാന്ധി ! അദ്ദേഹം പാർലമെന്റിൽ അവതരിപ്പിച്ച സമഗ്ര പഞ്ചായത്തിരാജ് നഗരപാലികാ ബിൽ ആണ് പിന്നീട് വന്ന സർക്കാർ ചില ഭേദഗതികളോടെ പാസ്സാക്കിയെടുത്ത 1992-ലെ 73, 74 ഭരണഘടനാ ഭേദഗതി നിയമം.

കേരള നിയമസഭ 1994 ഏപ്രിൽ 23 ന് പാസാക്കിയ പഞ്ചായത്ത് രാജ് ആക്ട് പ്രകാരം പുതുതായി തെരഞ്ഞെടുക്കപ്പെട്ട ഗ്രാമ പഞ്ചായത്ത് സമിതികൾ. 1995 ഒക്ടോബർ 2 ന് അധികാരമേറ്റു.

സാമൂഹ്യ നീതിക്കും സാമ്പത്തിക വികസനത്തിനുമുതകുന്ന പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിൽ വരുത്തുന്ന പ്രാദേശിക സ്വയംഭരണ സർക്കാരുകളായി ഗ്രാമ പഞ്ചായത്തുകൾ മാറണം. എങ്കിൽ മാത്രമേ സ്വാതന്ത്ര്യം കിട്ടിനമുക്ക് കൈവന്ന ജനാധിപത്യാധികാരം ഗ്രാമങ്ങൾക്ക് അനുഭവേദ്യമാവുകയുള്ളു.

എട്ട് പഞ്ചവത്സര പദ്ധതികളിൽ നിന്ന് വ്യത്യസ്തമായി ആസൂത്രണം മുകളിൽ നിന്ന് താഴോട്ട് എന്നതിന് പകരം ഇന്ത്യക്കാകെ മാതൃകയായി ആസൂത്രണം ഗ്രാമതലത്തിൽ നിന്നും ആരംഭിക്കാൻ കേരളാ സർക്കാർ തീരുമാനിച്ചു. "അധികാരം ജനങ്ങളിലേക്ക്" "ഒമ്പതാം പദ്ധതി ജനകീയ പദ്ധതി" എന്ന മുദ്രാവാക്യങ്ങളുയർത്തി

കൊണ്ട് വികസനാസൂത്രണം താഴെ തട്ടിൽ നിന്നും ആരംഭിച്ചു കഴിഞ്ഞു. സംസ്ഥാന സർക്കാരിന്റെ 40% പദ്ധതി വിഹിതം 9-ാം പദ്ധതിയിൽ ത്രിതല പഞ്ചായത്തുകൾക്ക് വീതം വച്ചു കൊണ്ടുള്ള തീരുമാനം ജനകീയ ആസൂത്രണ പരിപാടിയ്ക്ക് ആവേശം പകർന്നിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ 40% പദ്ധതിവിഹിതം ബാക്കി 60% ൽ പ്പെട്ട സ്കീമുകൾ, കേന്ദ്ര സർക്കാർ ഫണ്ട് മറ്റ് വികസന ഏജൻസികൾ വഴി ലഭിക്കുന്ന തുകകൾ, പഞ്ചായത്ത് നികുതി വരുമാനം, ജനകീയ സംഭാവനകൾ (പണം വിഭവം അദ്ധ്വാനം) എന്നിവ ഉപയോഗിച്ച് നമ്മുടെ പഞ്ചായത്ത് ഇന്ന് അനുഭവിക്കുന്ന വികസന പ്രതിസന്ധിക്ക് പൂർണ്ണമായിട്ടല്ലെങ്കിലും ഒരു പരിധി വരെ പരിഹാരം കാണാൻ കഴിയുമെന്ന് പ്രത്യാശിക്കുന്നു.

പദ്ധതി രൂപീകരണത്തിലും അതിന്റെ നടത്തിപ്പിലുമുണ്ടാകുന്ന വർദ്ധിച്ച ജനപങ്കാളിത്തം വികസന പ്രക്രിയ കുറ്റമറ്റതും അഴിമതിമുക്തവും സമയബന്ധിതവുമായി തീരാൻ സഹായിക്കും.

ജനകീയ ആസൂത്രണം വിജയം കൈവരിക്കണമെങ്കിൽ ജനപങ്കാളിത്തം വഴി അതിന്റെ നിർവ്വഹണം സുസാദ്ധ്യമാക്കണം. എട്ട് പഞ്ചവത്സര പദ്ധതിക്കാലത്ത് എത്തും പിടിയും കിട്ടാത്ത ഉയരത്തിലിരുന്ന് ഏഴുലക്ഷത്തിലധികം ഗ്രാമങ്ങളിലധിവസിക്കുന്ന ഏഴകളായ മഹാഭാരതീയരുടെ മനോദുരിതമറിയാതെ മെനഞ്ഞെടുത്ത ആസൂത്രണം ഒമ്പതാം പദ്ധതികാലത്ത് കേരളത്തിലെങ്കിലും ജനകീയാസൂത്രണത്തിന് വഴിമാറാൻ ഇടവരുത്തിയ കേരള സർക്കാർ നടപടി ശുഭോദർക്കമാണ്.

കാർത്തികപ്പള്ളി പഞ്ചായത്തിൽ ജനകീയാസൂത്രണ പദ്ധതിയുടെ ഭാഗമായി പ്രാദേശിക പരിശീലകർക്കായുള്ള ഏദദിനശില്പശാല 16-09-1996 ൽ നടന്നു.

സ്പെഷ്യൽ ഗ്രാമ സഭായോഗങ്ങളിൽ സ്ത്രീകളടക്കം നൂറുകണക്കിനാളുകൾ പങ്കെടുത്തു. സഭാംഗങ്ങളായ റിട്ടയേർഡ് ഉദ്യോഗസ്ഥന്മാരുടെ സജീവസാന്നിദ്ധ്യം ശ്രദ്ധേയമായിരുന്നു. സംസ്ഥാന ജില്ലാ പ്രാദേശിക പരിശീലകന്മാരും ഗ്രാമ ബ്ലോക്ക് ജില്ലാ പഞ്ചായത്തംഗങ്ങളും നേതൃത്വം നൽകി.

രണ്ടാം ഘട്ട പഞ്ചായത്ത് ശിൽപശാല നടന്നു. വികസനറിപ്പോർട്ട് തയ്യാറാക്കുന്നതിനെപ്പറ്റി വിദഗ്ധർ വിശദീകരണം നടത്തി. വീഡിയോ പ്രദർശനവും ഉണ്ടായിരുന്നു.

ദ്വിതീയ വിവര ശേഖരണ ഗ്രൂപ്പുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളിൽ നിന്നും വ്യക്തികൾ വിദഗ്ധർ എന്നിവരെ സന്ദർശിച്ചും വിലപ്പെട്ട വിവരങ്ങൾ സമാഹരിച്ചു. ചരിത്ര സത്യങ്ങളിലേക്ക് വെളിച്ചം വീശുന്ന ഗ്രന്ഥങ്ങളും പരിശോധിച്ചു.

പരിമിതമായ സമയം കൊണ്ട് നമ്മുടെ പഞ്ചായത്തിന്റെ വികസനാവശ്യങ്ങളെ ചൂണ്ടിക്കാണിക്കാൻ കഴിയുന്ന ഈ വികസന റിപ്പോർട്ട് തയാറാക്കാൻ സഹകരിച്ച സന്നദ്ധസേവനം ആദരപൂർവ്വം സ്മരിക്കുന്നു. സമ്പൂർണ്ണമെന്നോ സമഗ്രമെന്നോ ഈ റിപ്പോർട്ടിനെ വിശേഷിപ്പിക്കാൻ ഞങ്ങളൊരുക്കമല്ല. ദൃഷ്ടി ഗോചരിഭവിക്കാത്ത മനോമുകുരത്തിലണയാത്ത പാടും ദുരിതങ്ങളും ഇനിയുമേറെ കണ്ടേക്കാം. തുടർന്നുള്ള ചർച്ചകളിൽ അന്വേഷണങ്ങളിൽ അവകണ്ടെത്തി കർമ്മപഥങ്ങളിലെത്തിക്കാൻ നമുക്ക് കൂട്ടായിയത്നിക്കാം.

പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	കാർത്തികപ്പള്ളി
ബ്ലോക്ക് പഞ്ചായത്ത്	:	ഹരിപ്പാട്
താലൂക്ക്	:	കാർത്തികപ്പള്ളി
അസംബ്ളി മണ്ഡലം	:	ഹരിപ്പാട്
പാർലമെന്റ് മണ്ഡലം	:	ആലപ്പുഴ
വിസ്തീർണ്ണം	:	8.73 ച. കി. മീ.
അതിരുകൾ :		
വടക്ക്	:	കുമാരപുരം, ഹരിപ്പാട് പഞ്ചായത്തുകൾ
തെക്ക്	:	ചിങ്ങോലി ആറാട്ടുപ്പുഴ പഞ്ചായത്തുകൾ
കിഴക്ക്	:	പള്ളിപ്പാട് പഞ്ചായത്ത്
പടിഞ്ഞാറ്	:	തൃക്കുന്നപ്പുഴ പഞ്ചായത്ത്
ജനസംഖ്യ	:	18092
പുരുഷൻ	:	8714
സ്ത്രീകൾ	:	9378
അക്ഷരാഭ്യാസം ഉള്ളവർ	:	14834
വാർഡുകൾ	:	9
എം.പി.	:	വി.എം. സുധീരൻ
എം.എൽ.എ	:	പ്രൊഫ. എ.വി. താമരാക്ഷൻ
ജില്ലാ പഞ്ചായത്ത് പ്രസിഡന്റ്	:	സി.എസ്. സുജാത
പ്രസിഡന്റ്	:	ഒ.കെ. രാജൻ
വൈസ് പ്രസിഡന്റ്	:	സതീഷ് വർഗ്ഗീസ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ	:	ആർ. രതീഷ്



ചരിത്ര പശ്ചാത്തലം

മാവേലിക്കര (മഹാവേലിക്കര) വരെയുണ്ടായിരുന്ന കടൽ പിൻവാങ്ങിയോ അറബികടലിലെ വന നിബിഡമായ ദ്വീപുകൾ പ്രകൃതി ക്ഷോഭത്തിൽ നശിച്ച് പുതിയ കരപ്രദേശം രൂപം പ്രാപിച്ചുണ്ടായതോ ആണ് കാർത്തികപ്പള്ളി ദേശം എന്ന് കരുതപ്പെടുന്നു. മണ്ണിനടിയിൽ കാണപ്പെടുന്ന കാണ്ടാമരം ആഞ്ഞിലി തുടങ്ങിയ വൻ മരങ്ങളും കടൽ ജീവികളുടെ പുറം തോടും തുറക്കാത്ത കക്കകളും ഈ നിഗമനം ബലപ്പെടുത്തുന്നു.

കാർത്തികപ്പള്ളി താലൂക്കിന്റെ വടക്ക് കരിമാടിയിൽ കാണുന്ന ബുദ്ധ വിഗ്രഹവും (കരുമാടി കുട്ടൻ) മാവേലിക്കരയിലെ ബുദ്ധ പ്രതിമയും കൃഷ്ണപുരം കൊട്ടാരത്തിൽ സൂക്ഷിച്ചിട്ടുള്ള ബുദ്ധ പ്രതിമകളും ദക്ഷിണേന്ത്യയിലെ പ്രസിദ്ധ ബുദ്ധവിഹാരം ആയിരുന്ന ശ്രീമൂലവാസം കാർത്തികപ്പള്ളി താലൂക്കിൽ എവിടെയോ (തൃക്കുന്നപ്പുഴയിൽ ആണെന്നും അഭ്യൂഹം) ആയിരുന്നെന്ന വിശ്വാസവും തോട്ടപ്പള്ളി കരുനാഗപ്പള്ളി, മൈനാഗപ്പള്ളി (ബുദ്ധ വിഹാരങ്ങളെ പള്ളി എന്ന് വിളിച്ചിരുന്നു) എന്ന സ്ഥലനാമങ്ങളും പണ്ട് ഇവിടം ബുദ്ധ മത സംസ്കാരത്തിന്റെ കേന്ദ്രമായിരുന്നു എന്ന വിശ്വാസത്തിന് ബലം നൽകി. ബെറ്റിമന, കരിമ്പാലി, മാർത്ത, കർത്യാപേരി എന്ന സ്ഥലനാമങ്ങളിൽ ഡച്ച് ചരിത്രകാരന്മാർ ഈ പ്രദേശങ്ങളെ രേഖപ്പെടുത്തിയിട്ടുണ്ട്. 85 വർഷം മുമ്പ് എഴുതിയ ആധാരത്തിൽ ഇന്നത്തെ വെട്ടുവേനിയെ "വെറ്റിവെനി" എന്നാണ് കാണിച്ചിരിക്കുന്നത്. പഴയ വെറ്റിവെനി രാജ്യത്തിന്റെ ആസ്ഥാനം ഇപ്പോൾ പള്ളിപ്പാട് വെട്ടുവേനിയിൽ നിലകൊള്ളുന്ന കരിമ്പാലിൽ കോയിക്കൽ കൊട്ടാരമാണെന്ന് ഡച്ച് രേഖകളിൽ നിന്ന് അനുമാനിക്കാം. വെട്ടുവേനി രാജ്യത്തിന്റെ ഭദ്രദേവതാ ക്ഷേത്രമാണ് പിത്തമ്പിൽ. ശാസ്താവ് ഭഗവതി ഭദ്രകാളി എന്നിങ്ങനെ മൂന്ന് പ്രതിഷ്ഠകൾ ഉണ്ട്. A.D. 1664 ൽ ആസ്ഥാനം കാർത്തികപ്പള്ളിയിലേക്ക് മാറ്റി 1672 ജൂലൈ 17 ന് വെറ്റിവെനി ഡച്ച് രാഷ്ട്രീയാധികാരത്തിൻ കീഴിലായി ഈ പ്രദേശത്ത് സുല

ഭമായി ലഭിച്ച് വരുന്ന കുരുമുളകാണ് ഡച്ചുകാരെയും. പോർട്ടുഗീസുകാരെയും ഇവിടേക്ക് ആകർഷിച്ചത്. കായംകുളത്തിനും പുറക്കാടിനും ഇടയ്ക്കുള്ള ഈ രാജ്യം പിന്നീട് കാർത്തികപ്പള്ളി രാജ്യം എന്നറിയപ്പെടാൻ തുടങ്ങി.

കൊല്ലവർ 904 മുതൽ (1729) 933 വരെ (1758) തിരുവിതാംകൂർ ഭരിച്ച മാർത്താണ്ഡവർമ്മ മഹാരാജാവ് കാർത്തികപ്പള്ളി രാജ്യം തിരുവിതാംകൂറിനോട് ചേർത്തു 1742 ൽ കായംകുളവും 1753 ൽ അമ്പലപ്പുഴയും അദ്ദേഹം കീഴടക്കി. പത്മനാഭപുരം കൊട്ടാരത്തിൽ നിന്ന് കണ്ടെടുത്ത മഹാരാജാവിന്റെ ഡയറിയിൽ കൊല്ലവർഷം 917 മേടം 18 മുതൽ (1742 ഏപ്രിൽ 29) ഇടവം 23 (ജൂൺ 4) വരെ അദ്ദേഹം കാർത്തികപ്പള്ളിയിൽ ആയിരുന്നെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. അതെ വർഷം മിഥുനം 3 ന് (ജൂൺ 15) കൊല്ലം രാജാവുമായി കുരീപ്പുഴവച്ച് നടന്ന നിർണ്ണായക യുദ്ധത്തിൽ കാർത്തികപ്പള്ളിയിൽ നിന്നുള്ള പടയാളികൾ പങ്കെടുത്തിരുന്നു. ധർമ്മരാജാവ് കുട്ടിയായിരുന്ന കാലത്ത് എട്ടുവീട്ടിൽ പിള്ളമാരുടെ ആക്രമണം ഭയന്ന് കാർത്തികപ്പള്ളി കൊട്ടാരത്തിൽ താമസിച്ചിട്ടുണ്ട്. തിരുവിതാംകൂർ രാജാക്കന്മാർ താമസിക്കാൻ വരുമ്പോൾ പൂജിക്കുന്ന അനന്തശയനം ഇന്നുമുണ്ട്. തൊട്ടടുത്ത് പനയന്നാർകാവ് ക്ഷേത്രവും. രണ്ടും തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ഭരണത്തിലാണ്. 18-ാം നൂറ്റാണ്ട് മുതൽ താമസിച്ചു വരുന്നവരുടെ പിൻതലമുറയാണ് ഇപ്പോൾ കൊട്ടാരത്തിൽ അധിവസിക്കുന്നത്. ശ്രീ. രാമവർമ്മ തമ്പുരാനും കുടുംബവും. കൊട്ടാരം വക സ്ഥലത്തിന്റെ സിംഹഭാഗവും അന്യാധീനപ്പെട്ടു കഴിഞ്ഞു.

ഒരുകാലത്ത് സമ്പൽസമൃദ്ധമായിരുന്ന കാർത്തികപ്പള്ളി രാജ്യത്തിന്റെ തലസ്ഥാനമായി രാജശാസനങ്ങൾക്കും രാജകീയ വിളമ്പരങ്ങൾക്കും ദൃക്സാക്ഷിയായി നിന്ന കാർത്തികപ്പള്ളി കൊട്ടാരം. ആധുനിക തിരുവാതംകൂറിന്റെ ശിൽപ്പിയായ ശ്രീപത്മനാഭദാസ വഞ്ചിപാല മാർത്താണ്ഡവർമ്മ കുലശേഖര പെരുമാളിനും രാജകുടുംബാംഗങ്ങൾക്കും അഭയവും ആതിഥ്യവും അരുളി ബന്ധുവായി ചരിത്രതാളുകളിൽ അവിസ്മരണീയമായി തീർന്ന കോയിക്കൽ കൊട്ടാരം തകർന്നടിഞ്ഞ രാജാധികാരത്തിന്റെ ദു:ഖ പ്രതീകം പോലെ കാർത്തികപ്പള്ളി ജംഗ്ഷനിൽ നമ്ര ശിരസ്സുമായി നിൽക്കുന്നു. ജനാധിപത്യ രാജ്യാധികാരത്തിന്റെ ദയാവായ്പു കൊണ്ടൊരു ചരിത്ര സ്മാരകമായി സംരക്ഷിക്കപ്പെടാൻ വിധിയുണ്ടാകണമേ എന്ന് പ്രാർത്ഥിച്ചു കൊണ്ട്.

ക്രിസ്തുവിനു പിമ്പ് 9-ാം ശതകത്തിൽ കാർത്തികപ്പള്ളിയിൽ ഒരു നസ്റാണി പള്ളിയുണ്ടായിരുന്നതായി ചരിത്രകാരന്മാർ രേഖപ്പെടുത്തിയിട്ടുണ്ട്. പള്ളി പണിയാൻ വനത്തിൽ നിന്നും തടി വെട്ടി കൊള്ളാൻ രാജകൽപ്പന ഉണ്ടായതായി പറയപ്പെടുന്നതിൽ നിന്നും കാർത്തികപ്പള്ളി രാജ്യം നിബിഡമായ വനസമ്പത്തുള്ള പ്രദേശമായിരുന്നെന്നും അനുമാനിക്കാം. മണ്ണാറശാല എരിയ്ക്കാവ് മഹാദേവികാട്, ചിങ്ങോലി, കാഞ്ഞൂർ എന്നീ സ്ഥല നാമങ്ങളും "കാട്ടിൽ" എന്നവസാനിക്കുന്ന നൂറ് കണക്കിന് വീട്ട് പേരുകളും ഈ വാദത്തിന് ബലം നൽകുന്നു. ആദ്യകാലത്ത് ക്ഷേത്ര മാതൃകയിൽ പണിഞ്ഞിരുന്ന പള്ളികൾ യൂറോപ്യന്മാരുടെ ആഗമനത്തോടെ പടിഞ്ഞാറൻ വാസ്തുശിൽപ മാതൃകയിൽ പുതുക്കി പണിതു. ക്ഷേത്ര വിളക്കുകൾക്ക് തുല്യമായ പള്ളിവിളക്കുകൾ (കല്ലുകൊണ്ടും, ഓട് കൊണ്ടും നിർമ്മിച്ചത്) കാർത്തികപ്പള്ളി സെന്റ് തോമസ്സ് ഓർത്തഡോക്സ് പള്ളിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ പള്ളി A.D. 1581 ൽ പുതുക്കി പണിതു.

മറ്റൊരു ക്രിസ്ത്യൻ ദേവാലയമായ കാർത്തികപ്പള്ളി മാർത്തോമ്മ ചർച്ച് 1906 ൽ സ്ഥാപിക്കപ്പെട്ടു.

മുസ്ലീം ദേവാലയമായ കാർത്തികപ്പള്ളി കൊല്ലമഠം ജമായത്ത് പള്ളിക്ക് 176 വർഷത്തെ പഴക്കമുണ്ട് കുളഞ്ഞിയിൽ വീട്ടുകാർ സൗജന്യമായി സ്ഥലം നൽകി പള്ളി നിർമ്മിച്ച് നൽകുകയായിരുന്നു.

സെന്റ് മേരീസ് കാത്തലിക്ക് ചർച്ച് (റീത്ത് പള്ളി) എന്ന പേരിൽ കാർത്തികപ്പള്ളി തോടിന്റെ തീരത്തായി ഒരു ക്രിസ്ത്യൻ ദേവാലയവും ഉണ്ട്.

പ്രശസ്തമായ ഒരു കച്ചവട കേന്ദ്രമായിരുന്നു ഗതകാലത്ത് കാർത്തികപ്പള്ളി. കാള വണ്ടിയിലും, കൈവണ്ടിയിലും കെട്ടുവള്ളങ്ങളിലുമായി ചരക്കുകൾ കൊണ്ട് വരികയും വിൽപ്പന നടത്തു

കയും ചെയ്തിരുന്നു. തെരുവ് വാണിഭം പ്രധാന മായിരുന്നതിനാൽ കാർത്തികപ്പള്ളി തെരുവെന്നും അറിയപ്പെട്ടിരുന്നു. മാർക്കറ്റിൽ നിന്നുള്ള കരം പഞ്ചായത്ത് രൂപീകൃതമാകുന്നതിന് മുമ്പ് റവന്യൂ അധികൃതരാണ് പിരിച്ചുവന്നത്.

മദ്ധ്യതിരുവിതാംകൂറിലെ ഏറ്റവും വലിയ കന്നുകാലി ചന്തയായിരുന്ന മണ്ണൂർ ചന്ത വെട്ടു വേനിയിലാണ്. മാസത്തിൽ നാല് ദിവസം ചന്ത നടന്നിരുന്നു. ആട് മാടുകൾക്ക് പുറമെ ചേന ചേമ്പ് കാച്ചിൽ കിഴങ്ങ് തുടങ്ങിയവയുടെ വിത്തു കളും വിപണനം ചെയ്തിരുന്നു. ചന്തയിൽ പോകുന്നവർക്ക് സൗജന്യമായി സംഭാരം (മോരും വെള്ളം) ധനിക ഗൃഹങ്ങളിൽ നിന്നും നൽകിയി രുന്നു. പണ്ട് ഇവിടെ നടന്ന കന്നുകാലി പ്രദർശനം ഉദ്ഘാടനം ചെയ്യാൻ എത്തിയ അന്നത്തെ ദിവാൻ കൃഷ്ണൻ നായരുടെ സ്മരണ നില നിർത്താൻ വേണ്ടിയാണ് 1920 ൽ D.K.N.M.L.P. സ്കൂൾ സ്ഥാപിച്ചത്. മണ്ണൂർ കുടുംബമാണ് മാർക്കറ്റും സ്കൂളും സ്ഥാപിച്ചത്.

നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ കമലാലയ ത്തിൽ ശാർങ്ങധരൻ മുതലാളി സ്ഥാപിച്ച പുളി കീഴ് പ്രൈവറ്റ് മാർക്കറ്റും പ്രസിദ്ധമായിരുന്നു. കാർത്തികപ്പള്ളി താലൂക്കിലെ കയർ വിപണന കേന്ദ്രമായി പരിലസിച്ചിരുന്ന മാർക്കറ്റിലായിരുന്നു. ആദ്യത്തെ സിനിമാ തീയേറ്ററും. പുളികീഴിൽ നിന്നും തട്ടാരമ്പലം കായംകുളം വഴി ഓച്ചിറയ്ക്ക് ഒരു ബസ് സർവ്വീസും (രാജാറാം) ഉണ്ടായിരുന്നു.

1912 ൽ സ്ഥാപിതമായ മഹാദേവികാട് ഗവ: U.P. സ്കൂളും 1920 ൽ മണ്ണൂർ ശ്രീ പത്മനാഭപിള്ള സ്ഥാപിച്ച ദിവാൻ കൃഷ്ണൻ നായർ സ്മാരക ലോവർ പ്രൈമറി സ്കൂളും. ശ്രീ. ആർ. ശങ്കർ വിദ്യാഭ്യാസ മന്ത്രിയും മുഖ്യമന്ത്രിയും ആയിരി ക്കുമ്പോൾ 1960 ൽ ശ്രീ. കെ. രാമൻകുട്ടി വൈദ്യർ നേതൃത്വം നൽകി ആരംഭിച്ച മഹാദേവികാട് S N.D.P. ഹൈസ്കൂളും വിദ്യാഭ്യാസമുള്ള തലമു റയെ സംഭാവന ചെയ്യുന്നതിൽ ചരിത്രപരമായ കടമ നിർവ്വഹിക്കുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ള മേജർ വലിയ കുളങ്ങര ദേവീ ക്ഷേത്രത്തിലെ ആശ്വതി തിരുവു ത്സവം പ്രസിദ്ധമാണ്. കുംഭ മാസത്തിലെ അശ്വതി നാളിൽ നാടിന്റെ നാനാഭാഗത്ത് നിന്നും വന്ന് ചേരുന്ന നാനാജാതി മതസ്ഥരായ പതിനായിര ങ്ങൾ പങ്കെടുക്കുന്ന കെട്ടുകാഴ്ച നയനാനന്ദകര മാണ്. രാത്രി വെളുക്കുവോളം നടത്തുന്ന വെടി കെട്ടും കലാപരിപാടികളും ഈ ക്ഷേത്രത്തിന്റെ പ്രത്യേകതയാണ്. പിത്തമ്പിൽ ക്ഷേത്രം, കൊട്ടാരം മൂടയിൽ ശ്രീ കൃഷ്ണസ്വാമി അമ്പലം വാതല്ലൂർ കോയിക്കൽ ക്ഷേത്രം എന്നിവ ചരിത്ര സാക്ഷി യായ ഹൈന്ദവ ദേവാലയങ്ങളാണ്.

പഞ്ചായത്ത് അതിർത്തിയിൽ നിന്നും വിളി പാടകലെയാണ് ചരിത്ര പ്രസിദ്ധമായ അനന്ത പുരം കൊട്ടാരം. രാജകോപത്തിനിരയായ കേരള കാളിദാസ കേരള വർമ്മ വലിയകോയി തമ്പുരാൻ തടവിൽ പാർപ്പിക്കപ്പെട്ടത് ഇവിടെയാണ്. വിര ഹാർത്തനായ കവി തന്റെ സന്ദേശ വാഹകനായി ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിലെ മയിലിനെ (മയൂരം) ആണ് ആയക്കുന്നത്.

വഞ്ചിക്ഷോണിക്കൊരു തിലകമാമപ്പുര ത്തേക്ക് (തിരുവനന്തപുരത്തേക്ക്) പോകുന്ന മയിൽ സഞ്ചരിക്കുന്നത് കാർത്തികപ്പള്ളി തോടിന്റെ കരയിലൂടെയാണ്.

"രണ്ടും മൂന്നും തവണ കൃഷിയേറ്റുന്ന കണ്ടങ്ങളെയും
വണ്ടും ഞണ്ടും വടിവൊട് കളിക്കുന്ന കച്ചങ്ങളെയും"

കണ്ടും കൊണ്ട് ചെറുപുഴകൾ തൻ തീര മാർഗ്ഗേണ കായംകുളം കായലിൽ എത്തുമ്പോൾ മയിൽ കാർത്തികപ്പള്ളി ഗ്രാമം പിന്നിട്ട് കഴിഞ്ഞു രണ്ട് പ്രാവശ്യം നെല്ലും ഒരു പ്രാവശ്യം എള്ളും കൃഷി ചെയ്യുന്ന കണ്ടങ്ങൾ നമുക്ക് അന്യമായി. കൈതതഴപ്പായ നെയ്തും കയർപിരിച്ചും കാർഷി കോൽപ്പാദനം നടത്തിയും ജീവിച്ച ഒരു ജനതതി ഈ നാട്ടിൽ ഉണ്ടായിരുന്നു.

മതസൗഹാർദ്ദത്തിൽ അടിയുറച്ച് വിശ്വസി ക്കുന്ന മഹത്തായ പാരമ്പര്യമാണ് ഈ മണ്ണിനു ള്ളത്. കഠിനമായ വരൾച്ചയോ വെള്ളപൊക്കമോ മഹാരോഗങ്ങൾ കൊണ്ടുള്ള ദുരന്തമോ ഒരിക്കൽ പോലും ഉണ്ടായതായി കേട്ടുകേൾവി പോലുമില്ല. നാടൻ ചതുരംഗം, പഞ്ചീസുകളി, 28 നായും പുലിയും, 16-ാം കളം, തലപ്പന്ത്, കിളിത്തട്ട്, കുറ്റിയും കോലും, ഗോലി കളി, വോളിബോൾ എന്നിവയായിരുന്നു അരനൂറ്റാണ്ട് മുമ്പ് വരെ പ്രധാന വിനോദങ്ങൾ.

കാർത്തികപ്പള്ളിയിലെ ഏക മന്ത്രിയും എം.എൽ.എ. യുമായിരുന്നു യശ: ശരീരനായ ശ്രീ.

എ. അച്യുതൻ. അച്യുതൻ വക്കീൽ എ.വി. ആനന്ദരാജൻ കണീക്കര മാധവക്കുറുപ്പ് കൃഷ്ണൻ കുട്ടിസാർ പുത്തേത്ത് നാരായണൻ എന്നിവർ മൺമറഞ്ഞ സ്വാതന്ത്ര്യ സമര പോരാളികളാണ്. ഇവരും കണ്ടങ്കാളി എം.കെ. രാഘവൻ രാജൻ ജേക്കബ്ബ്, പി.കെ. ഏബ്രഹാം, കെ. കുമാരൻ തുടങ്ങിയവരും കോൺഗ്രസ്സ് പ്രസ്ഥാനം കരുപിടിപ്പിക്കുന്നതിൽ പ്രധാന പങ്ക് വഹിച്ചവരാണ്, മദ്ധ്യതിരുവിതാംകൂറിൽ കമ്മ്യൂണിസ്റ്റ് പാർട്ടി നിരോധിക്കപ്പെട്ടിരുന്ന കാലത്ത് അതിന്റെ നേതാക്കന്മാർക്ക് ഒളിത്താവളം ഒരുക്കി കൊടുത്തതിന്റെ പേരിൽ പോലീസ് മർദ്ദനത്തിന് ഇരയായവരാണ് തോട്ടുകടവിൽ കൃഷ്ണനും കുടുംബവും അദ്ദേഹത്തിന്റെ മക്കളായ ടി. കെ. വാസു, ടി. കെ. ശ്രീധരൻ, ടി. കെ. മാധവൻ എ. കെ. വാസു (എഴിക്കൽ) എന്നിവർ കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ ആദ്യകാല സംഘാടകരാണ്.

കാർത്തികപ്പള്ളി എന്ന ഒരു അസംബ്ളി നിയോജക മണ്ഡലം മുമ്പുണ്ടായിരുന്നു. എ. അച്യുതൻ, ആർ. സുഗതൻ, എന്നിവർ ഈ മണ്ഡലത്തെ പ്രതിനിധാനം ചെയ്തിരുന്നു.

കാർത്തികപ്പള്ളി പഞ്ചായത്ത് മുമ്പ് വെട്ടുവേനി, പുതുകുണ്ടം, മഹാദേവികാട് നങ്ങ്യാർകുളങ്ങര, ചിങ്ങോലി കരകൾ ഉൾപ്പെട്ടതായിരുന്നു. 1962 ൽ പഞ്ചായത്ത് പുന: സംഘടിപ്പിച്ചപ്പോൾ നങ്ങ്യാർകുളങ്ങര, ചിങ്ങോലി കരകൾ ചേർത്ത് ചിങ്ങോലി പഞ്ചായത്ത് രൂപീകരിച്ചു.

അവിഭക്ത കാർത്തികപ്പള്ളി പഞ്ചായത്തിന്റെ പ്രസിഡന്റ് കെ. ദാമോദരൻ B.A.B.T. ആയിരുന്നു. 30-12-1961 ൽ അദ്ദേഹം പ്രസിഡന്റായ കമ്മിറ്റി അവസാന യോഗം കൂടി.

17-12-1963 ൽ പി. കെ. ഏബ്രഹാം (പ്രസിഡന്റ്)
എസ്. സുബ്രഹ്മണ്യ അയ്യർ (വൈസ് പ്രസിഡന്റ്)
കെ. പി. കേശവൻ നായർ (മെമ്പർ)
പി.എം. വർഗ്ഗീസ് (മെമ്പർ)
കെ. നാണു (മെമ്പർ)
ജി. ശ്രീധരൻ (മെമ്പർ)

ജി. ശങ്കുണ്ണി പണിക്കർ (മെമ്പർ) എന്നിവർ ഉൾപ്പെട്ട ഭരണ സമിതി അധികാരമേറ്റു. 18-01-1964 ൽ ദേവയാനി കൊച്ചു കൃഷ്ണനെ വനിതാ നോമിനിയായി കമ്മറ്റി തെരഞ്ഞെടുത്തു. 21-11-1975 ൽ പി. കെ. ഏബ്രഹാം ദിവംഗതനായതിനെ തുടർന്ന് വൈസ് പ്രസിഡന്റ് എസ്. സുബ്രഹ്മണ്യ അയ്യർ പ്രസിഡന്റിന്റെ ചുമതല നിർവ്വഹിച്ചു വരികയും പിന്നീട് പ്രസിഡന്റായി അദ്ദേഹം തെരഞ്ഞെടുക്കപ്പെട്ടതിനാൽ വൈസ് പ്രസിഡന്റായി ജി. ശങ്കുണ്ണി പണിക്കരെ തെരഞ്ഞെടുക്കുകയും ചെയ്തു. 1978 വരെ ഈ കമ്മറ്റി ഭരണം നിർവ്വഹിച്ചു.

29-09-1979 ൽ എൻ. രാമചന്ദ്രൻ (പ്രസിഡന്റ്)
ടി.കെ. കൊച്ചുകൃഷ്ണൻ (വൈസ് പ്രസിഡന്റ്)
സി. എൻ. നീലകണ്ഠപിള്ള (മെമ്പർ)
ജി. വിജയപണിക്കർ (മെമ്പർ)
എസ്. സുബ്രഹ്മണ്യ അയ്യർ (മെമ്പർ)
പി. ജോയി (മെമ്പർ)
കെ. ആനന്ദൻ (മെമ്പർ)
ഒ.കെ. രാജൻ (മെമ്പർ)


കെ. നാരായണി (മെമ്പർ) എന്നിവരടങ്ങിയ കമ്മിറ്റി ചാർജ്ജെടുത്തു. 1984 സെപ്റ്റംബറിൽ കാലാവധി പൂർത്തിയായി.

10-02-1988 ൽ ചാർജ്ജെടുത്ത ഒ.കെ. രാജൻ (പ്രസിഡന്റ്)
സതീഷ് വർഗ്ഗീസ് (വൈസ് പ്രസിഡന്റ്)
കെ. ഗോപിനാഥൻ പിള്ള (മെമ്പർ)
സി. ലക്ഷ്മികുട്ടിയമ്മ (മെമ്പർ)
ആർ. വിശ്വനാഥൻ (മെമ്പർ)
ഇ. കെ. ചെല്ലപ്പൻ (മെമ്പർ)
പി. ശ്രീവല്ലഭൻ (മെമ്പർ)
എൻ. സുധാമണി (മെമ്പർ)

എൻ. രാമചന്ദ്രൻ (മെമ്പർ) എന്നിവർ അടങ്ങിയ കമ്മിറ്റി 01-10-1995 വരെ ഭരണം നടത്തി.

പുതിയ പഞ്ചായത്തിരാജ് നിയമ പ്രകാരം തെരഞ്ഞെടുക്കപ്പെട്ട കമ്മിറ്റിയണ്. 02-10-1995 ൽ ചുമതലയേറ്റ് നിലവിൽ ഭരണം നിർവ്വഹിച്ച് വരുന്നത്.

ഒ.കെ. രാജൻ (പ്രസിഡന്റ്)
സതീഷ് വർഗ്ഗീസ് (വൈസ് പ്രസിഡന്റ്)
ആർ. രതീഷ് (സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)
കെ. സുകുമാരിയമ്മ (മെമ്പർ)
സതീഷ് കുമാർ (മെമ്പർ)
മറിയാമ്മ അലക്സാണ്ടർ (മെമ്പർ)
ജി. രാജൻ (മെമ്പർ)
വാസന്തീ രാമചന്ദ്രൻ (മെമ്പർ)
വി. കെ. കുട്ടപ്പൻ (മെമ്പർ)



കൃഷിയും ജലസേചനവും

കാർത്തികപ്പള്ളി, കരുനാഗപ്പള്ളി, മാവേലിക്കര താലൂക്കുകൾ ചേർന്ന ഓണാട്ടുകരയുടെ ഭാഗമാണ് കാർത്തികപ്പള്ളി. കരപിൻവാങ്ങിയോ അതിശക്തമായ തിരമാലകൾ അടിച്ചുണ്ടായതോ ആയ ചാരനിറം കലർന്ന വെള്ളമണലുള്ള തീര സമതല ഭൂമിയാണ് ഓണാട്ടുകര. ആദ്യകാല നെല്ല് വിളവെടുപ്പ് ഈ ഭാഗത്തായിരുന്നതിനാൽ ഓണ മൂട്ടുകരയെന്നും ലോപിച്ച് ഓണാട്ടുകര എന്നും വിളിക്കപ്പെട്ട് പോന്നു. കടലിൽ നിന്നുള്ള ജൈവാംശം മണ്ണിലുണ്ട്. നെൽ വയലുകളും തെങ്ങിൻ പുരയിടങ്ങളും ഇടവിട്ട് കാണുന്ന കാർത്തികപ്പള്ളി ഗ്രാമത്തിന്റെ 6 മുതൽ 9 വരെ വാർഡുകൾ തോടും ചിറകളും നിറഞ്ഞതാണ്. വിസ്തൃതമായ വട്ടകായലുകളും മുണ്ടകചാലുകളും ഗ്രാമീണ ഭംഗിക്ക് മാറ്റ് കൂട്ടുന്നു.

വെട്ടുവേനി, പുതുകുണ്ടം, മഹാദേവികാട് എന്നീ പ്രസിദ്ധമായ മൂന്ന് കരകൾ പഞ്ചായത്തിലുണ്ട്. സമൃദ്ധമായി കുരുമുളക് ഉൽപ്പാദിപ്പിക്കപ്പെട്ടിരുന്നതിനാൽ 16-ാം നൂറ്റാണ്ടിൽ തന്നെ പോർച്ചുഗീസുകാരും പിന്നീട് ഡച്ചുകാരും ഇവിടെ വന്നു. മാർത്താ ബെറ്റിവേനി, കരിമ്പാലി, കർത്ത്യാപേരി എന്നിങ്ങനെ ഡച്ച് രേഖകളിൽ പ്രദേശത്തെ പരാമർശിക്കുന്നുണ്ട്. ഭൂഉടമസ്ഥർ കൂടുതലും ഒരു ഹെക്ടറിൽ താഴെ സ്ഥലമുള്ളവരാണ്. പ്രധാനപ്പെട്ട വിളകൾ തെങ്ങും, നെല്ലുമാണ്. അരനൂറ്റാണ്ട് മുമ്പ് വരെ തഴപ്പായ നെയ്ത്തും കയർ നിർമ്മാണവുമായിരുന്നു ഗ്രാമീണരുടെ മുഖ്യതൊഴിൽ നീർച്ചാലുകളും, ജലനിർഗമനതോടുകളും റോഡും പുരയിടങ്ങളുമായി മാറി. മഴകാലത്ത് വെള്ളം കെട്ടി കിടന്ന് പാടങ്ങളെല്ലാം കൃഷിക്ക് ഉപയുക്തം അല്ലാതായി.

പുത്തോട്ടിലെ ചീപ്പ്

വൃശ്ചിക വേലിയേറ്റം മൂലം കായംകുളം പൊഴിയിലൂടെ കയറുന്ന കടൽ വെള്ളം (ഉപ്പ്) കാർത്തികപ്പള്ളി, കുമാരപുരം, കരുവാറ്റ, ഹരിപ്പാട്, പള്ളിപ്പാട്, വീയപുരം പഞ്ചായത്ത് പ്രദേശത്ത് കൃഷിയിടങ്ങളിലും പുറക്കാട് കരിനിലങ്ങളിലും വമ്പിച്ച കൃഷിനാശം വരുത്തുന്നുണ്ട്. ഈ ഓരു

ജലപ്രവാഹം കായംകുളം കായലിന്റെ വടക്ക് കിഴക്കേ അതിർത്തിയിൽ നിന്നും പൂത്തോട്, കാർത്തികപ്പള്ളി, ഡാണാപ്പടി, മങ്കുഴി (കരുവാറ്റാ) വഴി പമ്പാനദിയിലേക്കും പുളികീഴ് വാളാന്തോട് മാർഗ്ഗവും, പൂത്തോട്, തോട്ടുകടവ്, ത്രാച്ചേരിയിലൂടെയും ചെമ്പ്തോട്ടിൽ കടന്ന് എരിയ്ക്കാവ്, കൂട്ടം കൈത, കന്നുകാലിപാലം വഴി ലീഡിംഗ് ചാനലിൽ (കരുവാറ്റാ) എത്തിയുമാണ് കൃഷിനാശം വരുത്തുന്നത്. ചെമ്പ്തോട്ടിലൂടെയും കാർത്തികപ്പള്ളി - ഡാണാപ്പടി തോട് വഴിയും കയറുന്ന ഓരു വെള്ളം തടയാൻ വേലിയേറ്റ സമയത്ത് അടച്ചും, വേലിയിറക്കത്തിന് തുറന്നും പ്രവർത്തിച്ചു വന്ന പൂത്തോട്ടിലെ ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് തടിചീപ്പ് നിർത്തലാക്കി. ജനദ്രോഹകരമായ ഈ നടപടി മൂലം വെട്ടുവേനി പുതുകുണ്ടം ഇരുപ്പുകൃഷിയും മഹാദേവീകാട് പാടങ്ങളിലെ മുണ്ടകൻ കൃഷിയും കരകൃഷിയും നിർത്തിവയ്ക്കേണ്ടി വന്നു. 365 ദിവസവും ഉപ്പ് വെള്ളം കയറി കിടക്കുന്നതിനാൽ നാളീകേരത്തിന്റെ തൂക്കം കുറഞ്ഞ് ആർക്കും വേണ്ടാതായി. പുളികീഴ്, തോട്ട്കടവ്, കാർത്തികപ്പള്ളി ഭാഗത്ത് പകരം നിർമ്മിക്കുന്ന ബണ്ടുകൾ 6 മാസക്കാലം നീരൊഴുക്ക് തടസ്സപ്പെട്ട് മണ്ണിന്റെ ഓരും പുളിയും നഷ്ടപ്പെടാതെ നച്ചീറം നിന്ന് നാശം വിതയ്ക്കുന്നു.

ആകയാൽ പൂത്തോട് ചീപ്പ് പുന: സ്ഥാപിക്കാൻ അടിയന്തിര നടപടി ഉണ്ടാകണം. അതോടൊപ്പം പുളികീഴ് ആറ്റിൽ ഒരു പുതിയ ചീപ്പ് നിർമ്മിക്കുകയും വേണം. തന്മൂലം ആണ്ടോട് ആണ്ട് താൽക്കാലിക ബണ്ടിന് വേണ്ടി ചിലവഴിക്കുന്ന ലക്ഷങ്ങൾ ലാഭിക്കുകയും ചെയ്യാം.

നെൽകൃഷി

ഇന്നലെ

മഴയെ ആശ്രയിച്ചും നാടൻ വിത്തിനങ്ങളും ജൈവവളങ്ങളും ഉപയോഗിച്ചുള്ള കൃഷിരീതിയാണ് പണ്ടുണ്ടായിരുന്നത്. പാടങ്ങൾ നികത്താൻ തുടങ്ങിയതോടെ നീർഒഴുക്ക് തടസ്സപ്പെട്ട് നീർകെട്ടുകൾ രൂപപ്പെടുകയും മിക്ക പാടങ്ങളും കൃഷി ചെയ്യാനാവാതെ തരിശിടുകയും ചെയ്യുന്നു. പഴയ കൃഷി സമ്പ്രദായം ഒന്ന് പരിശോധിക്കാം.

ഒന്നാം കൃഷി : ഒരുപറ നിലം (14 സെന്റ്).

പഴയവിത്ത് - കൊച്ചുവിത്ത്

കാലയളവ് - 100 ദിവസം (മേടം മുതൽ കർക്കിടകം വരെ)

രണ്ടാം കൃഷി (നടിച്ചിൽ) : മൈല, ചമ്പാവ്, മുണ്ടകൻ (കർക്കിടകം മുതൽ ധനു, മകരം .....)

വളം : ചാണകം, ചാരം. അപൂർവ്വമായി കപ്പലണ്ടി പിണ്ണാക്കും ഉപയോഗിക്കും. 12 നും 15 നും ഇടയ്ക്ക് വിളവ് ലഭിക്കും.

മൂന്നാം കൃഷി : എള്ള്, ധനുമാസത്തിൽ വിതച്ച് മീനത്തിൽ വിളവെടുക്കും. ഒരു പറ നിലത്തിൽ 1.5 നാഴി എള്ള് വിതച്ചാൽ 2.5 പറ എള്ള് ലഭിക്കും. വളം : കരീലച്ചാരം, മണ്ണുപൊടി, കൊല്ലവർഷം 1116 ലെ കൂലി പുരുഷൻ 5 ചക്രം, സ്ത്രീ 2.5 ചക്രം. കാള, പോത്ത്, ഇവ നിലം ഉഴുതിരുന്നു. 5 ചാൽ ഉഴുത് നിലം നല്ലതു പോലെ ഇളക്കി നടുകയാണ്. വിളവ് തൃപ്തികരമായിരുന്നു.

ഇന്ന് ട്രാക്ടർ, ട്രില്ലർ കൊണ്ട് നിലം ഉഴുന്നു. വിളവ് തൃപ്തികരമല്ല. അന്ന് നിലങ്ങളിൽ വെള്ളം എത്തിക്കാൻ നീർച്ചാലുകൾ ഉണ്ടായിരുന്നു. കുളങ്ങളും.

ഇടവിള

കർക്കിടക ചേമ്പ്, പുരയിടങ്ങളിൽ - ചീനി, ചേന, ചേമ്പ്

പാടങ്ങളിൽ - മുതിര കൃഷി

നിലം ഉഴുന്നത് - കാളയും, കലപ്പയും, കന്നും ഉപയോഗിച്ച്

ഇന്ന് - വിത്ത് - ജയ ജ്യോതി

ഒന്നാം കൃഷി (മീനമാസത്തിൽ), രണ്ടാം കൃഷി - വെള്ളമുണ്ടകൻ, പാലക്കാടൻ മട്ട

വളം : ഫാക്ടംഫോസ്, യൂറിയ, പൊട്ടാഷ് 17-17; ചാണകം.

രാസവള പ്രയോഗം മൂലം മണ്ണിന്റെ ഫല ഭൂയിഷ്ടതയും, വീര്യവും നഷ്ടപ്പെടുന്നു. വിളവ് 10-25 വരെ. കൂലി : പുരുഷൻ 50 രൂപ സ്ത്രീ : 25 രൂപ. നിലം ട്രാക്ടറും, ട്രില്ലർ ഉപയോഗിച്ച് ഉഴുന്നു.

ട്രില്ലർ മണിക്കൂറിന് 75 രൂപ. ട്രാക്ടർ മണിക്കൂറിന് 100 രൂപ.

കാർത്തികപ്പള്ളി ഗ്രാമത്തിനൊരു ലഘു കാർഷിക പദ്ധതി

(ചാക്കുകളിൽ തഴയ്ക്കുന്ന അടുക്കളത്തോട്ടം)

ഭൂപ്രകൃതിയും, കാർഷിക വിഭവ ചരിത്രവും പരിശോധിച്ചാൽ പച്ചക്കറി കൃഷി വിജയകരമായി പുനരുജ്ജീവിപ്പിക്കാം. സ്ഥലമൊരുക്കൽ വിത്തിടൽ, വിളപരിപാലനം, വിളവെടുപ്പ്, എന്നിവ നാല് മാസത്തിൽ പൂർത്തിയാക്കാവുന്ന, ഹ്യസ്വകാല പദ്ധതിയായി പച്ചക്കറി കൃഷിയും, ഒരു വർഷം കൊണ്ട് ആദ്യ വിളവെടുപ്പിന് കഴിയുന്ന കുറ്റികുരുമുളക് കൃഷിയും നടപ്പാക്കാം. വെള്ളരി വർഗ്ഗത്തിൽ (കുക്കർ ബിറ്റേസി) പെട്ടതാണ് പച്ചക്കറികൾ അധികവും. 6 മാസക്കാലം മഴ ലഭിക്കുന്ന ഈ ഉഷ്ണമേഖല സമതല പ്രദേശത്ത് വെള്ളരി കുമ്പളം പടവലം പാവൽ, കോവൽ, വഴുതന തക്കാളി, നീളപയർ അഥവാ കനകമണി, വെണ്ട. ചീര, ചതുരപയർ എന്നിവയും കൃഷി ചെയ്യാം. ഭൂമിയുടെ സിംഹഭാഗവും കാർഷിക - കാർഷികാനുബന്ധ പ്രദേശമായിരുന്ന കഴിഞ്ഞകാല അവസ്ഥയല്ല ഇന്നുള്ളത്. നല്ലൊരു ഭാഗം വയലേലകൾ നീരൊഴുക്കില്ലാതെ കിടക്കുന്നു. കാർഷികവൃത്തി ആദായകരമല്ല. തൊഴിലാളികളുടെ അലഭ്യതയും താൽപ്പര്യ കുറവും കർഷകന് പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു. പരിമിതമായ കൃഷി സ്ഥലം ഉപയോഗിച്ച് പരസഹായം ഇല്ലാതെ അടുക്കള തോട്ടം നിർമ്മിക്കുവാൻ താൽപര്യമുള്ളവർ ധാരാളമുണ്ട്. സൂര്യപ്രകാശം ലഭിക്കുന്ന വീട്ട് മുറ്റങ്ങളും, മട്ടുപ്പാവുകളും ഉപയോഗപ്പെടുത്തി അത്തരകാർക്കായി ഒരു ലഘുകാർഷിക പദ്ധതി ഇവിടെ വിവരിക്കട്ടെ.

താൽപുര്യമുള്ള കൃഷിക്കാർ ആദ്യം കരുതേണ്ടത് 1.25 അടി പൊക്കമുള്ള ഒരടി വ്യാസം വരുന്ന പ്ലാസ്റ്റിക്ക് ചാക്കുകളാണ്. ഇവയിൽ ഒരടി (30 Cm.) പൊക്കത്തിൽ ചാണകപ്പൊടി, മണ്ണ്, വേപ്പിൻ പിണ്ണാക്ക്, എല്ലുപൊടി എന്നിവയുടെ മിശ്രിതം നിറച്ച് വീട്ട് വളപ്പിലോ മട്ടുപ്പാവിലോ സ്ഥാപിക്കണം. ജലസേചന സൗകര്യം ഉണ്ടായിരിക്കണം. പന്തലിലും നിലത്തും പടരുന്ന ചെടികൾ തമ്മിൽ ആറടി അകലവും കുറ്റിചെടികൾ തമ്മിൽ രണ്ടടി അകലവും വേണം. മലക്കറികളും, കുരുമുളകും കുറ്റിമുല്ലയുമെല്ലാം കൃഷിചെയ്ത് ആദായവും, ആഹ്ളാദവും നേടാം.

പട്ടിക 1

ഭൂമി സംബന്ധിച്ച വിവരങ്ങൾ

ഇനം	വിസ്തീർണ്ണം (ഹെക്ടറിൽ)
നിലം	70
പുരയിടം	659.72
പുറംപോക്ക്	124
കൃഷിയോഗ്യ തരിശ്	25
കൃഷിയോഗ്യമല്ലാത്ത തരിശ്	ഇല്ല.
ആകെ	878.72

അഞ്ചംഗങ്ങൾ അടങ്ങുന്ന ഒരു സാധാരണ കുടുംബത്തിന്റെ ആവശ്യത്തിന് 20 ചാക്ക് കൃഷി മതിയാകും. കുറ്റി കുരുമുളകും ആദ്യ പരീക്ഷണത്തിൽ 20 ചാക്കിൽ തുടങ്ങുക. തണ്ടിനധികം വണ്ണം വയ്ക്കാത്ത ചെടി ചാക്കിൽ മൂക്കണ്ണിന് നടാവുന്നതാണ. ഒരു ചാക്കിൽ മൂന്നെണ്ണം വരെ. തണ്ട് കനം വയ്ക്കുന്ന വെണ്ട വഴുതന എന്നിവ ഒരെണ്ണം നിർത്തിയാൽ മതി. ഉപ്പ് രസമുള്ള മണ്ണ് ഉപയോഗിക്കരുത്. പ്രതീക്ഷിക്കുന്ന ചെലവും ആദായവും

വീടൊന്നിന് ചാക്കുകൾ : 20

1. ചാക്കിന്റെ വില - 1.25 x 20 രൂപ 25.00 രൂപ

2. അടിവളം (ചാണകപ്പൊടി) 100 കി. ഗ്രാം - 400 രൂപ

ഉപവളം (വേപ്പിൻ പിണാക്ക്) - 4 കി. ഗ്രാം 30 രൂപ

(ചാക്കൊന്നിന് 5 കി. ഗ്രാം ചാണകപ്പൊടി. 220 ഗ്രാം വേപ്പ് പിണ്ണാക്ക്)

3. മണ്ണ് വളം മിശ്രിതം - നിറകൂലി 100 രൂപ

4. പച്ചക്കറി വിത്ത് വില - 20 രൂപ

5. മേൽ വളം, കീടനാശിനി, പന്തൽ തുടങ്ങിയ പല വക ചെലവ് 125 രൂപ.

ആകെ 700 രൂപ

വാർഡൊന്നിന് 50 വീടുകൾ : 700 x 50 = 35000 രൂപ

9 വാർഡുകൾ : 35000 x 9 = 315000 രൂപ

പ്രതീക്ഷിക്കുന്ന വിളവ് (ചാക്കൊന്നിന്) : 6 കി. ഗ്രാം.

വില ശരാശരി കിലോഗ്രാമിന് 8 രൂപ

ഒരു വീട്ടിലെ ആദായം 60 x 20 x 8 : 960 x 50 = 48,000 രൂപ

പഞ്ചായത്തിലെ ആദായം : 48000 x 9 = 432000 രൂപ

പട്ടിക 2

വിള വിസ്തീർണ്ണവും ഉൽപ്പാദനവും

വിള	വിസ്തീർണ്ണം (ഹെക്ടറിൽ)	മൊത്തം ഉൽപ്പാദനം	ഉൽപ്പാദന ക്ഷമത (ഹെക്ടറിൽ)
നെല്ല് (ഒന്നാം വിള)	70	1750 ക്വിന്റൽ	2200 Kg
നെല്ല് (രണ്ടാം വിള)	50	1000 ക്വിന്റൽ	1500 Kg
നെല്ല് (മൂന്നാം വിള)			
പയർ	20		
എള്ള്	50	130 ക്വിന്റൽ	260 Kg
പച്ചക്കറികൾ	10		
തെങ്ങ്	502	301200 Nuts	ഒരു തെങ്ങിൽ നിന്നും വർഷം 30 Nuts
വാഴ	25	8437.5	337.5
മരച്ചീനി	40	360 Ton	9 Ton
കുരുമുളക്	3	27 ക്വിന്റൽ	9 ക്വിന്റൽ
പ്ലാവ്	2		
കശുമാവ്	5	250 ക്വിന്റൽ	5 ക്വിന്റൽ
മാവ്	2		
റബ്ബർ	-	-	-
കവുങ്ങ്	10	7.5 ലക്ഷം Nos.	75000 Nos.

വെള്ളരി കണ്ടങ്ങൾ

അരനൂറ്റാണ്ട് മുമ്പ് വരെ മലക്കറി കൃഷി സമൃദ്ധമായിരുന്നു. ശ്രദ്ധയായി വിത്ത് പാകി വെള്ളരി കണ്ടങ്ങളിൽ പച്ചക്കറി കൃഷി വ്യാപകമായി ഉണ്ടായിരുന്നു. പുരയിടത്തിനോട് ചേർന്ന് അൽപ്പം താഴ്ന്ന പ്രദേശങ്ങളിൽ ഞാറുൽപ്പാദിപ്പിക്കുന്ന തറകളിൽ (പാക്ക് തറകളിൽ) അഥവാ മാരി കണ്ടങ്ങളിൽ വൃശ്ചികമാസത്തിലെ കാർത്തിക കഴിഞ്ഞാണ് മലക്കറി കൃഷി ആരംഭിക്കുന്നത്. തുലാവർഷം പെയ്തൊഴിഞ്ഞ്, വൃശ്ചികം ധനുമാസങ്ങളിൽ (നവംബർ, ഡിസംബർ) മഞ്ഞ് ആരംഭിക്കുമ്പോഴാണ് കൃഷി തുടങ്ങുന്നത്. വയലേലകളിലെ ഉയർന്ന കണ്ടങ്ങളെ വെള്ളരി കണ്ടങ്ങൾ എന്ന് വിളിച്ചിരുന്നു. ഈ കണ്ടങ്ങളോട് ചേർന്ന് സർപ്പക്കാവും കുളവും ഉണ്ടായിരുന്നു. കുളം ജല സേചനത്തിനും, പായൽ ശേഖരണത്തിനും, കാവ്

എതിർ കീടമായ നീറിനും (വിശർ) ഉപകരിച്ചിരുന്നു. വട്ടത്തിൽ ഒരടി ഒന്നര അടി താഴ്ചയിൽ തടം എടുത്ത് തടത്തിനുള്ളിൽ കരിയിലയും വൈക്കോലുമിട്ട് തീ വയ്ക്കും.

പിന്നീട് കുരിച്ചിൽ കട്ടകൾ വയലേലയിൽ നിന്നെടുക്കുന്ന മണ്ണിര ഉയർത്തുന്ന ചെളിക്കട്ടകൾ പൊട്ടിച്ചിട്ട് ഒരു കുടം വെള്ളം ഒഴിച്ച് അരയടി മണ്ണിട്ട് ഉയർത്തുന്നു.

ചാണകപ്പൊടി നിലകടല പിണ്ണാക്ക് എന്നിവയും മണ്ണിന് മുമ്പ് തടത്തിലിട്ട് നിറയ്ക്കും. രണ്ടാഴ്ചക്കുള്ളിൽ വെള്ളരി കുമ്പളം, പാവൽ, പടവലം തുടങ്ങിയ മലക്കറികളുടെ വിത്തിടുന്നു. ഒരു തടത്തിൽ നാലോ അഞ്ചോ കുരുവിടും. 1 ഉം 1.5 യും അടിയാണ് തടത്തിന്റെ വ്യാസം. വെള്ളരി വള്ളി പടരുമ്പോൾ വൈക്കോൽ തണുങ്ങ് (കവുങ്ങിന്റെ ഓലകൾ) വഷണ (ഇടണ, കാർത്തികമരം) ചില്ലകൾ തുടങ്ങിയവ ആട്ടക്കാൽ പിടിക്കാൻ ഇട്ട് കൊടുക്കും. പാവൽ, പടവൽ, കോവൽ പന്തലുകളിൽ നീർ പ്രവേശിക്കുന്നതിനായി കാവിൽ നിന്നും കയർ അല്ലെങ്കിൽ ഏതെങ്കിലും വള്ളി കെട്ടികൊടുക്കും. വെട്ടി കിളച്ച് നിരപ്പ് വരുത്തി ചാണക ഗോമൂത്ര വെള്ളം തളിച്ച വാരങ്ങളിലാണ് ചീരവിത്ത് പാകുന്നത്. വെള്ളരിയും, കുമ്പളവും തെങ്ങോലയും വാഴനാരും ഉപയോഗിച്ച് കെട്ടിതൂക്കിയിടുന്നത് വളരെ നാൾ കേട് കൂടാതെ ഇരിക്കാൻ സഹായിക്കും. ചാണകുത്തിൽ പൂഴ്ത്തി ചുമരിൽ (അടക്കളയുടെ പുകയേൽക്കുന്ന ഭാഗം) പതിച്ചാണ് മലക്കറി വിത്തുകൾ സൂക്ഷിച്ചിരുന്നത്. രാസവളം, രാസിക കീടനാശിനി എന്നിവയുടെ ഉപയോഗത്തോടെ കുരിച്ചിൽ കട്ടകൾ (മണ്ണിര കമ്പോസ്റ്റ്) അപ്രത്യക്ഷമായി.

പട്ടിക 3

രാസവള കീടനാശിനി വിപണനം

സ്ഥാപനത്തിന്റെ പേര്	1993-94			1994-95			1995-96		
	രാസവളം കി. ഗ്രാം.	കീടനാശിനി		രാസവളം കി. ഗ്രാം.	കീടനാശിനി		രാസവളം കി. ഗ്രാം.	കീടനാശിനി	
		ദ്രവം	ഖരം		ദ്രവം	ഖരം		ദ്രവം	ഖരം
സഹകരണം S.C.B. 1857 മഹാദേവികാട്				108250			8175		
S.C.S. 2301 കാർത്തികപ്പള്ളി							8300		
സ്വകാര്യം ലഭ്യമല്ല									

തെങ്ങ് കൃഷി

9 വാർഡുകളിലും തെങ്ങ് കൃഷി ചെയ്യുന്നുണ്ട്. തെങ്ങിനെ ബാധിക്കുന്ന നിരവധി രോഗങ്ങൾ നിമിത്തം ഉൽപ്പാദന ക്ഷമത കുറഞ്ഞും തെങ്ങുകൾ നശിച്ചും ഈ രംഗത്ത് കടുത്ത പ്രതിസന്ധി അനുഭവപ്പെട്ട് വരികയാണ്.

പ്രശ്നങ്ങൾ

1. തെങ്ങുകൾ തമ്മിൽ 7 മീറ്റർ ആകലം പാലിക്കണമെന്ന പരമ്പരാഗത കൃഷിരീതി അവലംബിക്കാതെ പരമാവധി തൈവച്ച് കൂടുതൽ നാളീകേരം ഉൽപ്പാദിപ്പിക്കാമെന്ന മിഥ്യാബോധവും ആദായദുരയും നിമിത്തം തെങ്ങുകൾ കാടുപോലെ വളരുകയും വെളിച്ചത്തിനായി പെട്ടെന്ന് മുകളിലേക്ക് പോവുകയും ചെയ്യുന്നതിനാൽ പേട്ട് കുലകൾ പിടിച്ചും മണ്ട ചീഞ്ഞും നശിച്ച് പോകുന്നു.
2. കാർത്തികപ്പള്ളി, പുലികീഴ്, പൂത്തോട് തോട്ട് കടവ്, പ്ളാങ്കീത്തറ, ത്രാച്ചേരി അറ്റത്ത് എന്നീ ഓരു ബണ്ടുകൾ ആറു മാസക്കാലം നീരൊഴുക്ക് തടഞ്ഞ് നിർത്തുന്നതിനാൽ നീർകെട്ടും പാരിസ്ഥിതിക പ്രശ്നങ്ങളും വ്യാപകമായി.

3. വെട്ടുവേനി പൂതുകുണ്ടം പാടശേഖരങ്ങളിലെ ജലനിർഗമന കനാലുകൾ ഇടുങ്ങിയും അടഞ്ഞും. കൃഷി നാശം സംഭവിക്കുന്നു.

പട്ടിക 5

തെങ്ങ് കൃഷി വിവരങ്ങൾ

വാർഡ്	വിസ്തീർണ്ണം (ഹെക്ടർ)	തെങ്ങ് എണ്ണം രോഗം			ബാധിച്ച തെങ്ങ്					
		കായ്കാത്തത്,	കായ്ക്കുന്നത്	ആകെ	റൂട്ട് വിൽട്ട്	ലീഫ് റോട്ട്,	ബഡ് റൂട്ട്,	സ്റ്റം ബ്ളീഡിംഗ്	മറ്റുള്ളവ	ആകെ
1	60	4000	11000	15000	3000	2000	500	100	50	5650
2	80	7000	13000	20000	4500	1000	750	150	25	6425
3	60	3000	12000	15000	2000	1000	650	200	75	3925
4	60	3500	11500	15000	3000	2000	750	125	25	5900
5	60	5000	10000	15000	4000	1500	650	200	50	6400
6	40	3000	7000	10000	2500	1000	700	350	50	4600
7	50	3000	9500	12500	2500	1000	600	200	50	4350
8	42	6000	4500	10500	4000	1000	1000	400	75	6475
9	50	6000	6500	12500	4000	1000	1000	200	25	6225
ആകെ	502	40500	85000	125500	29500	11500	6600	1925	425	49950

പട്ടിക 6

കാർഷികോപകരണങ്ങൾ

വാർഡ്	ഉഴവ് ഉപകരണങ്ങൾ		മരുന്നുതളി ഉപകരണങ്ങൾ				മെതിയന്ത്രം	തെങ്ങ് കയറ്റ യന്ത്രം	പോർട്ടബിൾ പമ്പ് സെറ്റ്
	ട്രാക്ടർ	ട്രില്ലർ	നാടൻ കലപ്പ	റോക്ക് സ്പ്രെയർ	നാപ്സ്റ്റാക്ക് സ്പ്രെയർ	മറ്റുള്ളവ			
1	2	3	4	5	6	7	8	9	10
1			10	1	2				1
2.		1	15	1	4				2
3.		2	15	1	4				2
4.			15	1	3				
5.			10	1	4				
6.				1					
7.				1					1
8.				1					
9				1					

3. ഓരുബണ്ടു തടസ്സവും കൈതോടുകൾ നികത്തുന്നതും ജലഗതാഗതം ഇല്ലാതെ ആക്കുന്നതിനാൽ കായൽ മണ്ണ് കടൽ മണ്ണ് എക്കൽ എന്നിവ പുരയിടങ്ങളിൽ എത്തിച്ച് യഥാസമയം ദേഹണ്ഡം നടക്കാതെ വരുന്നു.

4. തെങ്ങിന്റെ മഞ്ഞരോഗം ബഡ് റൂട്ട് വേർച്ചീയൽ മണ്ടചീയൽ, കാറ്റുവീഴ്ച, നീരൊലിപ്പ്, ഓലപുഴു, കൊമ്പൻ ചെല്ലി, ചെമ്പൻ ചെല്ലി ആക്രമണം. ഇവയ്ക്ക് ഫലപ്രദമായ വിദഗ്ധോപദേശമോ കീടനാശിനിയോ കിട്ടുന്നില്ലെന്ന് മാത്രമല്ല പരിശീലനം ലഭിച്ച തൊഴിലാളികൾ ഇല്ലാത്തതും ഏറ്റവും വലിയ പ്രതിസന്ധിയാണ്.

5. കീടനാശിനി, രാസവളം വിലവർദ്ധനവും അത്യുൽപ്പാദന ശേഷിയുള്ളതും രോഗപ്രതിരോധ ശക്തിയുള്ളതുമായ തെങ്ങിൻ തൈകൾ കിട്ടാനില്ലാത്തതും പ്രശ്നമാണ്.

6. എല്ലാ കാർഷിക വിളകളെയും ബാധിക്കുന്ന എലി ശല്യം വളരെ കൂടുതലാണ്. കരിക്ക് കശുമാങ്ങ പേരയ്ക്ക അടയ്ക്ക ധാന്യമണികൾ ഇവ വ്യാപകമായി എലി ശല്യത്തിനിരയാകുന്നു. വീടുകൾ മാളങ്ങൾ തെങ്ങ് എന്നിവയിൽ കാണാം.

7. തെങ്ങിന് ചാണകം, ചാരം, പായൽ, ചെളി, കടൽമണ്ണ്, ചരൽ, എക്കൽ, ജൈവവളങ്ങൾ എന്നിവ പാരമ്പര്യമായി ഫലപ്രദമായ വളമാണ്. സങ്കരവിത്തിനങ്ങളും ആധുനിക കൃഷി സമ്പ്രദായവും രാസവള പ്രയോഗം അനിവാര്യമാണ്. പഴയതും പുതിയതുമായ വളങ്ങളുടെ വിലവർദ്ധനവും പഞ്ചായത്തിലെ എല്ലാ വാർഡുകളിലും ഇവ ലഭ്യമല്ലാത്തതും തെങ്ങ് കൃഷിയെ സാരമായി ബാധിച്ചിട്ടുണ്ട്.

8. തെങ്ങുകൾ തടം എടുക്കുന്നതിനും കിള വള പ്രയോഗങ്ങൾ യഥാവസരം ചെയ്യുന്നതിനും, തേങ്ങ യഥാവസരം ഇട്ടെടുക്കുന്നതിനും തൊഴിലാളികളെ കിട്ടാനില്ല.

9. ആണ്ടിൽ 6 - 8 വരെ തവണ നാളീകേരം ഇട്ടെടുക്കുന്നുണ്ട്. സഹകരണ സ്ഥാപനങ്ങളും, സ്വകാര്യ കച്ചവടക്കാരുമാണ് ഇവ വിലയ്ക്കെടുക്കുന്നത്. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാൻ കർഷകർ കച്ചവടക്കാരെ തേടി നടക്കുകയും കടം കൊടുക്കുകയും ചെയ്യേണ്ട ഗതികേടിലാണ്.

10. സഹകരണ സ്ഥാപനങ്ങളിലും, ബാങ്കുകളിലും വ്യക്തികളിലും നിന്ന് പലിശയ്ക്കെടുത്ത് കൃഷി ചെയ്ത് മിക്ക കേര കർഷകരും കടകെണിയിലാണ്. ജപ്തി നടപടികൾ മൂലം കൃഷിഭൂമിയും കിടക്കാടവും അന്യാധീനപ്പെടുമോ എന്ന ആശങ്കയിലുമാണ്.

പട്ടിക 7

നടീൽ വസ്തു വിതരണം

ഇനം	എണ്ണം		
	1993-94	1994-95	1995-96
തെങ്ങ്	595	230	1200
കശുമാവ്	160	160	160
കരുരുമുളക്	-	2500	
കവുങ്ങ്	150	150	3969

പട്ടിക 8
ദുരിതാശ്വാസ വിതരണം

വർഷം	വെള്ളപൊക്കം	വരൾച്ച	കൊടുങ്കാറ്റ്	ഉരുൾ പൊട്ടൽ	ധനസഹായം ലഭിച്ചവരുടെ എണ്ണം	വിതരണം ചെയ്ത തുക
1993 - 94	☑				46	4380
1994-95	☑				81	17850
1995-96						

11. വ്യാപകമായ രോഗം മൂലം തെങ്ങുകളിൽ നിന്നുള്ള ഉൽപ്പാദനം ഗണ്യമായി കുറഞ്ഞു. നൂറ് കണക്കിന് തെങ്ങുകൾ നശിച്ചു കൊണ്ടിരിക്കുന്നു.

നിവാരണ നിർദ്ദേശം

1. ഓലകൾ തമ്മിൽ മുട്ടാത്ത അകലത്തിൽ തെങ്ങ് കൃഷി ചെയ്യാൻ ശ്രദ്ധിക്കുക. ഇതിനാവശ്യമായ പ്രചരണം കൃഷി ഭവൻ കാർഷിക വികസന സമിതി, കേര വികസന സമിതി, ത്രിതല പഞ്ചായത്തുകൾ ഏറ്റെടുക്കുക.

2. 6 മാസക്കാലം നീരൊഴുക്ക് തടസ്സപ്പെടുത്തുന്ന കാർത്തികപ്പള്ളി പൂത്തോട്, ത്രാച്ചേരി, തോട്ടുകടവ്, അറ്റത്ത് ബണ്ടുകൾക്ക് പകരം പൂത്തോട്ടിൽ നിർദ്ദേശിക്കപ്പെട്ട സ്ഥാനത്ത് ചീപ്പ് പുനഃസ്ഥാപിക്കണം. വെട്ടുവേനി പുതുകുണ്ടം പാടശേഖരങ്ങളിലെ ജലനിർഗ്ഗമന മാർഗ്ഗങ്ങളും പഴയപടിയാക്കണം. ചീപ്പ് വഴി ഈ വെള്ളവും ഒഴുകി പോകും.

3. നിലവിലുള്ള കായൽ, ആറ്, തോട്, നീർച്ചാലുകൾ പതിച്ചു കൊടുക്കുന്നത് നിർത്തുക. ഇവ നികത്തുന്നത് കർശനമായി തടയുക. ജലഗതാഗതം സുഗമമാക്കുക.

4. കൃഷി ഭവൻ ഉദ്യോഗസ്ഥർ മൂന്ന് മാസത്തിൽ ഒരിക്കലെങ്കിലും കൃഷിയിടങ്ങൾ സന്ദർശിച്ച് രോഗബാധ വിലയിരുത്തി പരിഹാരങ്ങൾ നിർദ്ദേശിക്കണം. കാർഷിക സെമിനാറുകൾ സംഘടിപ്പിച്ച് ക്ലാസെടുക്കണം. കിഴക്കും പടിഞ്ഞാറുമുള്ള സഹകരണ സംഘങ്ങൾ വളം, കീടനാശിനി വ്യാപാരം ഏക്കാലവും നടത്തണം. സൗജന്യമായും സബ്സിഡി നിരക്കിലും ചെറുകിട കൃഷിക്കാർക്ക് വളവും കീടനാശിനിയും നൽകണം. പ്രതിരോധ പ്രവർത്തനങ്ങൾക്ക് തൊഴിലാളികളെ തെരഞ്ഞെടുത്ത് പരിശീലനം കൊടുക്കുകയും അവർക്കുള്ള കൂലി കഴിയുമെങ്കിൽ സർക്കാർ വഹിക്കുകയും വേണം.

5. രോഗ പ്രതിരോധ വസ്തുക്കൾ, വളം എന്നിവ സബ്സിഡി നിരക്കിലും സൗജന്യമായും നൽകുക. അത്യുൽപ്പാദന ശേഷിയുള്ള രോഗ പ്രതിരോധ ശക്തിയുള്ള തെങ്ങിൻ തൈകൾ മാത്രം വിതരണം ചെയ്യുക.

6. എല്ലാ വീടുകളിലും ഒരേ ദിവസവും സമയത്തും ഫലപ്രദമായ വിഷം വച്ച് എലി നശീകരണ യജ്ഞം ആരംഭിക്കണം. പഞ്ചായത്താകെ ഒരാഴ്ച തുടർച്ചയായി ഇത് നടത്തണം. സമീപ പഞ്ചായത്തുകളും സഹകരിച്ചെങ്കിലെ പൂർണ്ണ വിജയം വരിക്കു. വിഷം കൃഷി ഭവനോ പഞ്ചായത്തോ സൗജന്യമായി നൽകണം സന്നദ്ധ പ്രവർത്തകർ അത് വീടുകളിൽ എത്തിച്ച് നിർദ്ദേശങ്ങൾ നൽകണം.

7. രാസവളങ്ങളും കീടനാശിനികളും സൗജന്യമായോ നിയന്ത്രിത വിലയ്ക്കോ ലഭ്യമാക്കണം.

8. തെങ്ങ് കയറ്റം മരുന്ന് തളി കൃഷി പണികൾ ഇവയ്ക്കായി പ്രത്യേകം തൊഴിലാളികളെ പരിശീലിപ്പിച്ചെടുക്കുകയോ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തി യോഗ്യതാ സർട്ടിഫിക്കറ്റ് കര

സ്ഥമാക്കുന്നവരെ കൃഷി ഭവൻ പഞ്ചായത്ത് കാർഷിക സഹകരണ സംഘങ്ങൾ എന്നിവിടങ്ങളിൽ സ്ഥിരം തൊഴിലാളികളായി നിയമിച്ച് ഈ രംഗത്തുള്ള വിദഗ്ധ തൊഴിലാളികളുടെ കുറവ് പരിഹരിക്കുക.

9. ഉൽപ്പാദിപ്പിക്കപ്പെടുന്ന നാളീകേരം വിറ്റഴിക്കുവാനുള്ള വിഷമം ചില്ലറയല്ല. ചെറുകിട കച്ചവടക്കാർക്ക് നാളീകേര കച്ചവടത്തിന് ആവശ്യമായ പണം ബാങ്കുകളോ, കേരഫെഡ്, കേര വികസന ബോർഡ് എന്നിവയോ മറ്റ് ധനകാര്യ സ്ഥാപനങ്ങളോ കുറഞ്ഞ പലിശയ്ക്ക് കൊടുക്കണം. സംഘങ്ങൾ മുഖാന്തരം മുഴുവൻ തേങ്ങയും സംഭരിച്ച് സംസ്കരിച്ചെടുക്കുവാൻ കഴിയത്തക്ക വണ്ണം സ്ഥാപനങ്ങളെ ശക്തമാക്കണം. പാരമ്പര്യ രീതിയിൽ കൊപ്രാ ഉൽപ്പാദിപ്പിക്കുന്നതിന് തൊഴിലാളികളെ കിട്ടാനില്ല. ഈ രംഗത്ത് യന്ത്രവൽക്കരണം അനിവാര്യമാണ്.

10. ചെറുകിട കാർഷിക വായ്പാ പലിശയോ കടം മുഴുവനായോ എഴുതിതള്ളണം. കാർഷിക വായ്പയ്ക്ക് റിസർവ് ബാങ്ക് നിശ്ചയിച്ച ഉയർന്ന പലിശ നിരക്ക് പിൻവലിക്കണം. ഋണ ബദ്ധരായ കൃഷിക്കാരെ കടകെണിയിൽ നിന്ന് മോചിപ്പിക്കാനുള്ള അടിയന്തിര നടപടി സ്വീകരിച്ചില്ലെങ്കിൽ കാർഷിക വൃത്തി കേരളത്തിന് അന്യമാകാൻ അധികം കാലം വേണ്ടിവരില്ല.

11. സമഗ്ര കേരവികസന പദ്ധതി പ്രകാരം രോഗം ബാധിച്ച മുഴുവൻ തെങ്ങുകളും പ്രതിഫലം നൽകി വെട്ടിമാറ്റുകയും വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും വേണം. ഇതിനുള്ള പ്രീമിയം കേന്ദ്ര സർക്കാർ അടയ്ക്കണം.

കൃഷി ഭവൻ

1987 നവംബർ 1 ന് പ്രവർത്തനം ആരംഭിച്ച കൃഷി ഭവനുകൾ ആരംഭ ഘട്ടത്തിൽ സജീവമായിരുന്നു. കൃഷിയിടങ്ങളിലും മറ്റും സന്ദർശനം നടത്തി കൃഷിക്കാരെ കാർഷിക വൃത്തിയിലേക്ക് പുനരാകർഷിക്കുന്നതിൽ ഉദ്യോഗസ്ഥർ അത്യുത്സാഹം കാട്ടിയിരുന്നു. നടീൽ വസ്തുക്കളുടെയും കാർഷികോപകരണങ്ങളുടെയും രാസവളത്തിന്റെയും വരൾച്ച - വെള്ളപ്പൊക്ക ദുരിതാശ്വാസ സംഖ്യ വിതരണത്തിൽ അർഹതയുള്ളവർക്ക് പരിഗണന കിട്ടിയിരുന്നു. കൃഷി ഭവനുകളുടെ പ്രവർത്തനം ആഫീസിനുള്ളിൽ ചട്ടപടി എന്ന നിലയിൽ കാലക്രമേണ പരിമിതപ്പെട്ടു. കാർഷിക വികസന സമിതികൾ മരവിപ്പിച്ചു.

കാർഷികോപകരണങ്ങൾ വിത്ത്, വളം,- കീടനാശിനി എല്ലാ കർഷകർക്കും സബ്സിഡി നിരക്കിൽ നൽകണം. ആണ്ടിൽ ഒരിക്കലെങ്കിലും മണ്ണ് പരിശോധന നടത്തണം. അനിയോജ്യമായ നടീൽ വസ്തുക്കൾ ഇവിടെതന്നെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യണം. പ്രകൃതി ക്ഷോഭം മൂലം വിള നഷ്ടമുണ്ടാകുന്ന എല്ലാ കർഷകർക്കും സഹായം കിട്ടണം. കൃഷി ഉദ്യോഗസ്ഥന്മാർ ചുമതലാ ബോധത്തോടെ അവർ ആർജ്ജിച്ച വിജ്ഞാനം കൃഷിക്കാരിലേക്ക് പകരണം. കൃഷി ഭവനുകളുടെ വാതായനം ഇതിനായി തുറന്നിടണം. പടിയിറങ്ങി പാടത്തേക്ക് വരണം. ഗ്രാമീണ ഭാഷയിൽ സംസാരിക്കണം. കൃഷി സമിതികൾ വാർഡ് തലത്തിൽ രൂപീകരിക്കണം. കാർഷിക വികസന സമിതികൾ സർക്കാർ ഉത്തരവിൽ പറഞ്ഞിട്ടുള്ളതുപോലെ എല്ലാ മാസവും കൂടുകയും ഗുണഭോക്തൃ തെരഞ്ഞെടുപ്പും സഹായ വിതരണവും കുറ്റമറ്റതാക്കണം.

ഇടവിള ഉപവിള വാഴകൃഷി

ഒരിഞ്ച് ഭൂമി പോലും തരിശിടാതെ കപ്പ, കാച്ചിൽ, ചേമ്പ്, ചേന, ചീര, പാവൽ, വെണ്ട, കോവൽ, മത്തൻ, വെള്ളരി എന്നിവയും ഉപവിളയായി പയർ, മുതിര എള്ള് കുരുമുളക് എന്നിവയും കൃഷിചെയ്യണം. ഏത്ത, മൊന്തൻ, ചാരക്കാളി, പാളയൻതോടൻ, പൂവൻ, ഞാലിപൂവൻ, റോബസ്റ്റാ തുടങ്ങി എല്ലായിനം വാഴകൾക്കും അനിയോജ്യമായ മണ്ണാണിത്.

ജലസേചനം

ജലസേചന തോടുകൾ നിരവധിയാണ്. മഴയും വെള്ളപ്പൊക്കവും പഞ്ചായത്തിനെ മുഴുവൻ ബാധിക്കുന്നു. കാലവർഷവും (ജൂൺ, ആഗസ്റ്റ്) തുലാവർഷവും (സെപ്റ്റംബർ, ഒക്ടോബർ) പെയ്തൊഴിഞ്ഞാലും 1 - 5 വരെ വാർഡുകളിൽ മാസങ്ങളോളം വെള്ളം കെട്ടികിടക്കും. പാടങ്ങൾക്ക് കുറുകെ റോഡ് നിർമ്മിച്ചതും ജലനിർഗ്ഗമന ചാലുകളും കൃഷി സ്ഥലങ്ങളും നികത്തി വീട് പണിഞ്ഞതും പാർശ്വ ഭിത്തികൾ കെട്ടാത്തതി

നാൽ മണ്ണിടിഞ്ഞ് കൈതോടുകൾക്ക് ആഴവും വീതിയും നഷ്ടപ്പെട്ടതും നീർകെട്ടിന് കാരണമായി. മണ്ണൂർ സ്കൂളിന് തെക്കുവശമുള്ള നീരൊഴുക്ക് ചാൽ ഉപയോഗ യോഗ്യമല്ല. പാപ്പാരം, മാളേക്കാട്, മൂടേൽ കിഴക്കുവശം പാടങ്ങളിൽ നിന്നുള്ള വെള്ളം ഒഴുകിപോകുന്നില്ല. മകര കൃഷിയെ ഇത് സാരമായി ബാധിക്കുന്നു. നവംബർ മുതൽ ജൂൺ വരെ മാസങ്ങളിൽ വരൾച്ചയും ജലസേചന സൗകര്യമില്ലാത്തതും വെട്ടുവേനി പുതുകുണ്ടം ഭാഗത്തെ കൃഷി നശിക്കാൻ ഇടയാക്കുന്നു. കാർത്തികപ്പള്ളി തോട്ടിൽ ബണ്ടിട്ട് നീരൊഴുക്ക് തടസ്സം (ആറ് മാസം) സംഭവിക്കുന്നതിനാൽ പരിസ്ഥിതി പ്രശ്നങ്ങൾ ഉണ്ടാകുന്നു. നീർകെട്ട് മൂലം കൃഷിയിടങ്ങൾ ഉപയോഗ ശൂന്യമാകുന്നു.

പട്ടിക 9

പ്രധാന പൊതു കുളങ്ങൾ

വാർഡ്	പേര്	വില്ലേജ്
1	പിത്തമ്പിൽ (ക്ഷേത്രകുളം)	കാർത്തികപ്പള്ളി
1	ശ്രീകൃഷ്ണ സ്വാമി ക്ഷേത്രകുളം	
1	ആലുമൂട്ടിൽ	
2	പടിഞ്ഞാറെ ആലുംമൂട്ടിൽ	
4	ആച്ചനാകുളം	
4	പുതുകോയിക്കൽ	
5	മഹാദേവികുളങ്ങര	
5	മണ്ണാൻകുളം	
6	കുറശ്ശേരിൽ (കുടുംബ ക്ഷേത്രം)	
6	പന്തപ്ലാവിൽ (കുടുംബ ക്ഷേത്രം)	
6	ത്രാച്ചേരിൽ (കുടുംബ ക്ഷേത്രം)	
6	കുളത്തൂർ (കുടുംബ ക്ഷേത്രം)	
7	മാധവൻച്ചിറ (ക്ഷേത്രകുളം)	
7	കൊച്ച് തയ്യിൽ (ക്ഷേത്രകുളം)	
8	വലിയകുളങ്ങര (ക്ഷേത്രകുളം)	
8	മാനാംപുറം	
9	വലിയവീട് (ക്ഷേത്രകുളം)	
9	പനച്ചയിൽ (ക്ഷേത്രകുളം)	

പൂത്തോട്ടിലെ ചീപ്പ് പുനർ നിർമ്മിക്കുക മാത്രമാണ് പോംവഴി. പുതുകുണ്ടം ഇരിപ്പു നിലങ്ങളും (200 എക്കർ) നീരൊഴുക്ക് തടസ്സവും ഓരുവെള്ള കയറ്റവും മൂലം കൃഷിചെയ്യാതെ കിടക്കുന്നു. നെല്ല് എള്ള് പച്ചക്കറി എന്നിവ സമൃദ്ധമായി വിളഞ്ഞ നിലമാണ്. പാപ്പാടി ചാലിലൂടെയാണ് ഓരു വെള്ളം കയറുന്നത്. വിജയകരമായി മുണ്ടകൻ കൃഷി ചെയ്ത് വന്ന ആല്കുന്നത് ചാൽ (800 എക്കർ) പാപ്പാടിച്ചാൽ, കപ്പിഴാംചാൽ, മുട്ടിയിൽചാൽ, പട്ടാറകിഴക്കുവശം, കണീക്കര പാടം, പേരോളിൽ കിഴക്കുവശം, കല്ലേലിൽ, ചേരൂർ കിഴക്കുവശം, എന്നീ കൃഷിയിടങ്ങൾ, തെങ്ങിൻ തോപ്പുകളായും തരിശായും സ്ഥിതി ചെയ്യുന്നു ഓരു വെള്ള കയറ്റം തടഞ്ഞ് നിർത്തിയാൽ തരിശ് നിലങ്ങൾ നെല്ല് – മത്സ്യ കൃഷിക്ക് ഉപയുക്തമാക്കാം. പൂത്തോട് ചീപ്പിന്റെ പുനർ നിർമ്മാണം ഇവിടെയും പ്രസക്തമാണ്. ജലനിയന്ത്രണ ഓരു തടയൽ സൗകര്യങ്ങൾ ഏർപ്പെടുത്തിയാൽ 7-ാം വാർഡിലെ കാവലിൽ പിള്ള കായൽ കൊഞ്ച്, മത്സ്യോൽപ്പാദനത്തിനും നെൽകൃഷിക്കും പ്രയോജനപ്പെടുത്താം. ഓരു തടയണകളും ശാസ്ത്രീയ കൃഷി രീതിയും ഉപയോഗിച്ച് 6 - 9 വരെ വാർഡിലെ കുളങ്ങളും ചാലുകളും മത്സ്യ കൊഞ്ച് കൃഷി ചെയ്ത് ആദായമുണ്ടാക്കാം.

പ്രധാനപ്പെട്ട പാടങ്ങൾ (നിലം)
മുണ്ടകച്ചാലുകൾ

വാർഡ്	പേര്
1	പാപ്പാരം
1	മാളേക്കാട്
1	മൂടേൽ കിഴക്ക്
2	പാട്ടത്തിൽ
2	ചൂരക്കാട്
3	പുന്നശ്ശേരി
3	തഴയിണവയൽ (നികന്നു)
4	പുതുകുണ്ടം
5	പാപ്പാടിച്ചാൽ
5	പട്ടാറവയൽ
6	കണീക്കരവയൽ
6	മുട്ടിയിൽചാൽ
8	ആലുകുന്നത്ചാൽ
9	ആലക്കപോച്ച

കാർത്തികപ്പള്ളി തോട് (7 കി. മീ.)

പമ്പ, അച്ചൻകോവിൽ ആറുകളിലെ വെള്ളം കായംകുളം കായൽ വഴി അറബികടലിൽ ചെന്ന് ചേരുന്ന പ്രധാനപ്പെട്ട തോടാണ് കാർത്തികപ്പള്ളി. മങ്കുഴി (കരുവാറ്റാ) മണ്ണാറശാല, ഡാണാപ്പടി, അനന്തപുരം കാർത്തിപ്പള്ളിയിലൂടെ ഈ തോട് കായംകുളം കായലിൽ നിപതിക്കുന്ന ഭാഗം പൂത്തോട് എന്നറിയപ്പെടുന്നു. വെട്ടുവേനി, പുതുകുണ്ടം, മഹാദേവികാട് കിഴക്ക് പ്രദേശത്തെ എല്ലാ നീർച്ചാലുകളും കാർത്തികപ്പള്ളി തോട്ടിൽ ലയിക്കുന്നു. ഒരുകാലത്ത് ജലഗതാഗത പ്രസിദ്ധമായിരുന്നു. മദ്ധ്യതിരുവിതാംകൂറിലെ പ്രശസ്തമായ കാർത്തികപ്പള്ളി മാർക്കറ്റിൽ ചരക്ക് വള്ളങ്ങൾ വന്നുംപോയും ഇരുന്നത് ഈ തോട്ടിലൂടെ തന്നെ. ഇരുകരകളും ഇടിഞ്ഞും നിരനിരയായി കാട് പിടിച്ച് നിന്ന വൃക്ഷങ്ങൾ കടപുഴകി വീണും വീതിയും ആഴവും കുറഞ്ഞും വികൃതമായ ഈ തോട് ഗതകാലത്ത് ഒരു രാജകീയ ജലപാതയായിരുന്നു. ചരിത്ര പ്രസിദ്ധമായ അനന്തപുരം കൊട്ടാരത്തിലേക്ക് തിരുവിതാംകൂർ രാജകുടും ബാംഗങ്ങളെയും വഹിച്ച് കൊണ്ട് വരുന്ന പള്ളിയോടങ്ങളെ നെഞ്ചിലേറ്റി ലാളിച്ച രാജഭക്തേ ! ആഴവും വീതിയും കൂട്ടി പാർശ്വഭിത്തികൾ കെട്ടി വൃക്ഷങ്ങൾ നട്ട് സംരക്ഷിച്ചാൽ ക്ഷേത്ര നഗരമായ ഹരിപ്പാടേക്ക് എത്തുന്ന തീർത്ഥാടകർക്കും ടൂറിസ്റ്റുകൾക്കും ഏറെ പ്രിയങ്കരമാകും ഈ പഴയ ജല പാത.

പിള്ളതോട്

അച്ചൻ കോവിൽ ആറ്റിൽ നിന്നും ആരംഭിച്ച് പള്ളിപ്പാട് പഞ്ചായത്തിലൂടെ ഹരിപ്പാട് ആശുപത്രിക്ക് വടക്കുവശം വഴി ഹരിപ്പാട് പട്ടണം ഡാണാപ്പടി കടന്ന് പോകുന്ന ഈ കനാൽ പണ്ട് കാർത്തികപ്പള്ളി തോട്ടിൽ ചെന്ന് ചേർന്നിരുന്നു. ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രത്തിന്റെ കിഴക്കേ നടയിലേക്ക് ഒരു ഉപകനാലും ഉണ്ടായിരുന്നു. ഹരി

പ്പാട് പട്ടണത്തിലേക്കും പുറത്തേക്കും വള്ളങ്ങളിൽ ജനങ്ങൾ സഞ്ചരിച്ചിരുന്നതും ചരക്ക് ഗതാഗതം നടന്നിരുന്നതും പിള്ളതോട് എന്നറിയപ്പെട്ടിരുന്ന ഈ കനാലിലൂടെയാണ്. ഹരിപ്പാടും പരിസരത്തുമുള്ള വെള്ളം ഒഴുകി പോകാനും വെട്ടുവേനി പാടത്ത് ശുദ്ധജലം എത്തിക്കാനും ഉപകരിച്ചു വന്ന പിള്ളതോട് കാലാന്തരത്തിൽ നശിച്ചു. തോടിന്റെ പല ഭാഗങ്ങളും നികന്ന് നീരൊഴുക്ക് നിലച്ചു. കാർത്തികപ്പള്ളി ഒന്നാം വാർഡിൽ ഈ തോടിന്റെ രണ്ട് കൈവഴികൾ പേരിന് നില നിൽക്കുന്നുണ്ട്. 1. പുഷ്പമംഗലം വഴി മാടേൽ കിഴക്കുവശം 2. കൈലാസ് വീടിനു സമീപം മുതൽ മൂടേൽ കിഴക്കുവശം വരെ. മാർച്ച് ഏപ്രിൽ മാസം ഒഴിച്ച് എല്ലാ മാസങ്ങളിലും വെള്ളമുണ്ട്.

അച്ചൻ കോവിൽ ആറും കാർത്തികപ്പള്ളി തോടുമായി ബന്ധിപ്പിച്ച് ആഴുവും വീതിയും കൂട്ടി പിള്ളതോട് വീണ്ടും വെട്ടി സഞ്ചാരയോഗ്യം ആക്കണം. വശങ്ങൾ ഭിത്തികെട്ടി സംരക്ഷിക്കണം. മലിനജലം കെട്ടികിടന്ന് ഹരിപ്പാട് പട്ടണവും പരിസര പ്രദേശങ്ങളും മലീമസമാകുന്നത് തടയാൻ പിള്ളതോടിന്റെ പുനരുജ്ജീവനം അത്യാന്താപേക്ഷിതമാണ്.

പട്ടിക 10

ശുദ്ധജല സ്രോതസ്സുകൾ

പൊതു കിണറുകൾ		സ്വകാര്യ കിണറുകൾ		കുഴൽ കിണറുകൾ
വെള്ളമുള്ളത്	വെള്ളമില്ലത്തത്	വെള്ളമുള്ളത്	വെള്ളമില്ലത്തത്	
23	12			10

പട്ടിക 11

K.W.A. പദ്ധതികൾ

പദ്ധതിയുടെ പേര്	മൊത്തം ടാപ്പുകൾ	സ്വകാര്യ കണക്ഷൻ
R.W.S.S.	198	737

ചെമ്പ് തോട്

കരുവാറ്റാ ലീഡിംഗ് ചാനലിൽ നിന്നും തുടങ്ങി കന്നുകാലി പാലം കൂട്ടംകൈത എരിയ്ക്കാവ് ത്രാച്ചേരിൽ തോട്ടുകടവ് വഴി പൂത്തോട്ടിലും പിന്നെ കായംകുളം കായലിലും ചെന്ന് ചേരുന്നു. ത്രാച്ചേരി മുട്ടിന് വടക്കുവശം നിന്ന് രണ്ടായി പിരിയുന്ന ഇതിന്റെ ഒരു കൈവഴി വാളാന്തോട്ട് കടവ് ശ്മാതമടയ്ക്കൽ വഴി പുളികീഴ് ആറ്റിലും അങ്ങനെ കായംകുളം കായലിലും ചേരുന്നു. കാർത്തികപ്പള്ളി തോട് പോലെ കിഴക്കൻ മലവെള്ള പ്രവാഹം സമുദ്രത്തിലെത്തിക്കുവാൻ സഹായിക്കുന്ന ചെമ്പ് തോടും പഴയകാലത്തെ പ്രധാന ജലപാതയായിരുന്നു. കരുവാറ്റാ കുമാരപുരം കാർത്തികപ്പള്ളി പഞ്ചായത്തുകൾ വഴി ജനങ്ങൾ സഞ്ചരിച്ചു വന്ന വളവും തിരിവുമില്ലാത്ത ജലവീഥി. ടി പഞ്ചായത്തുകളിൽ വെള്ളപ്പൊക്ക കെടുതികൾ സംഭവിക്കാതിരിക്കാൻ ഈ റവന്യു തോട് ഉപകരിക്കുന്നു. സംരക്ഷിച്ച് നിർത്തേണ്ട കനാലുകളുടെ പട്ടികയിൽ പ്രഥമ സ്ഥാനം ഇതിനുമുണ്ട്.

പുളികീഴ് ആറ്

7, 9 വാർഡുകളിൽ ഉദ്ദേശം 3 കി. മീ. നീളത്തിലും 50 - 150 മീറ്റർ വരെ വീതിയിലും 20 - 30 അടി വരെ ആഴത്തിലും ഉള്ള ഈ ആറ് വർഷകാലത്ത് നിറഞ്ഞ് കവിയും. തൃക്കുന്നപ്പുഴ കുമാരപുരം കാർത്തികപ്പള്ളി പഞ്ചായത്തിലെ 100 കണക്കിന് കൈതോടുകളും നീർച്ചാലുകളും ഒഴുകി അണയുന്നത് പുളിക്കീഴ് ആറ്റിലാണ്. ആറ് അവസാനിക്കുന്നത് കായംകുളം കായലിലും. ആറിന് കുറുകെ മാവേലിക്കര – തൃക്കുന്നപ്പുഴ റോഡിൽ ഒരു പാലമുണ്ട്. കരിങ്കല്ലുകൊണ്ട് കെട്ടിയുയർത്തിയ വീതികുറഞ്ഞ പുളിക്കീഴ് പാലം. വൃശ്ചിക വേലിയേറ്റത്തിൽ കയറി വരുന്ന ഉപ്പ്

വെള്ളം തടയാൻ നവംബർ മാസത്തിൽ പാല ത്തിന് സമാന്തരമായി മേജർ ഇറിഗേഷൻ കാർ ഒരു തടയണ (ബണ്ട്) നിർമ്മിക്കുന്നു. പ്രകൃതിയെ വെല്ലു വിളിച്ച് കൊണ്ടും വൃഥാ പണം ചെലവ ഴിച്ചും എല്ലാ വർഷവും നിർമ്മിക്കുന്ന ബണ്ട് മണ്ണിനും ജലപ്രകൃതിക്കും ദോഷകരമാണ്. ഈ വർഷം ബണ്ടിട്ട് ഒരാഴ്ച കഴിഞ്ഞപ്പോൾ തന്നെ ബണ്ടിനു വടക്കുള്ള തോടുകളിലെ കാരിമത്സ്യം മുഴുവൻ ചത്തു പൊങ്ങി.

ലീഡിംഗ് ചാനൽ

തൃക്കുന്നപ്പുഴ ചീപ്പിനും പുളികീഴ് ബണ്ടിനും സമാന്തരമായി റോഡിന് വടക്ക് എഴി ക്കൽ മുതൽ പടിഞ്ഞോട്ട് ടി.എസ്. കനാൽ വരെ നിലവിലുള്ള തോട് ആഴവും വീതിയും കൂട്ടി ലീഡിംഗ് ചാനൽ നിർമ്മിക്കാൻ പൊന്നും വിലയ്ക്ക് സ്ഥലം എടുത്തിട്ടുണ്ട്. പദ്ധതി നടന്നി ല്ലെന്ന് മാത്രമല്ല ഉള്ള തോട് കൂടി അന്യാധീന പ്പെട്ടു. തൊണ്ട് തല്ല് മില്ലിൽ നിന്നും പുറം തള്ളുന്ന ചകിരിച്ചോറ് വീണ് കനാൽ മുക്കാൽ പങ്കും നികന്നു. സത്വര നടപടി ആവശ്യപ്പെടുന്നു.

ജലസേചന പ്രശ്നങ്ങളും പരിഹാര ക്രിയകളും

1. വെട്ടുവേനി 1 ഉം, 2 ഉം, 3 ഉം വാർഡുകളിലേക്ക് കാർത്തികപ്പള്ളി തോട്ടിൽ നിന്നുമുള്ള കൈതോടുകളിൽ ചീപ്പ് നിർമ്മിക്കുക.
2. തരിശായി കിടക്കുന്ന കണ്ടങ്ങളിൽ ജലസേ ചന – നിർഗ്ഗമന സൗകര്യം ഏർപ്പെടുത്തുക.
3. മഴവെള്ളം ഒഴുകി പോയിരുന്ന നീർച്ചാലുകൾ പുനർ നിർമ്മിക്കുകയോ പകരം സംവിധാനം ഏർപ്പെടുത്തുകയോ ചെയ്യുക. വെള്ളപ്പൊക്കം നിയന്ത്രിച്ച് കൃഷി ചെയ്യാം.
4. P.I.P. കനാൽ. പമ്പ ഇറിഗേഷൻ പ്രോജക്ടിന്റെ കനാൽ വെട്ടുവേനി ഗ്രാമത്തെ കീറി മുറിച്ച് പോകുന്നു. കനാലിനു വേണ്ടി അക്വയർ ചെയ്ത ഭാഗത്ത് പണി പൂർത്തിയാക്കണം. കനാൽ മൂലം (മൂന്നാം വാർഡിലും മറ്റും) നീരൊഴുക്ക് തടസ്സപ്പെട്ടിടത്ത് വെള്ളം ഒഴു കാൻ നടപടി എടുക്കണം. ഒരു ദേശീയ ദുരന്തം പോലെ ആയിരിക്കുന്ന ഈ പദ്ധതി പാളിച്ചകൾ തീർത്ത് ജലസേചന സജ്ജമാ ക്കണം.
5. വെള്ളമൊഴുക്ക് തടസ്സപ്പെട്ട് നിർമ്മിച്ച റോഡു കളിലും ഇനി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നി ടത്തും ജലനിർഗ്ഗമന കുഴലുകൾ ഓടകൾ കലുങ്ക് എന്നിവ പണിയണം.
6. റോഡ് അരികിൽ മതിലും കെട്ടിടവും മറ്റും നിർമ്മിച്ചിട്ടുള്ളിടത്ത് വെള്ളം ഒഴുകുന്നത് തട സ്സപ്പെട്ടിട്ടുണ്ടെങ്കിൽ അതിന് ഉത്തരവാദികളെ കൊണ്ട് പരിഹാരം ചെയ്യിക്കണം. ഓടയോ കലുങ്കോ നിർമ്മിച്ച് വെള്ളം ഒഴുകേണ്ടിടത്ത് അപ്രകാരം ചെയ്തതിന് ശേഷമേ റോഡും വീടും മതിലും മറ്റും പണിയാൻ അനുവദി ക്കാവൂ.
7. നായ്ക്കൻ പറമ്പിൽ കിഴക്കുവശം കുഴലും കോടമ്പള്ളി വടക്കുവശം ഓടയും കെട്ടി വെള്ളപ്പൊക്കം തടയണം.
8. പാട്ടത്തിൽ വടക്കുവശം തോടിന്റെ ആഴംകൂട്ടി പിച്ചിംഗ് കെട്ടണം.
9. വല്യടത്ത് പടിഞ്ഞാറുവശം തോട് ആഴംകൂട്ടി ഓടയും കലുങ്കും നിർമ്മിച്ച് 20 ഹെക്ടർ സ്ഥലത്ത് കൃഷി ആദായകരമാക്കണം.
10. ആലുംമൂട്ടിൽ വടക്ക് വശം തോട് ആഴംകൂട്ടി ഓട കെട്ടുക.
11. ആലംപള്ളി നീരൊഴുക്ക് തോട് നാട്ട് തോട്ടിൽ എത്തുന്നിടം വരെ താഴ്ത്തി ഓട നിർമ്മി ക്കണം.
12. മണ്ണാരത്ത് കിഴക്കുവശം തോട് ആഴം കൂട്ടി കലുങ്കും പിച്ചിംഗും കെട്ടണം.
13. ഒറ്റതെങ്ങിൽ തെക്കുവശം നാലുവേലിൽ വട ക്കുവശം പിത്തമ്പിൽ കിഴക്കുവശം കലുങ്ക് പണിഞ്ഞ് വെള്ളമൊഴുക്കുക. സുരേഷ് മാർക്ക റ്റിൽ നിന്നും തെക്കോട്ട് ഓട പണിയുക.
14. വാഴപ്പള്ളി തോട് ആഴം കൂട്ടിയും കാർത്തിക പ്പള്ളി ജംഗ്ഷനു കിഴക്കുവശം കലുങ്കിനടി താഴ്ത്തിയും വെള്ളമൊഴുക്ക് സുഗമമാക്കണം.
15. N.H. 47 - തൈക്കൂട്ടം കോളനി വെള്ളമൊഴുക്ക് തോട് ഉപയോഗപ്രദമല്ല. കനാൽ നിർമ്മി ക്കണം.
16. മുതലപ്പള്ളിൽ വടക്കുവശത്തൂടെ പടിഞ്ഞോ

ട്ടുള്ള തോട്ടിലും പാട്ടത്തിൽ വടക്കുവശം തോട്ടിലും ചെന്ന് ചേരുന്നതിന് (മൂന്നാം വാർഡിലെ ആവശ്യം) കനാൽ നിർമ്മിക്കണം.

17. എരുമപ്പുറത്ത് കിഴക്കുവശം തോട് താഴ്ത്തി വീതി കൂട്ടണം.

18. പുന്നശ്ശേരി പാടത്ത് നിന്നും പടിഞ്ഞോട്ടുള്ള നീരൊഴുക്ക് തടസ്സം തീർക്കാൻ ഓട വേണം. 2, 3 വാർഡുകൾ ചേരുന്നിടം പ്രത്യേകം ശ്രദ്ധിക്കണം.

19. കൈപ്പള്ളി ഭാഗത്തെ നിലങ്ങളിൽ നിന്നും വെള്ളമൊഴുകാൻ കഴിയാത്തതിനാൽ തെറ്റി കുഴി ഭാഗത്ത് ഓടകെട്ടി വെള്ളം ഒഴുക്കണം.

20. ആച്ചനാകുളത്തിലെ വെള്ളം പടിഞ്ഞാറുള്ള പാടത്ത് കെട്ടി കിടക്കുന്നതിനാൽ റോഡിലുള്ള കലുങ്ക് താഴ്ത്തി കെട്ടണം.

21. 5-ാം വാർഡിലെ 200 ഏക്കർ നിലങ്ങളിൽ കൃഷി നടക്കാതിരിക്കുന്നതിനാൽ മാനാംപുറത്ത് കിഴക്കുവശം രണ്ട് കലുങ്കുകൾക്ക് സമീപം റോഡിന് ഇരുവശവും പുറംപോക്ക് സ്ഥലത്ത് ഓടകെട്ടി വെള്ളം കാർത്തികപ്പള്ളി തോട്ടിൽ ഒഴുക്കണം.

22. പാപ്പാടി ചാലിൽ ഓരു കയറാതിരിക്കാൻ മാനാംപുറത്തും വരവ് തറയും ചീപ്പ് നിർമ്മിക്കണം.

23. താഴൂർ മുതൽ കളത്തിൽപറമ്പ് വരെയും, താച്ചയിൽ നിന്നും മാനാംപുറം വരെയും, മാംചുവട് മുതൽ തളിയ്ക്കശ്ശേരി വരെയും ഓട നിർമ്മിച്ച് ജലമൊഴുക്കുക.

24. പ്ളാങ്കിത്തറ നിന്നും ചെമ്പ് തോട് വരെ, ചാങ്ങയിൽ നിന്ന് ചെമ്പ്തോട്ടിലേക്ക്, വൈപ്പിൽ കോളനി – ചെമ്പ്തോട്. പ്രസ്തുത തോടുകൾ ആഴവും വീതിയും കൂട്ടി ജലഗതാഗതത്തിന് സൗകര്യപ്പെടുത്തുക.

25. തോട്ടപ്പള്ളി, കായംകുളം പൊഴികൾ. ഇവ യഥാസമയം മുറിച്ച് വച്ചാൽ വെള്ളപ്പൊക്ക സമയത്ത് കാർത്തികപ്പള്ളി താലൂക്കിൽ വെള്ളം കയറി ദിവസങ്ങളോളം കിടന്ന് നാശം വിതയ്ക്കുന്നത് ഒഴിവാക്കാം. ഈ വർഷം തക്ക സമയത്ത് തുറന്ന് വിട്ടതിനാൽ വെള്ളം കര യ്ക്കുകയറിയില്ല.

26. പൂത്തോട് ചീപ്പ് പടിഞ്ഞാറ്റത്ത് പുന: സ്ഥാപിച്ച് കരകൃഷിയെ രക്ഷിക്കണം.

27. ആലക്കപ്പോച്ച, ആലുകുന്നത്ത് ചാലുകളിൽ കൃഷി പുനരാരംഭിക്കുകയും വിളവെടുപ്പിന് ശേഷം കൊഞ്ച് – മത്സ്യ കൃഷി തുടങ്ങുകയും വേണം. കൃഷി സ്ഥലങ്ങളിലേക്ക് ശുദ്ധജലം എത്തിക്കുന്നതിനും കെട്ടി കിടക്കുന്ന വെള്ളം ഒഴുക്കി കളയുന്നതിനും ഓടകളും തോടുകളും നിർമ്മിക്കണം.

28. ഓരു ബണ്ടുകൾ. പൂത്തോട് ചീപ്പ് വീണ്ടും സ്ഥാപിച്ച് കാർത്തികപ്പള്ളി തോട്ടിലെ ഓരു ബണ്ട് ഒഴിവാക്കാം. പുളികീഴ് പാലം പുതുക്കി പണിയുകയും സ്ഥിരമായി തുറക്കുകയും അടയ്ക്കുകയും ചെയ്യുന്ന സ്പിൽ വേ നിർമ്മിക്കുകയും വേണം. എല്ലാ ഓരു ബണ്ടുകൾക്കും പകരം ചീപ്പ് നിർമ്മിക്കണം.

പഞ്ചായത്തിലെ പ്രധാന കുളങ്ങൾ

പേര്	വാർഡ്
കന്നാംപറമ്പിൽ	1
മുട്ടത്തേത്ത്	
തുണ്ടിൽ	
പുലിത്തിട്ടയിൽ	
മഴുപ്പയിൽ	
കൈതക്കാട്	
പത്മാലയം	
S.N. നിലയം	
കപ്പകശ്ശേരിൽ	
നീലിമ	
കോമല്ലിൽ	
പിത്തമ്പിൽ കൊട്ടാരം	
നടാപ്പള്ളിൽ	
കളീയ്ക്കൽ	
കളപ്പുരയ്ക്കൽ	
സരസിംഹത്ത്	

പേര്	വാർഡ്
പയ്യംപള്ളിൽ	
മുളയ്ക്കൽ പടീറ്റതിൽ	
തിരുമനശ്ശേരിൽ പാത്തോളിൽ	
ബ്ളാഹയിൽ	2
മംഗലത്ത്	
ഉള്ളൂരുപ്പിൽ	
കോയിപ്പുറത്ത്	
മുളയ്ക്കൽ	
പല്ലാരിക്കൽ തറയിൽ	
പാടിയിൽ	
മുഴങ്ങോടിയിൽ	
കലയന്തറ	
പാലത്തിട്ടേത്ത്	
യവനിക	
താമരശ്ശേരിൽ	
താമരശ്ശേരി പടീറ്റതിൽ	
കരടംപള്ളിൽ	
മീനത്തേരിൽ	
മണ്ണാരത്ത്	
മണ്ണാരത്ത് വടക്കതിൽ	
പൂയം പഴഞ്ഞിയിൽ	
വടവന പറമ്പിൽ	
മണ്ണാരത്ത് തെക്കതിൽ	
പാട്ടത്തിൽ	
ചെങ്കിളിൽ	
വല്യടത്ത്	
കിഴക്കടം പള്ളിൽ	
ആലുമൂട്ടിൽ	
ചിറ്റൂർ തെക്കതിൽ	
മുളയ്ക്കൽ കിഴക്കതിൽ	
മണ്ണടിത്തറ	
ചക്കോലിൽ	

പേര്	വാർഡ്
തുണ്ടിൽ	
മണ്ണാരത്ത് പടീറ്റതിൽ	
നാലുവേലിൽ	3
ചെങ്ങിഴേത്ത്	
കാളയത്ത്	
തൈശ്ശേരിൽ	
കോട്ടപ്പുറത്ത്	
വാണിയംപറമ്പിൽ	
മാവോലിൽ	
വൈരശ്ശേരി മഠം	
തെറ്റികുഴി	
കൊട്ടാരത്തിന്റുയ്യത്ത്	
പറമ്പിൽ	
കുളഞ്ഞിപറമ്പിൽ	
കൊട്ടാരത്തിൽ	
വേണാട്ടുശ്ശേരിൽ	
പുത്തൻപറമ്പിൽ	
പുത്തൻവീട്ടിൽ	
അജയഭവനം	
തുണ്ടിൽ	
കളയ്ക്കാട്ട്	
കിഴക്കേപുറത്ത്	
പായിക്കാട്ട്ശ്ശേരിൽ	4
പുതുകോയിക്കൽ	
ആച്ചനാകുളം	
മണകാടംപള്ളിൽ	
വാതല്ലൂർ കോയിക്കൽ	
കല്ലേലിൽ	
ഇടിച്ചിനേത്ത് മഠം	
അമ്പഴവേലിൽ	
കൈപ്പള്ളിൽ	
കണ്ടത്തിൽ	

പേര്	വാർഡ്
കോപ്പിലിൽ	
തെറ്റികുഴിയിൽ	
കാട്ടേത്ത്	
വടകര	
പുലിശ്ശേരിൽ	
മഹാദേവികുളങ്ങര	5
ചിറ്റൂർ	
അമ്പനാട്ട് മഠം	
കൈമഴേത്ത് മഠം	
പുത്തൻപുരയിൽ	
കല്ലേമൂലയിൽ	
ഇല്ലിക്കുളം	
വരവ്തറ	
പന്തപ്ലാവിൽ	6
കിഴക്കേ മാങ്കിയിൽ	
ഇരട്ടതെങ്ങിൽ	
ഇരട്ടതെങ്ങിൽ പടിറ്റതിൽ	
മാങ്കിയിൽ തറ	
മാങ്കിയിൽ	
പന്തപ്ലാവിൽ പോച്ചയിൽ	
വെട്ടത്തേരിൽ	
വെട്ടത്തേരി വടക്കതിൽ	
പാലത്തിങ്കൽ	
ചാങ്ങയിൽ	
ചാങ്ങയിൽ കിഴക്കതിൽ	
കന്നേപോച്ചയിൽ	
കന്നേപോച്ച വടക്കതിൽ	
വലിയപറമ്പിൽ	
ത്രാച്ചേരിൽ	
വാഴവേലിൽ	
കളത്തൂർ	
കുറശ്ശേരിൽ	


പേര്	വാർഡ്
കന്നേലപോച്ചയിൽ	
പൂഴിക്കാട്	
കല്ലുപുരയ്ക്കൽ	
കളരിയ്ക്കൽ	
മൈനാഗപ്പള്ളി	
ചെറുശ്ശേരിൽ	
മുറിപ്പുരയ്ക്കൽ	
ചുടുകാട്ടിൽ	
മനേശ്ശേരിൽ	
കടുവിനാൽ	
കണീയ്ക്കരയിൽ	
തോട്ട് കടവിൽ	
കൊണ്ടേ കാട്ടിൽ	
കരിയിൽ	
തെക്കേപെറമ്പിൽ	
പടനയിൽ	
തണ്ടാൻ കാട്ടിൽ വടക്ക്	7
തണ്ടാൻ കാട്ടിൽ	
ഗുരുവിഹാർ	
വാലുപറമ്പിൽ	
കൂടം തറ	
സജേഷ് ഭവനം	
പണിക്കത്തി പറമ്പിൽ	
ഇലന്തകുന്നേൽ	
വിജയാലയം	
ആറ്റുവാ തലയ്ക്കൽ	
കല്ലേമൂലേ കാട്ടിൽ	
പുല്ലുകാട്ടിൽ	
മാന്തറ പറമ്പിൽ	
മൂലേകാട്ടിൽ	
കൊച്ചുകാട്ടിൽ	
ചാപ്രായിൽ	


പേര്	വാർഡ്
ഭഗവതീകാട്ടിൽ	
മുണ്ട് ചിറയിൽ	
കിഴക്കേചിറയിൽ	
ആശാൻ കാട്ടിൽ പതുവൽ	
ആശാൻ കാട്ടിൽ	
കട്ടത്തറ കാട്ടിൽ	
കാട്ടി തെക്കതിൽ	
തെടുംപറമ്പിൽ	
മഞ്ഞാണിതോട്ടിൽ	
പുണ്യംകാട്ടിൽ	
മാധവൻചിറ ക്ഷേത്രം	
പറമ്പിൽ	
വെട്ടത്തേരി കാട്ടിൽ	
മാധവൻ ചിറയിൽ	
കന്നേലപറമ്പിൽ	
മന്ദിരത്തിൽ	
തൈച്ചിറയിൽ	
ലക്ഷ്മി നിവാസ്	
തെക്കേകാട്ടിൽ	
പടന്നയിൽ	
കുറ്റിപറമ്പ് തെക്കതിൽ	
എഴീക്കൽ	
ആലുകുന്നത്ത്	8
കല്ലേലിൽ	
കടയ്ക്കൽ	
മാനാം പുറത്ത്	
നറത്തറ	
ആശ്രതി	
തയ്യിൽ	
ഇടശ്ശേരിൽ	
പുത്തൻ മഠം	
സമൂഹ മഠം	

പേര്	വാർഡ്
വീടുര മന ഇല്ലം	
കുറവ് തറ	
പാണ്ടിപോച്ചയിൽ	
ദൈവത്തുംവാതുക്കൽ	
വാഴക്കുളങ്ങര	
വാകസ്ഥാനത്ത്	
കിഴക്കേഇലംപടത്ത്	
വളവനാട്	
പുലിപ്രാത്ത്	
മഞ്ഞാടിയിൽ	
കാര്യത്ത്	
പെരുവേലിൽ	
ഭക്തിവിലാസം	
തയ്യിൽ	
ചക്കിലാത്ത് തെക്കതിൽ	
തറയിൽ	
ചക്കിലാത്ത്	
കിഴക്കേതയ്യിൽ	
നാണമ്പിശ്ശേരിൽ	
ചാപ്രായിൽ	
തൈവീട്ടിൽ	
വേലശ്ശേരിൽ	
നടേശ്ശരിൽ	
കൈപള്ളിൽ	
അശോക ഭവനം	
കൊച്ച് പറമ്പിൽ	
മുട്ടാണിശ്ശേരിൽ	
വയലിൽ	
വയലിൽ കിഴക്കതിൽ	
ചാപ്രായിൽ	
ചെറുകിലാത്ത്	
വലിയകുളങ്ങര	

പേര്	വാർഡ്
പള്ളിപ്പാട്ശ്ശേരിൽ	9
കണീക്കര	
പുളികീഴ് നട.	
തൈവീട്ടിൽ	
വഴിയമ്പലത്തിൽ	
അമ്പാട്ട് തയ്യിൽ	
അമ്പാട്ട്	
കരിമ്പിതെക്കതിൽ	
പേരോളിൽ	
കന്നേത്തറ	
മഞ്ഞാണികാട്ടിൽ	
പത്മവിലാസം	
വലിയവീട്ടിൽ	
അറ്റത്ത്	
ആഴാം തറ കിഴക്കതിൽ	
കീർത്തി	
പനച്ചയിൽ ക്ഷേത്രം	
കായിപ്പുറത്ത്	
കാട്ടിൽതെക്കതിൽ	
തോപ്പിൽ	
പുവന്നാൽ പടീറ്റതിൽ	
നള്ളാത്ത് കാട്ടിൽ	
പുത്തൻപറമ്പിൽ	
ആനന്ദഭവനം	
ഇന്ദ്രാലയം	

പേര്	വാർഡ്
വേലിയിൽ	
വലിയപറമ്പിൽ	
നികത്തിൽ	
ആഞ്ഞിലിമൂട്ടിൽ	
കന്നേൽ	
പുളിയനാത്ത്	
കണിക്കരവടക്കതിൽ	
കണ്ടത്തിൽ	
പള്ളിപ്പാട്ട്ശ്ശേരിൽ	
അമ്പാട്ട് തെക്കതിൽ	
പുച്ച വാതുക്കൽ	
പുതുവീട്ടിൽ	
അറ്റത്തുപറമ്പിൽ	
മുട്ടാണിശ്ശേരിൽ	
ഭഗവതീകാട്ടിൽ	
പടന്നകാട്ടിൽ	
കൊടിക്കകത്ത്	
കിഴക്കേ തൈവീട്ടിൽ	
ചൈതന്യാ	
വേണാട്ടുശ്ശേരിൽ	
കോലടിത്തറ	
കാവിൻ കീഴിൽ	
കണ്ണങ്കരപടീറ്റതിൽ	
ലാൽ ഭവനം	
മുക്കേൽ	





മൃഗസംരക്ഷണവും മത്സ്യബന്ധനവും

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലെ പ്രധാന വളർത്തു മൃഗങ്ങൾ പശു, ആട്, എരുമ എന്നിവയും വളർത്തു പക്ഷികൾ കോഴി, താറാവ് മുതലായവയുമാണ്. 1993 ലെ കന്നുകാലി സെൻസസ് പ്രകാരം കന്നുകാലി സമ്പത്ത് 3173 ആയിരുന്നു. 1996 ലെ സെൻസസും പ്രകാരം 2572 ആയി ചുരുങ്ങി. പശുക്കളുടെയും എരുമകളുടെയും കാര്യത്തിലും 95% വും ഉൽപ്പാദന ക്ഷമത കൂടിയ സങ്കര വർഗ്ഗങ്ങളാണ്. 50% വിദേശ രക്തവും 50% നാടൻ രക്തവും വരത്തക്കവണ്ണം കൃത്രിമ ബീജാധാനം വഴി കേരളത്തിൽ വികസിപ്പിച്ചെടുത്ത പശുക്കളുടെ ഔദ്യോഗിക നാമം സുനന്ദിനി എന്നാണ്. ഇത് ഒരു കറവകാലത്ത് (300 ദിവസം) ശരാശരി 2000 - 2500 ലിറ്റർ പാൽ തരുന്നു. നമുക്ക് ആവശ്യത്തിനുള്ള പാൽ (ലോകാരോഗ്യ സംഘടന കണക്ക് പ്രകാരം ഒരാൾക്ക് പ്രതിദിനം 250 ഗ്രാം) ഇവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്നില്ല. ചെറിയ ചെറിയ ഉൽപ്പാദക സംഘങ്ങൾ സ്ഥാപിച്ച് കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് കൊണ്ടു വരികയും ഉള്ള ഉരുക്കളുടെ വർഗ്ഗമേന്മ കൂട്ടി കൂടുതൽ ഉൽപ്പാദന ക്ഷമത കൈവരിക്കുകയുമാണ് ഇതിനുള്ള പരിഹാരം.

പഞ്ചായത്തിലെ ഏകകൃത്രിമ ബീജാധാന കേന്ദ്രം മൂന്നാം വാർഡിൽ ഉള്ള മൃഗാശുപത്രിയാണ്. വർഷംതോറും 1800 - 2000 കൃത്രിമ ബിജാധാനം നടക്കുന്നുണ്ട്. വർഷത്തിൽ 225 - 275 കാള കുട്ടികളും 250 - 300 പശുകുട്ടികളും ജനിക്കുന്നു. എന്നാൽ ആശാസ്ത്രീയമായ പരിചരണം മൂലം 90% കാളകുട്ടികളും 30% പശു കുട്ടികളും മൂന്ന് മാസത്തിനുള്ളിൽ മരിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ ഉണ്ടായിട്ടുള്ള പുത്തൻ ശാസ്ത്ര സാങ്കേതിക ജനിതക വിപ്ലവത്തിന്റെ വിജയം ഈ മേഖലയിലേക്ക് കൂടുതൽ ജനശ്രദ്ധ ആകർഷിക്കാൻ ഇടവരുത്തിയിട്ടുണ്ട്. മറ്റ് പല മേഖലകളെയും അപേക്ഷിച്ച് ഹ്രസ്വമായ കാലയളവിൽ ചുരുങ്ങിയ മൂലധനം മുടക്കി കൂടുതൽ ആദായ വർദ്ധനവിന് ഉതകുന്ന മേഖലയാണ് ഇതെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു. കന്നുകാലി സമ്പ

ത്തിന്റെ 94% വും ഗ്രാമ പ്രദേശത്താണ്. ഉടമസ്ഥരിൽ ഭൂരിപക്ഷവും ചെറുകിട കർഷകരും കർഷക തൊഴിലാളികളും വികസനമെന്നത് ജനങ്ങളുടെ ജീവിത നിലവാരത്തെ പടിപടിയായി ഉയർത്തുന്ന സാമൂഹ്യ പ്രക്രിയ ആയതിനാൽ മൃഗസംരക്ഷണ മേഖലയിൽ ഉണ്ടാകുന്ന ഏത് പുരോഗതിയും ഗ്രാമീണ സമ്പത്ത് ഘടനയെ സമ്പുഷ്ടമാക്കും എന്ന കാര്യം സ്പഷ്ടമാണ്. പാലുൽപ്പാദനത്തിന് പുറമെ മൃഗസംരക്ഷണ മേഖലയിലെ സാദ്ധ്യതകൾ വളരെ വലുതാണ്.

1. പോഷകപ്രദമായ പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പാദനം.
2. വ്യവസായ ആവശ്യത്തിനുള്ള തുകൽ ജലാറ്റിൻ കൊഴുപ്പ് മുതലായവ.
3. ഔഷധ നിർമ്മാണത്തിന് ആവശ്യമായ ഹോർമോൺ, വാക്സിൻ എന്നിവ.
4. പരീക്ഷണ ശാലയ്ക്കുള്ള മൃഗങ്ങൾ
5. കാർഷിക മേഖലയ്ക്ക് ആവശ്യമായ ജൈവ വളം
6. ഊർജ്ജസ്രോതസ്സ് (ബയോഗ്യാസ്)
7. പേവിഷബാധാ നിയന്ത്രണം. മാംസ പരിശോധനയിലൂടെ ശുദ്ധമായ മാംസോൽപ്പാദനം.
8. സ്ത്രീകൾക്കുള്ള തൊഴിൽ സാദ്ധ്യത വർദ്ധനവ്. ഈ മേഖലയിൽ 60% അദ്ധ്വാനവും സ്ത്രീകളാണ് നിർവ്വഹിക്കുന്നത്.

1985 ജൂലൈ 16 ന് വാടക കെട്ടിടത്തിൽ ആരംഭിച്ച മൃഗാശുപത്രി 1990 മേയ് മാസത്തിൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി. വെറ്റിനറി സർജന് പകരം അസിസ്റ്റന്റ് ഡയറക്ടരുടെ തസ്തികയിലുള്ള സീനിയർ വെറ്ററിനറി സർജൻ 1987 മുതൽ സ്ഥാപനത്തിന്റെ ചുമതല വഹിക്കുന്നു. ഒരു ലൈവ് സ്റ്റോക്ക് ഇൻസ്പെക്ടർ ഒരു അറ്റന്റന്റ്, ഒരു പാർട്ട് ടൈം സ്വീപ്പർ കൂടിയുണ്ട്. പഞ്ചായത്തിന്റെ പരിധിയിൽ മൂന്ന് ക്ഷീരോൽപ്പാദക സംഘങ്ങൾ പ്രവർത്തിക്കുന്നു. രണ്ടെണ്ണം ആപ്പ്കോസും, ഒന്ന് ട്രഡീഷണലും.

കഴിഞ്ഞ പഞ്ചവത്സര പദ്ധതി കാലത്ത് നടത്തിയ പദ്ധതികൾ

1. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി : പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. 35 പശുകുട്ടികളെ ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. 4 - 9 വരെ പ്രായമുള്ളവയെയാണ് ഉൾകൊള്ളിക്കുന്നത്. 32 മാസം വരെയോ പശുകുട്ടി വളർന്ന് പ്രസവിക്കുന്നത് വരെയോ ഏതാണ് ആദ്യം എന്ന ക്രമത്തിൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നു.

2. കാലിരോഗ നിയന്ത്രണ പദ്ധതി : പഞ്ചായത്തിലെ മുഴുവൻ കന്നുകാലികളെയും പ്രതിരോധ കുത്തിവയ്പ്പിന് വിധേയമാക്കുന്നു. കാലിവസന്ത കൊളമ്പുദീനം എന്നിവയ്ക്ക്.

3. പേവിഷബാധാ നിയന്ത്രണം : കഴിഞ്ഞ വർഷം 280 വളർത്ത് നായ്ക്കൾക്ക് സൗജന്യ കുത്തിവയ്പ്പ് നടത്തി. പ്രതിരോധ കുത്തിവയ്പ്പ് നിർബന്ധമാക്കുകയും ആലഞ്ഞ് തിരിയുന്ന നായ്ക്കളെ നശിപ്പിക്കുകയും വേണം. ആവശ്യമായ വാക്സിൻ കിട്ടുന്നില്ല. പഞ്ചായത്ത് ലൈസൻസ് നിർബന്ധമാക്കണം. നായ്ക്കളെ തിരിച്ചറിയാൻ കഴുത്തിൽ പ്രത്യേകതരം താലി നിർബന്ധമാക്കണം.

പേവിഷബാധ – പ്രതിരോധവും ചികിത്സയും

വിവരം	പശു	എരുമ	ആട്	പട്ടി	പൂച്ച	മറ്റുള്ളവ
പ്രതിരോധ കുത്തിവയ്പ് നൽകിയവയുടെ എണ്ണം				250		
കടിയേറ്റതിന് ശേഷം കുത്തിവയ്പ്പ് നടത്തിയവയുടെ എണ്ണം	6		10			

വളർത്ത് മൃഗസംഖ്യ

വാർഡ് നമ്പർ	കാള നാടൻ		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പട്ടി	ആന
	വംശ വർദ്ധനവ്	മറ്റുള്ളവ	വംശ വർദ്ധനവ്	മറ്റുള്ളവ	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്	കറവ ഉള്ളത്	കറവ ഇല്ലാത്തത്				
1	2	3	4	5	6	7	8	9	10	11	12	13	14	15
കാർത്തികപ്പള്ളി പഞ്ചായത്ത്			4	115	212	175	620	345	12	5	5	972	750	-

വളർത്ത് പക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ട ഇടാത്തത്	ആൺ	പെൺ	
1	2	3	4	5	6	7
കാർത്തികപ്പള്ളി പഞ്ചായത്ത്	1200	5220	3120	50	2000	1000

4. പൗൾട്രി വികസനം : കോഴി വളർത്തൽ പദ്ധതിയുടെ ഭാഗമായി 333 കുടുംബങ്ങൾക്ക് കോഴി കുഞ്ഞുങ്ങളെ സൗജന്യ നിരക്കിൽ വിതരണം ചെയ്തു (SC / ST ക്ക് സൗജന്യമായും) രണ്ട് മാസം പ്രായമായ 5 പിടകോഴി കുഞ്ഞുങ്ങൾ അടങ്ങുന്ന കിറ്റുകളാണ് നൽകിയത്. മുഴുവൻ കുടുംബങ്ങളിലും ഈ പദ്ധതി പ്രാവർത്തികമാക്കണം.

5. എഗ്ഗർ നഴ്സറി : മുട്ടയുൽപ്പാദനം , വർദ്ധിപ്പിക്കാൻ ഉദ്ദേശിച്ചുള്ള ഈ പദ്ധതി പ്രകാരം 2 എണ്ണം അനുവദിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള കോഴി കുഞ്ഞുങ്ങളെ കൊടുക്കുകയാണ് ലക്ഷ്യം. ഒരു ദിവസം പ്രായമായ കോഴി കുഞ്ഞിനെ 60 ദിവസം വരെ വളർത്തി പ്രതിരോധ കുത്തിവയ്പ്പ് നടത്തി വിപണനം ചെയ്യുകയാണ്. പദ്ധതിയുടെ ലക്ഷ്യം നഴ്സറിക്ക് ആവശ്യമായ ചെലവിൽ 15,000 രൂപ സബ്സിഡിയായി സർക്കാർ നൽകും. 500 കോഴി കുഞ്ഞുങ്ങൾ അടങ്ങുന്ന യൂണിറ്റുകളാണ്. വളർത്തേണ്ടത്. 5 വർഷമെങ്കിലും മുടക്കം കൂടാതെ പ്രവർത്തിക്കണം. ഒരു ദിവസം പ്രായമായ കോഴികുഞ്ഞുങ്ങളെ കിട്ടാനുള്ള വിഷമം കോഴിത്തീറ്റയുടെ വിലവർദ്ധനവ് ഗുണഭോക്താക്കളുടെ താൽപ്പര്യ കുറവ് എന്നിവ പദ്ധതിക്ക് തടസ്സമാണ്.

രോഗവിവരങ്ങൾ

ക്രമ നമ്പർ	രോഗങ്ങൾ	പശു	എരുമ	ആട്	പന്നി	പട്ടി	കോഴി	താറാവ്	പൂച്ച	ആന	മറ്റുള്ളവ
1	2	3	4	5	6	7	8	9	10	11	12
1.	ദഹനസംബന്ധമായ Digestive Disorders	1100	20	300		25	35	12			5
2.	ശ്വാസകോശസംബന്ധം Respiratory Diseases	322	4	175		4	76	20			
3.	ഉപാപമയ സംബന്ധം Metabolic Diseases	64	3	12		40					12
4.	തൃക്ക് രോഗങ്ങൾ Skin Diseases	812	12	76		14	25		5		10
5.	ധാതുലവണങ്ങളുടെ അഭാവം Deficiency diseases	213	6	82			112	10			
6.	പരാദരോഗങ്ങൾ Parasitic Diseases	1212	11	710		26	212	70	4		14
7.	പ്രത്യുൽപ്പാദന വ്യവസ്ഥയുമായി ബന്ധപ്പെട്ടവ. Gynaecological Disorder	217	4	17			2				
8.	വന്ധ്യത Infertility	320	2	11							
9.	അകിട് വീക്കം Mastitis	390	2	39							
10.	മുടന്തൻ പനി Ephimerial Fever	1090	3	25							
11.	പകർച്ച വ്യാധികൾ Contasion diseases	110	2	76		3	782	420			15

6. താറാവ് വളർത്തൽ : ഒരു താറാവിന് 10 രൂപ നിരക്കിൽ സഹായത്തോടെ ഒരു യൂണിറ്റിൽ 20 താറാവുകൾ ഉൾക്കൊണ്ട 250 താറാവ് വളർത്തൽ യൂണിറ്റാണ് ജില്ലയ്ക്ക് അനുവദിച്ചിട്ടുള്ളത്. പദ്ധതി നേരിടുന്ന പ്രയാസം നല്ലയിനം താറാവിൻ കുഞ്ഞുങ്ങളെ കിട്ടാനുള്ള പ്രയാസം.

7. ആട് വളർത്തൽ : സൗജന്യ നിരക്കിൽ 2 പെണ്ണാട്ടിൻ കുഞ്ഞുങ്ങളെ വീതം നൽകുന്നു. ഈ വർഷം ജില്ലയിൽ 200 യൂണിറ്റ് തുടങ്ങുന്നു.

8. ഗോരക്ഷാ ക്യാമ്പ് : വർഷംതോറും രണ്ട് ക്യാമ്പുകൾ നടത്തുന്നു. പ്രതിരോധ കുത്തിവയ്പ്പ് സൗജന്യ മൃഗ ചികിത്സാ ചർച്ചാ ക്ലാസ്സ് എന്നിവ നടത്തുന്നു. ക്യാമ്പിന് അനുവദിക്കുന്ന ചെലവ് 200 രൂപ.

9. I.R.D.P. പദ്ധതി ബ്ലോക്കിൽ നിന്നും കന്നുകാലി വളർത്തുന്നതിന് സബ്സിഡിയും ബാങ്ക് വായ്പയും ലഭ്യമാക്കുന്നു. തെരഞ്ഞെടുക്കുന്ന ഗുണഭോക്താക്കളുടെ എണ്ണം പരിമിതമാണ്.

മൃഗസംരക്ഷണ മേഖലയിൽ നടപ്പാക്കാൻ കഴിയുന്ന പദ്ധതികൾ

മിനി ഡയറി യൂണിറ്റ് : മൂന്ന് പശുക്കളടങ്ങുന്ന യൂണിറ്റ്. പകുതി ബാങ്ക് വായ്പ. 1/4 സബ്സിഡി. ബാക്കി ഗുണഭോക്തൃ വിഹിതം. അംഗങ്ങൾ നിർബന്ധമായും പാൽ സൊസൈറ്റിയിൽ മെമ്പർമാരാകണം.

കൃത്രിമ ബീജസങ്കലന വിവരങ്ങൾ

വളർത്തുമൃഗം ഇനം	ആകെ എണ്ണം	കൃത്രിമ ബീജസങ്കലനം നടത്തിയവ	ഗർഭധാരണത്തിന് രണ്ടിലധികം തവണ ബീജ സങ്കലനം വേണ്ടിവന്നവ
പശു	839		
കിടാരി	542	1090	763
എരുമ	17		

കന്നുകുട്ടി പരിപാലനം

പഞ്ചായത്തിലെ എല്ലാ പശുകുട്ടികളെയും എരുമ കുട്ടികളെയും പദ്ധതിയുടെ കീഴിൽ കൊണ്ടുവരുക. ഇവയ്ക്ക് 32 മാസം വരെയോ പ്രസവിക്കുന്നത് വരെയോ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുക. ഇൻഷ്വറൻസ് ഏർപ്പെടുത്തുക.

എരുമ വളർത്തൽ

നമ്മുടെ പഞ്ചായത്തിൽ എരുമ വളർത്തുന്നവർ കുറവാണ്. പത്തിൽ താഴെ മാത്രം. വേണ്ടത്ര കുളങ്ങളും മുണ്ടകചാലുകളും തോടുകളും നിറഞ്ഞ ഈ പ്രദേശത്ത് എരുമ വളർത്തലും പാലുൽപ്പാദനവും വർദ്ധിപ്പിക്കാൻ സാധ്യതയുണ്ട്. ധനകാര്യ സ്ഥാപനങ്ങൾ വഴി ലോൺ കൊടുത്ത് കൊണ്ട് ഈ രണ്ട് എരുമകളുള്ള യൂണിറ്റുകൾ ആരംഭിക്കാം. സബ്സിഡിയും അനുവദിക്കാവുന്നതാണ്.

മാംസോൽപ്പാദന രംഗം

മാംസത്തിന്റെ ആവശ്യം വർദ്ധിച്ചുവരുന്നു. പഞ്ചായത്തിൽ 95% പേരും മാംസം ഉപയോഗിക്കുന്നവരാണ്. ഇറച്ചി കോഴി വളർത്തൽ ആട് വളർത്തൽ കാളകുട്ടി - പോത്ത്കുട്ടി വളർത്തൽ മൂയൽ, പന്നി, കാട, ടർക്കി താറാവ് വളർത്തൽ പ്രോത്സാഹിപ്പിക്കാവുന്നതാണ്. മാംസോൽപ്പാദക സഹകരണ സംഘങ്ങൾ രൂപീകരിക്കുകയും വേണം. 4, 5 വാർഡുകൾ പ്രവർത്തന മേഖലയാക്കി ആദ്യ സംഘം തുടങ്ങണം.

ബ്രോയിലർ കോഴി വളർത്തൽ

പഞ്ചായത്തിൽ ഒരു ബ്രോയിലർ യൂണിറ്റുണ്ട്. നമുക്ക് ആവശ്യമായ കോഴി ഇറച്ചി പുറത്ത് നിന്നും വാങ്ങുകയാണ്. ബ്ലോക്ക് അടിസ്ഥാനത്തിൽ ബ്രോയിലർ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് മാംസോൽപ്പാദക സഹകരണ സംഘങ്ങൾ വഴി വിതരണം ചെയ്യുകയും പ്രായമായ കോഴികളെ ശേഖരിച്ച് സംഘം വഴി വിപണനം ചെയ്യുകയും വേണം. വിൽക്കുന്ത്ര കോഴികുഞ്ഞുങ്ങളെ വാങ്ങുന്നതിനുള്ള ഫാമുകളും ആരംഭിക്കണം.

250 കുഞ്ഞുങ്ങളങ്ങുന്ന യൂണിറ്റാണ് അഭികാമ്യം.

ആട് വളർത്തൽ

പാവപ്പെട്ടവന്റെ പശുവാണ് ആട്. ആട് വളർത്തലിൽ താൽപര്യമുള്ള കൃഷിക്കാർ ധാരാളമുണ്ട്. തീറ്റയ്ക്കുള്ള പ്ലാവ്, ശീമകൊന്ന, സുബാബുൽ എന്നിവ സുലഭം. വീട്ടമ്മമാരുടെയും കുട്ടികളുടെയും താൽപര്യം മുതലാക്കി ആട് കൃഷി വികസിപ്പിക്കാനും മാംസോൽപ്പാദനം വർദ്ധിപ്പിക്കാനും കഴിയും. തെരഞ്ഞെടുക്കപ്പെടുന്ന വനിതകൾക്ക് മൂന്ന് ആട്ടിൻ കുഞ്ഞുങ്ങൾ അടങ്ങുന്ന യൂണിറ്റ് നൽകണം. ഇൻഷ്വറൻസും ഏർപ്പെടുത്തണം. സ്കൂളുകളിൽ ആട് വളർത്തൽ ക്ലബ്ബുകൾ പരീക്ഷണാർത്ഥം സംഘടിപ്പിക്കാവുന്നതാണ്.

പന്നി വളർത്തൽ

വിജയപ്രദമായി നടത്താവുന്ന ഒന്നാണിത്. ഒരു യൂണിറ്റിൽ രണ്ട് പെൺ പന്നികുഞ്ഞും, ഒരു ആൺ പന്നികുഞ്ഞും ഉണ്ടായിരിക്കണം. ഹോട്ടലുകൾ സദ്യാലയങ്ങൾ അറവ് ശാല ചെമ്മീൻ ഷെഡ് എന്നിവിടങ്ങളിൽ നിന്ന് ലഭിക്കുന്ന ഉച്ഛിഷ്ടങ്ങൾ കൊടുത്ത് പന്നി വളർത്തൽ വിജയപ്രദമാക്കാം.

മുയൽ വളർത്തൽ

ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടാക്കുന്ന കൊഴുപ്പ് തീരെകുറവായ മുയൽ ഇറച്ചി മാംസ്യാഹാരകമ്മി നികത്താൻ അനിയോജ്യമാണ്. 10 പെൺ മുയലും 2 ആൺ മുയലും അടങ്ങുന്ന യൂണിറ്റുകൾ സൗജന്യമായി വിതരണം ചെയ്യണം. വലിയ മുതൽ മുടക്കില്ലാതെ നടത്തി കൊണ്ട് പോകാവുന്ന തൊഴിലാണ് ഇത്.

കാട കൃഷി

ഇറച്ചിക്കും മുട്ടയ്ക്കും വേണ്ടി കാട വളർത്താവുന്നതാണ്. 100 കാട കുഞ്ഞുങ്ങൾ അടങ്ങിയ യൂണിറ്റ് തുടങ്ങണം.

മുട്ടയുൽപ്പാദനം

കോഴി, താറാവ്, ടർക്കി, കാട, ഗിനി എന്നിവയെ ശാസ്ത്രീയമായി സംരക്ഷിച്ച് മുട്ടയുൽപ്പാദനം വർദ്ധിപ്പിക്കാം. നമുക്ക് ആവശ്യമുള്ള മുട്ടയെങ്കിലും ഇവിടെ ഉൽപ്പാദിപ്പിക്കാൻ കഴിയണം. ഭക്ഷണത്തിൽ മാംസ്യത്തിന്റെ തോത് ഉയർത്താൻ വീട്ടമ്മമാർക്ക് ഒരു വരുമാന മാർഗ്ഗമാകാൻ ഇത് സഹായിക്കും. പഞ്ചായത്തിൽ രണ്ട് എഗ്ഗർ നഴ്സറികളുണ്ട്. പ്രവർത്തനം തൃപ്തികരമല്ല.

താറാവ് വളർത്തൽ

20 താറാവടങ്ങുന്ന യൂണിറ്റുകൾ താൽപര്യമുള്ള മുഴുവൻ കർഷകർക്കും നൽകുക.

കാലിത്തീറ്റ കോഴിത്തീറ്റ ഉൽപ്പാദനം

ബ്ലോക്ക് തലത്തിലോ പഞ്ചായത്ത് അടിസ്ഥാനത്തിലോ കാലിത്തീറ്റ ഉൽപ്പാദനം ആരംഭിക്കുക. അവ സൗജന്യ നിരക്കിൽ സൊസൈറ്റികൾ വഴി വിപണനം ചെയ്യുക. പുറംപോക്ക് സ്ഥലങ്ങൾ തെങ്ങിൻ തോപ്പുകൾ വഴിയോരങ്ങൾ വരമ്പുകൾ ഓഫീസ് വളപ്പുകൾ സ്കൂൾ ഗ്രൗണ്ടുകൾ എന്നിവിടങ്ങളിൽ തീറ്റപ്പുൽ കൃഷി ചെയ്യുക. മിച്ചം വരുന്ന പുല്ല് സൈലേജ് ആക്കി സൂക്ഷിക്കുക. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈക്കോൽ യൂറിയ ചേർത്ത് ഗുണമേന്മയുള്ളതാകുന്നതിന് കർഷകർക്ക് സഹായം നൽകുക.

കന്നുകാലി തൂകലും അറവ് ശാല ഉൽപ്പന്നങ്ങളും

ഇവ വിൽകുന്നതിന് വിപണി കണ്ടെത്തണം. പാഴായി പോകുന്ന ജൈവവളം സൂക്ഷിക്കാൻ മാതൃകാ കന്നുകാലി തൊഴുത്ത് സൗജന്യ നിരക്കിൽ നിർമ്മിക്കാൻ സഹായിക്കണം. ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് ഊർജ്ജ പ്രതിസന്ധി പരിഹരിക്കാവുന്നതാണ്.

മാംസ പരിശോധന

അറവ് ശാലകൾ വഴി വിൽപ്പന നടത്തുന്ന മാംസം വെറ്ററിനറി സർജൻ പരിശോധിച്ച് മുദ്ര വച്ചതാണെന്ന് ഉറപ്പു വരുത്തുക.

കന്നുകാലികളുടെ ആകസ്മിക മരണം

മുഴുവൻ കന്നുകാലികളെയും ഇൻഷുർ ചെയ്യുക. പഞ്ചായത്തിന് വേണ്ടി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുക.

കർഷക പരിശീലനം

കാലാകാലങ്ങളിൽ ഉണ്ടാകുന്ന ശാസ്ത്രീയ നേട്ടങ്ങൾ കൃഷിക്കാർക്ക് പറഞ്ഞ് കൊടുക്കുന്നതിന് പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കണം.

ഗോ രക്ഷാ ക്യാമ്പ്

വിപുലമായി നടത്തണം. സൗജന്യ കൃത്രിമ വയ്പ്പ് രോഗ ചികിത്സാ ചർച്ചാ ക്ലാസ്സുകൾ ഉണ്ടാ

യിരിക്കണം.

കർഷകർക്ക് അംഗീകാരം

മൃഗസംരക്ഷണ മേഖലയിൽ നല്ല പ്രവർത്തനം കാഴ്ച വയ്ക്കുന്ന കർഷകർക്ക് എല്ലാ വർഷവും അവാർഡ് നൽകണം. അതിന് വ്യാപകമായ പ്രചരണവും നൽകണം.

മൃഗസംരക്ഷണ മേഖലയിലെ സാധാരണ പ്രശ്നങ്ങൾ

1. ഗുണനിലവാരമുള്ള തീറ്റയുടെ അഭാവം. അനിയന്ത്രിത വിലയും.
2. ഉൽപ്പാദന ചിലവിന് അനുസൃതമായ പാൽവില കിട്ടുന്നില്ല. ഉപഭോക്താവിന് മിതമായ വിലയ്ക്ക് പാലും ലഭ്യമല്ല.
3. വിപണന രംഗത്തെ അപര്യാപ്തത.
4. ഭാരിച്ച ചികിത്സാ ചിലവ്.
5. വായ്പ നൽകുന്നതിനുള്ള ധനകാര്യ സ്ഥാപനങ്ങളുടെ വിമുഖത.
6. ഇൻഷ്വറൻസിന്റെ അപര്യാപ്തത.
7. ഗുണമേന്മയുള്ള പക്ഷിമൃഗാദികളുടെ ദൗർലഭ്യം.
8. ചുരുങ്ങുന്ന തീറ്റപ്പുൽ കൃഷി.
9. ആശാസ്ത്രീയമായ മാംസോൽപ്പാദന വിപണന രീതികൾ.
10. ആസൂത്രതമല്ലാതെ വിവിധ ഏജൻസികൾ മൃഗ സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുന്നത് മൂലമുള്ള ബുദ്ധിമുട്ടുകൾ.
11. പരിജ്ഞാനം ഇല്ലാത്തവരുടെ മൃഗചികിത്സ.
12. കുറഞ്ഞ വനിതാ പങ്കാളിത്തം.
13. കാലാനുസൃത സൗകര്യമില്ലാത്ത മൃഗാശുപത്രിയും, ഉപകരണങ്ങളും.
14. സമഗ്ര പേവിഷ നിയന്ത്രണത്തിന്റെ തുടർ പരിപാടിയുടെ അഭാവം.

പരിഹാരമാർഗ്ഗങ്ങൾ

പ്രാദേശിക വിഭവങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി സഹകരണ തീറ്റ നിർമ്മാണ യൂണിറ്റുകൾ സ്ഥാപിക്കണം. പാലിന് ന്യായമായ വില കിട്ടത്തക്കവണ്ണം പാൽ വിതരണ സ്ഥാപനങ്ങൾ പുനർ ആസൂത്രണം ചെയ്യണം. മൃഗാശുപത്രികളിൽ വേണ്ടത്ര മരുന്ന് അനുവദിക്കുക. പഞ്ചായത്ത് മുൻകൈ എടുത്ത് പക്ഷി മൃഗാദികൾക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്തുക. 500 പശുക്കൾക്ക് 1 എന്ന തോതിലെങ്കിലും കൃത്രിമ ബീജ സങ്കലന കേന്ദ്രങ്ങൾ സ്ഥാപിക്കുക. ആധുനിക രീതിയിലുള്ള അറവ് ശാലകൾ സ്ഥാപിക്കുക. മൃഗ സംരക്ഷണ മേഖലയിലെ പ്രവർത്തനങ്ങൾ ഏകോപിപിച്ച് ശാസ്ത്രീയമായി നടപ്പിലാക്കുക. മൃഗചികിത്സാ രജിസ്ട്രേഷൻ ഉള്ളവർക്ക് മാത്രമായി നിജപ്പെടുത്തുക. വനിതാ സംഘങ്ങൾ രൂപീകരിച്ച് പാലും പാൽ ഉൽപ്പന്നങ്ങൾ മുട്ട ഇറച്ചി മുതലായവയും വിപണനം ചെയ്യുക. മൃഗാശുപത്രി വികസന സമിതികൾ രൂപീകരിച്ച് ജനപങ്കാളിത്തത്തോടെ മുന്നോട്ട് പോവുക. നിലവിലുള്ള ആശുപത്രിയുടെ പോരായ്മകൾ പരിഹരിക്കുക. താലൂക്ക് അടിസ്ഥാനത്തിൽ മൃഗസംരക്ഷണ പ്രവർത്തനം ഒരു ഡെപ്യൂട്ടി ഡയറക്ടറുടെ ചുമതലയിൽ ആക്കുക. 8-ാം പഞ്ചവത്സര പദ്ധതിയിൽ മൃഗസംരക്ഷണ മേഖല സംസ്ഥാനത്തെ ആഭ്യന്തര ഉൽപ്പാദനത്തിന്റെ 10.26% മാത്രമാണ് സംഭാവന നൽകിയത്. 9-ാം പദ്ധതിയിൽ തന്മൂലം നാം ബഹുദൂരം പോകേണ്ടിയിരിക്കുന്നു.

ഗ്രാമസഭയിൽ കേട്ടത്

കാലിത്തീറ്റ വില കുറയ്ക്കുക. പുല്ല് വച്ച് പിടിപ്പിക്കാൻ സംവിധാനം ഉണ്ടാക്കുക. പാൽ വിൽക്കാൻ മാർഗ്ഗമില്ല. വിദഗ്ദ്ധോപദേശം കിട്ടുന്നില്ല. എരുത്തിൽ വളകുഴി നിർമ്മാണത്തിന് ധനസഹായം കിട്ടണം. കുളമ്പ് പനി വിഷബാധ അകിട് വീക്കം തടയണം. സങ്കരയിനം പശുക്കളെ നൽകണം. ആവശ്യമുള്ള സ്ഥലങ്ങളിൽ സൊസൈറ്റികൾ തുടങ്ങണം. കോഴി മുയൽ വളർത്താൻ സഹായം വേണം. ഡയറി ഫാം ഗോട്ട് ഫാം തുടങ്ങണം. അനധികൃത ഇറച്ചി വ്യാപാരം തടയണം മുട്ടയുൽപ്പാദന യൂണിറ്റ് ആരംഭിക്കണം. ഗോബർ ഗ്യാസ് പ്ലാന്റ് തുടങ്ങണം. മൃഗാശുപത്രിയുടെ സേവനം കിട്ടുന്നില്ല. കന്നുകുട്ടികൾ താറാവ് കോഴി പാവപ്പെട്ടവർക്കെല്ലാം കിട്ടണം. ഇറച്ചി കോഴി യൂണിറ്റ് വേണം.

മത്സ്യബന്ധനം

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിന്റെ 6, 7, 9 വാർഡുകൾ പൂർണ്ണമായും 8-ാം വാർഡ് ഭാഗി

കമായും ഒന്നിടവിട്ട് തോടും ചിറയും ഉൽപ്പെട്ട താണ്. ചെമ്പ്തോട് വാളാന്തോട്, പുത്തോട് പുളിക്കീഴ് ആറ്, കാർത്തികപ്പള്ളി തോട്, വട്ടക്കായൽ എന്നിവയാണ് പ്രധാന ജലാശയങ്ങൾ. ധാരാളം കുളങ്ങളും ഉണ്ട്. മുണ്ടകചാലുകളും 4 ദശാബ്ദം മുമ്പ് വരെ ഇവയിൽ നിന്നും ആറ്റ് കൊഞ്ച്, ചെമ്മീൻ, മുട്ടിചെമ്മീൻ, വാള, കണമ്പ്, കരിമീൻ, ചേറുമീൻ, വരാൽ, കാരി, കുരി, കോര, ഞണ്ട്, കക്ക എന്നിവ സുലഭമായി കിട്ടിയിരുന്നു.

തോട്ടപ്പള്ളി സ്പിൽ വേയുടെ ആഗമനവും കുട്ടനാടൻ വയലേലകളിൽ നിന്നും പുറംതള്ളപ്പെടുന്ന വിഷജലവും ആഫ്രിക്കൻ പായലും, പണ്ട് തൊണ്ട് കറയും ഇപ്പോൾ ചകിരിചോറും ചകിരി കറയും ഈ ഉൾനാടൻ മത്സ്യ സമ്പത്തിനെ ഉന്മൂല നാശം വരുത്തി എന്നു തന്നെ പറയാം. മുണ്ടകൻ കൃഷി നിന്ന് പോയതിനാൽ മത്സ്യങ്ങൾക്ക് പ്രജനനം നടത്താൻ കഴിഞ്ഞിരുന്ന കച്ചി കുറ്റികളും ഇല്ലാതായി. കടൽ മത്സ്യം ധാരാളമായി കിട്ടികൊണ്ടിരുന്നപ്പോൾ ഉൾനാടൻ മത്സ്യകൃഷിയും മീൻ പിടുത്തവും എല്ലാം ഒരു കടങ്കഥയായി മാറി. കടൽ മീനിന്റെ ദൗർലഭ്യവും തീവിലയും ശാസ്ത്രീയ മത്സ്യകൃഷി ആദായമാർഗ്ഗമാണെന്ന് മനസ്സിലാക്കാൻ കഴിഞ്ഞതോടെ. കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലും പരീക്ഷണാർത്ഥം. ചില കർഷകർ മത്സ്യ കൃഷി ആരംഭിച്ചിട്ടുണ്ട്. തെങ്ങിൻ തോപ്പുകളിൽ സുലഭമായുള്ള ജലാശയങ്ങളിലും ചാലുകളിലും ശാസ്ത്രീയമായി മത്സ്യ കൃഷി തുടങ്ങിയാൽ സാമ്പത്തിക പരാധീനതയിൽ അകപ്പെട്ട ചെറുകിട പരിമിത കർഷകർക്ക് അതിൽ നിന്നും കരകയറാനുള്ള ഒരു സുവർണ്ണാവസരമാകും കൈവരുന്നത്. പഞ്ചായത്തിൽ വല വീശി മീൻ പിടിച്ച് ഉപജീവനം നടത്തുന്ന ഉൾനാടൻ മത്സ്യ തൊഴിലാളികൾ ഉണ്ട്. ഓരു ബണ്ടിടുന്നതിനാൽ നീരൊഴുക്ക് തടസ്സപ്പെട്ട് ജലാശയങ്ങളിൽ പായൽ നിറയുന്നതും നഞ്ച് കലക്കൽ ചകിരികറമൂലം ജലം മലിനപ്പെടുന്നതും മത്സ്യരോഗം നിമിത്തവും ഈ വിഭാഗം തൊഴിലാളി കുടുംബങ്ങൾ പട്ടിണിയിലാണ്.

മത്സ്യ - ചെമ്മീൻ കൃഷി

ശാസ്ത്രീയമായ മത്സ്യ ചെമ്മീൻ കൃഷിയെ കുറിച്ച് താൽപ്പര്യമുള്ള കൃഷിക്കാരെ വിളിച്ച് കൂട്ടി ബോധവൽക്കരണ സെമിനാറുകൾ നടത്തണം. പഞ്ചായത്ത് അടിസ്ഥാനത്തിൽ മത്സ്യകൃഷി സഹകരണ സംഘങ്ങൾ സ്ഥാപിക്കണം. നല്ലയിനം മത്സ്യ ചെമ്മീൻ കുഞ്ഞുങ്ങൾ കുറഞ്ഞ വിലയ്ക്ക് കൃഷിക്കാർക്ക് കിട്ടണം. വർഷകാല കെടുതികൾ ബാധിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം. ഉദാരമായ പലിശ നിരക്കിൽ ബാങ്ക് വായ്പ ഉറപ്പാക്കി കൂടുതൽ കർഷകരെ ഈ രംഗത്തേക്ക് ആകർഷിക്കണം. ഉൽപ്പാദിപ്പിക്കപ്പെടുന്ന മത്സ്യം കേട് കൂടാതെ സൂക്ഷിക്കുന്നതിനും ലാഭകരമായി വിറ്റഴിക്കുന്നതിനും സാധിക്കണം.

കൃഷി ചെയ്യേണ്ട വിധം

വേനൽ കാലത്താണ് കുളം ഒരുക്കേണ്ടത്. തറനിരപ്പ് വരുത്തണം. ആവശ്യത്തിന് വെയിലുള്ള ഇടമായിരിക്കണം. ഒരു ചെറിയ പാളിയിൽ കൂടുതൽ ചെളി ഉണ്ടായിരിക്കരുത് വെള്ളം പൊങ്ങിയാൽ ഇടിഞ്ഞ് പോകാത്ത വിധം ബലമായി ബണ്ട് ഉറപ്പിക്കണം. വെള്ളം കയറ്റി ഇറക്കുന്നതിന് പറ്റിയ ചാലുകൾ വേണം. കുളത്തിന്റെ ആഴം ഒരിക്കലും അരമീറ്ററിൽ കുറയരുത്. വെള്ളം വറ്റിച്ച് അമോണിയം ഫോസ്ഫേറ്റും കുമ്മായവും ഇടുക. ഒരുക്കിയ കുളത്തിൽ ഏക്കറിന് രണ്ട് ടൺ വീതം ചാണകവും അമ്ലാംശത്തിന്റെ തോത് അനുസരിച്ച് കുമ്മായവും ചേർക്കുക. പോഷകമൂല്യങ്ങൾ കുറവാണ് മണ്ണിലെങ്കിൽ രാസവളവും ഇടണം. ഇതിന് ശേഷം ജലം അരിച്ച് കുളത്തിലേക്ക് കയറ്റണം. ഒരാഴ്ചയ്ക്ക് ശേഷം വീണ്ടും പരിശോധിച്ച് ഏക്കർ ഒന്നിന് പതിനായിരം വീതം കൊഞ്ചിന്റെ കുഞ്ഞുങ്ങളെ ഇടാവുന്നതാണ്. ആദ്യത്തെ ഒരു മാസം പിണ്ണാക്കും തവിടും കുഴച്ച് കുളത്തിന്റെ പല ഭാഗങ്ങളിലായി ഇട്ട് കൊടുക്കണം. അതിന് ശേഷം പിണ്ണാക്കും തവിടും കക്കയിറച്ചിയും വേണ്ടും വണ്ണം കൊടുക്കണം. ഓരോ ദിവസവും കുളത്തിലെ 10% ജലം മാറ്റി പുതിയ ജലം കയറ്റണം. 5 മാസം മുതൽ വിളവെടുപ്പ് തുടങ്ങാം. 50 ഗ്രാമിനു മുകളിൽ തൂക്കമുള്ള കൊഞ്ച് 60% എങ്കിലും കിട്ടിയിരിക്കും. ചെറിയ കൊഞ്ചിനെ വീണ്ടും കുളത്തിലേക്ക് വിടാം. ഒപ്പം ഒരു മാസം നഴ്സറിയിൽ വളർത്തിയ കൊഞ്ചിൻ കുഞ്ഞുങ്ങളെ ആവശ്യാനുസരണം വിടണം.



വ്യവസായം

കയർ

കയർ വ്യവസായ രംഗത്ത് പണിയെടുക്കുന്നവരാണ് പഞ്ചായത്തിലെ 6 മുതൽ 9 വരെ വാർഡിലെ ജനങ്ങളിൽ ഭൂരിപക്ഷവും തൊണ്ടഴുക്കുന്നതിന് അനുയോജ്യമായ തോടുകലും ചാലുകളും ഉള്ളത് കൊണ്ട് മറ്റ് സ്ഥലങ്ങളിൽ നിന്നും ആദ്യകാലത്ത് വള്ളങ്ങളിൽ തൊണ്ട് കൊണ്ടുവരുന്നതിനും കയർ ഉൽപ്പന്നങ്ങൾ ജലമാർഗ്ഗേണ വിപണികളിലെത്തിക്കുന്നതിനുമുള്ള സൗകര്യം ഉണ്ടായിരുന്നതിനാലും ആയിരിക്കാം. കയർ വ്യവസായം ഇവിടെ വേരുന്നിയത്. ആറാട്ടുപുഴ തരം കയറാണ് ഉൽപ്പാദിപ്പിക്കുന്നത്. പൊൻമാല പോലെ തോന്നിപോകുന്ന "മഹാദേവികാട് സ്പെഷ്യൽ" വിപണിയിൽ പ്രസിദ്ധമാണ്.

അസംസ്കൃത വസ്തുവായ തൊണ്ടിന്റെയും ചകിരിയുടെയും ദൗർലഭ്യം ഉൽപ്പാദന മേഖലയെ വർഷങ്ങളായി സ്തംഭിപ്പിച്ചു. ആകെയുള്ള 7 കയർ വ്യവസായ സംഘങ്ങളും തകർച്ചയെ നേരിടുന്നു. ഈ രംഗത്ത് പ്രവർത്തിക്കുന്ന മുഴുവൻ കയർ തൊഴിലാളികളെയും ഉൾകൊള്ളാനോ അംഗങ്ങളായവർക്കെല്ലാം തൊഴിൽ നൽകാനോ മെച്ചപ്പെട്ട വേതനം കൊടുക്കാനോ സദുദ്ദേശത്തോടെ ആരംഭിച്ച സംഘങ്ങൾക്കൊന്നും ഒരിക്കലും കഴിഞ്ഞില്ല. പ്രവർത്തന മൂലധനത്തിന്റെ കുറവ് അസംസ്കൃത വസ്തുക്കളുടെ ഇല്ലായ്മയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കാൻ കഴിയാത്ത ദുസ്ഥിതിയും, തന്മൂലം ഉണ്ടായ വ്യവസായ സതംഭനവും സ്ഥാപനങ്ങൾ നഷ്ടത്തിലാക്കി.

ഉൽപ്പാദന മേഖലയിൽ തന്നെ കയറിന്റെ അനുബന്ധ വ്യവസായങ്ങൾ സ്ഥാപിക്കുവാൻ കഴിയാതെ പോയത് ഈ രംഗത്ത് സംഭവിച്ച പാളിച്ച തന്നെയാണ്. കയറും കയർ ഉൽപ്പന്നങ്ങളും കയറ്റുമതി ചെയ്യാനുള്ള തുറമുഖ സൗകര്യമാണ് പായ്, തടുക്ക്, പരവതാനികൾ തുടങ്ങിയവ ഉൽപ്പാദിപ്പിക്കാനുള്ള വ്യവസായ കേന്ദ്രമായി ആലപ്പുഴയെ മാറ്റിയതെങ്കിൽ കഴിഞ്ഞ കാൽനൂ

റ്റാണ്ടായി ഒരു കപ്പൽ പോലും അടുക്കാത്ത ആല പ്പുഴയിൽ ഇന്നും കയർ ഉൽപ്പന്ന ഫാക്ടറികൾ നിലനിൽക്കുന്നത് എന്തുകൊണ്ടാണെന്ന് ചിന്തി ക്കണം. കാർത്തികപ്പള്ളി താലൂക്ക് കയർ മാറ്റ്സ് & മാറ്റിംഗ്സ് സഹകരണ സംഘം എന്ന ഒരു സ്ഥാപനം 70 കളുടെ ആരംഭത്തിൽ രജിസ്റ്റർ ചെയ്തുവെങ്കിലും പ്രവർത്തനം ആരംഭിക്കാതെ തന്നെ ലികിഡേഷൻ ലിസ്റ്റിലായി.

കർണാടകം തമിഴ്നാട് എന്നീ സംസ്ഥാന ങ്ങളിൽ നിന്നും കൊണ്ടു വരുന്ന പച്ചതൊണ്ടിന്റെ ചകിരി സ്വകാര്യ കച്ചവടക്കാർ വിതരണം ചെയ്യു ന്നതുകൊണ്ട് ഉൽപ്പാദന മേഖല ചലിക്കുന്നുണ്ട്. അഴുകിയ ചകിരിനാരിന്റെ അഭാവം ഗുണമേന്മയെ ബാധിച്ചിട്ടുണ്ട്. ആഭ്യന്തര വൈദേശിക വിപണ യിലെ മാന്ദ്യം കയർ മേഖലയെ ആകെ ഗ്രസിച്ചു കഴിഞ്ഞു. സർക്കാർ തലത്തിൽ അടിയന്തിര നട പടികൾ ഉണ്ടാകണം.

ഒന്ന് മുതൽ അഞ്ച് വരെ വാർഡുകളി ലേക്ക് കൂടി കയർ ഉൽപ്പാദനം വ്യാപിപിച്ച് താൽപ ര്യമുള്ള മുഴുവൻ യുവതീ യുവാക്കൾക്കും തൊഴിൽ അവസരം സൃഷ്ടിക്കുവാൻ കഴിയും. യന്ത്ര വൽകൃത റാട്ടുകളും ഇതിനായി ഉപയോ ഗിക്കാം. P.M.R.Y., I.R.D.P. പദ്ധതികളിലൂടെയും ചെറുകിട വ്യവസായ യൂണിറ്റുകൾ വഴിയും കുറഞ്ഞ പലിശ നിരക്കിൽ ഇതിനാവശ്യമായ പണം ബാങ്ക് വായ്പയായി സബ്സിഡിയോടെ തൊഴിൽ സംരഭകർക്ക് നൽകണം. കയറ്റ് പായ് ചവിട്ടി തടുക്ക് കയർ പരവതാനികൾ, ചകിരി കൂടി ഉപയോഗിച്ചുള്ള മെത്ത, കുഷൻ (ഡ്യുറോ ഫ്ളെക്സ് മാതിരി) എന്നിവ നിർമ്മിക്കുന്ന വ്യവ സായ യൂണിറ്റുകൾ ആരംഭിക്കാൻ നല്ല സാദ്ധ്യ തയുണ്ട്.

പട്ടിക 1

ചെറുകിട വ്യവസായ യൂണിറ്റുകൾ

ക്രമ നമ്പർ	ഇനം	ആകെ വ്യവസായങ്ങൾ
1.	നാളീകേരം	12
2.	എൻജിനീയറിംഗ്	33
3.	കയർ	6
4.	അച്ചടി	2
5.	ആയുർവ്വേദ മരുന്ന്	5
6.	തടിമിൽ	5
7.	സർവ്വീസ് സ്റ്റേഷൻ	2
8.	മെഡിക്കൽ ലബോറട്ടറി	6
9.	ഫർണീച്ചർ	13
	ആകെ	84

ഫർണിച്ചർ

ചെറുതും വലുതുമായ 13 ഫർണിച്ചർ നിർമ്മാണ വിപണന യൂണിറ്റുകൾ പഞ്ചായത്തിലുണ്ട്. കാർത്തികപ്പള്ളിയിലുള്ള എം.ജി. ഇൻഡസ്ട്രീസ് ആണ് അതിൽ പ്രധാനം. സംസ്ഥാനത്തെ പ്രധാനപ്പെട്ട തടി ഡിപ്പോകളിൽ ഒന്നായ വീയപുരം തടി ഡിപ്പോ അകലെയല്ലാത്തതും ആധുനിക ഗൃഹങ്ങളിൽ ധാരാളമായി ഉപയോഗിക്കാൻ തുടങ്ങിയിട്ടുള്ള തെങ്ങ് പൂവരശ് (ശീലാന്തി) എന്നിവ കിട്ടാനെളുപ്പമുള്ളതും സാദ്ധ്യത വർദ്ധിപ്പിക്കുന്നു. ലാഭകരമായി നടത്താൻ പറ്റുന്ന ഒരു വ്യവസായം എന്ന നിലയിൽ ധനകാര്യ സ്ഥാപനങ്ങൾക്ക് മുതൽമുടക്കാനും താൽപര്യമുണ്ട്.

പട്ടിക 2

പഞ്ചായത്തിലെ ചെറുകിട (കുടിൽ) വ്യവസായങ്ങൾ

ഇനം	എണ്ണം
ഓല വ്യവസായം	12
പപ്പടനിർമ്മാണം	5
ചെരുപ്പ് നിർമ്മാണം	1
റെഡിമെയ്ഡ് വസ്ത്രം	4
ചകിരി മിൽ	2
ഫോട്ടോ സ്റ്റുഡിയോ	5
ജൂവലറി	9
കോർക്ക് നിർമ്മാണ യൂണിറ്റ്	1
ബേക്കറി	5
ഓയിൽ മിൽ	5
ധാന്യം പൊടി (ഫ്ളവർ മിൽ)	9
പടക്കനിർമ്മാണം	2
സോഡാ ഫാക്ടറി	7
സിമെന്റ് വർക്സ് (ഹോളോ ബ്രിക്സ്)	9
പലചരക്ക് കട	62
ഹോട്ടൽ ചായക്കട	38
സൗണ്ട് സർവ്വീസ് (മൈക്ക്)	7
പെട്രോൾ പമ്പ്	1
ജിംനാഷ്യം	2
സെല്ലുലാർ ഫോൺ	1

ഹോളോ ബ്രിക്സ് (സിമെന്റ് വർക്സ്)

സിമെന്റ് കൊണ്ട് നിർമ്മിക്കുന്ന ഇഷ്ടിക, മതിൽ, ജനൽ, കതക്, വെന്റിലേഷൻ, കിണർ ഉൾപ്പടെ 9 യൂണിറ്റുകൾ ഉണ്ട്. വി.കെ. ബ്ലോക്സ് എന്ന പേരിൽ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്ന ഹോളോ ബ്രിക്സ് ഫാക്ടറി നല്ല രീതിയിൽ മുന്നോട്ട് പോകുന്നു. വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഗൃഹനിർമ്മാണ ആവശ്യങ്ങൾ കണക്കിലെടുക്കുമ്പോൾ തൊഴിൽ സാദ്ധ്യത ഏറെയുണ്ടെന്ന് കാണുന്നു.

ഓല, തഴപ്പായ

വെട്ടുവേനി ഒരു കാലത്ത് തഴപ്പായ നിർമ്മാണത്തിന് പ്രസിദ്ധമായിരുന്നു. റോഡുകളുടെ കരയിലും ചിറയിറമ്പത്തും പാട വരമ്പിലും തഴച്ചു വളർന്ന തഴയും തഴപ്പായ നിർമ്മാണവും പേരിന് മാത്രമായി. രോഗബാധ മൂലം തെങ്ങോലകൾ നശിക്കാൻ തുടങ്ങിയതോടെ ഓല മെടച്ചിലും നിന്നു പോയി. വിദഗ്ധരായ തൊഴിലാളികൾ മൺമറഞ്ഞതും പുതിയ തലമുറ ഈ തൊഴിലിനെ അവജ്ഞയോടെ നോക്കി കണ്ടതും തകർച്ചയ്ക്ക് കാരണമായി ഓലയ്ക്ക് പകരം ഷീറ്റ് ഫാഷനായതും പ്ലാസ്റ്റിക്ക് പായും റബ്ബർ മെത്തയും കിടക്കപായയ്ക്ക് പകരം കിടന്നതും നാശത്തിന് ആക്കം കൂട്ടി. ക്യാൻസറിന് കാരണമാണെന്ന് കണ്ടെത്തിയ യൂറോപ്യന്മാർ നാടുകടത്തിയ ആസ്ബസ്റ്റസും പ്ലാസ്റ്റിക്കും ഉഷ്ണമേഖലാ രാജ്യമായ ഇൻഡ്യയിൽ വന്നെത്തിയതോടെ ഓല, തഴപ്പായ വ്യവസായം അന്ത്യശ്വാസം വലിച്ചു തുടങ്ങി. അവശേഷിക്കുന്ന ഓലപുരകൾക്കും പഴംപായിൽ ഉറങ്ങുന്ന പഴമക്കാർക്ക് പോലും ഇന്നിവ കിട്ടാനില്ല. വിദേശ സഞ്ചാരികൾക്ക് വിശ്രമിക്കാനും കോൺക്രീറ്റ് മന്ദിരമുറ്റത്ത് ഔട്ട് ഹൗസ് നിർമ്മിക്കാനും ഓല ആവശ്യമായി വന്നിട്ടുണ്ട്.

പട്ടിക 3

വിഭാഗം	നമ്പർ	ഇനം
ജനറൽ S.S.I.	1.	കോഴി വളർത്തൽ
	2.	മരം ഫർണിച്ചർ
	3.	ആലുമിനിയ പാത്രങ്ങൾ
	4.	അലങ്കാരപണിചെയ്ത മരംകൊണ്ടുള്ള വീട്ടുപകരണങ്ങൾ
	5.	ഓട്ടോ ഇലക്ട്രിക്ക് ഷോപ്പ്
	6.	ഇലക്ട്രിക്കൽ ജനറൽ വർക്ക്ഷോപ്പ്
	7.	ജനറൽ എൻജിനീയറിംഗ്
	8.	ഇരുചക്ര വാഹന വർക്ക്ഷോപ്പ്
	9.	STD - Local ബയറിംഗ് സിസ്റ്റം
	10.	റെഡിമെയ്ഡ് വസ്ത്രങ്ങൾ
	11.	അലക്ക് സോപ്പ്
	12.	കുട, നോട്ട് ബുക്ക് നിർമ്മാണം.
	13.	കറി പൗഡർ
	14.	സിമെന്റ് ജനാല, വാതിൽ, കട്ടിൽ, സ്നേഹമതിൽ
	15.	കൂൺ കൃഷി
	16.	സിമെന്റ് ഇഷ്ടിക നിർമ്മാണം.
	17.	കിടക്ക നിർമ്മാണം.
	18.	സ്റ്റിൽ ഫർണിച്ചർ

പട്ടിക 4

കുറഞ്ഞ ചെലവിൽ ആരംഭിക്കാൻ സാദ്ധ്യതയുള്ള വ്യവസായ യൂണിറ്റുകൾ

വിഭാഗം	നമ്പർ	ഇനം
ജനറൽ S.S.I.	1.	യന്ത്രം ഉപയോഗിച്ച് പച്ചചകിരി നാര് നിർമ്മാണം
	2.	യന്ത്ര വൽകൃത കയർ നിർമ്മാണം.
	3.	ചകിരിചോറ് കൊണ്ട് വളം
	4.	കയറ്റ് പായ മെത്ത
	5.	ഹോളോ ബ്രിക്സ്
	6.	ഖാദി ഗ്രാമ വ്യവസായ യൂണിറ്റ്
	7.	പ്രസ്സ്, ബൈന്റിംഗ്
	8.	ഓല തഴപ്പായ നിർമ്മാണ യൂണിറ്റ്
	9.	നാളീകേരം കൊണ്ടുള്ള അനുബന്ധ വ്യവസായങ്ങൾ
	10.	പപ്പട നിർമ്മാണം
	11.	പഴ സംസ്കരണം
	12.	മിൽക്ക് ചില്ലിംഗ് പ്ളാന്റ്
	13.	മിൽക്ക് പ്രോസസ്സിംഗ് യൂണിറ്റ്
	14.	ഡയറി യൂണിറ്റുകൾ
	15.	മത്സ്യ സംസ്കരണ യൂണിറ്റ്

നാളീകേരം

കാർഷികോൽപ്പന്നങ്ങളിൽ മുഖ്യമായ തേങ്ങ ഉപയോഗിച്ച് നിരവധി ഉപോൽപ്പന്നങ്ങൾ നിർമ്മിക്കാമെന്ന് കണ്ടെത്തിയിട്ടുണ്ട്. ചിരട്ട, ചകിരി എന്നിവ കൊണ്ടുള്ള കരകൗശല വസ്തുക്കളും നിർമ്മിക്കാൻ കഴിയും.

വനിതാ വ്യവസായം

കയർ വ്യവസായ രംഗത്ത് പണിയെടുക്കുന്നവരും 90% സ്തീകളാണ് എന്ന് കാണാം. വനിതകൾക്കായുള്ള സഹകരണ സംഘങ്ങൾ ഇല്ല. കയറും കയർ ഉൽപ്പന്നങ്ങളും നിർമ്മിക്കുന്ന വനിതാ സഹകരണ സ്ഥാപനങ്ങൾ ആരംഭിക്കാവുന്നതാണ്. ജില്ലാ വ്യവസായ കേന്ദ്രത്തിന്റെ സഹായത്തോടെ 6-ാം വാർഡിൽ തുടങ്ങിയ ചെരുപ്പ് നിർമ്മാണ സംഘം പ്രവർത്തിക്കുന്നില്ല. സ്ഥലവും കെട്ടിടവും സ്വന്തമായുള്ള ഈ സഹകരണ സംഘം വിപണന സാദ്ധ്യതയുള്ള മറ്റേതെങ്കിലും ഉൽപ്പന്നങ്ങൾ നിർമ്മിക്കാൻ കഴിയുന്ന വ്യവസായ യൂണിറ്റാക്കി മാറ്റാൻ കഴിയണം. വെട്ടുവേനിയിലെ ഖാദി കേന്ദ്രവും 5-ാം വാർഡിലെ റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സംഘവും

അടച്ച് പൂട്ടപ്പെട്ടു. ബ്ലോക്ക് അടിസ്ഥാനത്തിൽ പണ്ട് നന്നായി പ്രവർത്തിച്ചു വന്നതും, 30 വർഷത്തിൽ അധികമായി പ്രവർത്തനം ഇല്ലാതിരുന്നതുമായ ഹരിപ്പാട് ബ്ലോക്ക് ഖാദി ഉൽപ്പാദക സഹകരണ സംഘം പുനരുദ്ധരിക്കാവുന്നതാണ്. സ്വന്തമായി 8.5 സെന്റ് സ്ഥലമുള്ള ഈ സ്ഥാപനം ഖാദി ബോർഡിന്റെ സഹായത്താൽ പുനരുജ്ജീവിപ്പിച്ചാൽ കുറെപ്പേർക്ക് തൊഴിൽ നൽകാം.

വൈദ്യുത പ്രതിസന്ധി


ചാലിൽ ട്രേഡേഴ്സിന്റെ യന്ത്രവൽകൃത എണ്ണയാട്ട് മില്ലും, ജനതാ മെഷീൻസ്, റബ്ബർ റീട്രീഡിംഗിനു ആവശ്യമായ യന്ത്രങ്ങൾ ഉൽപ്പാദിപ്പിക്കുന്നത്) എന്ന സ്ഥാപനവും യഥാക്രമം 7, 8 വാർഡുകളിൽ പുതുതായി തുടങ്ങിയ വ്യവസായ ശാലകളാണ്. കേരളത്തിലെ രൂക്ഷമായ വൈദ്യുത പ്രതിസന്ധി നിലവിലുള്ള എല്ലാ വ്യവസായങ്ങൾക്കും ഇരുട്ടടിയായി തീർന്നിട്ടുണ്ട്. 2000 മാണ്ടോടെ കായംകുളം വൈദ്യുതി നിലയം ഉൽപ്പാദനം തുടങ്ങിയെങ്കിലേ കേരളത്തിന്റെ തന്നെ ഊർജ്ജ പ്രതിസന്ധിക്ക് താൽക്കാലിക ശമനം ഉണ്ടാകൂ. ജില്ലാ വ്യവസായ കേന്ദ്രം ധനകാര്യ സ്ഥാപനങ്ങൾ എന്നിവയുടെ സഹായത്തോടെ നമ്മുടെ പഞ്ചായത്തിൽ തുടങ്ങാൻ കഴിയുന്ന വ്യവസായ യൂണിറ്റുകളുടെ വിവരം പട്ടിക 3, 4 ആയി കൊടുത്തിട്ടുണ്ട്.

വിവിധ മേഖലകളിലെ കൂലി നിരക്ക്

ക്രമ നമ്പർ	ഇനം	കൂലി നിരക്ക്	
		പുരു.	സ്ത്രീ.
1.	കൊപ്രാ സംസ്കരണം	100	
2.	കയർ	75	20
3.	തടി വ്യവസായം	150	
4.	അച്ചടി	40	20
5.	ബേക്കറി	75	
6.	ആയുർവ്വേദം	60	
7.	ഓയിൽ മിൽ	75	
8.	പപ്പടം	30	20
9.	ഭക്ഷ്യധാന്യം പൊടിക്കൽ	35	
10.	സോഡാ നിർമ്മാണം	80	
11.	എൻജിനീയറിംഗ്	100	
12.	പടക്ക നിർമ്മാണം	50	27

സർവ്വീസ് ഏരിയാ പരിധി പ്രകാരം നെടുങ്ങാടി ബാങ്ക്, ഹരിപ്പാട്, കനറാ ബാങ്ക്, ഹരിപ്പാട്, സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രവൻകൂർ, കാർത്തികപ്പള്ളി എന്നിവയാണ് പഞ്ചായത്തിൽ വായ്പ നൽകാൻ ചുമതലപ്പെട്ട ബാങ്കിംഗ് സ്ഥാപനങ്ങൾ. നിശ്ചയിച്ചിട്ടുള്ള ടാർജറ്റിന് അപ്പുറം വായ്പ നൽകാൻ ഒരിക്കലും തയ്യാറായിട്ടില്ലാത്ത ഈ ബാങ്കിംഗ് ഏജൻസികൾ ജനാധിപത്യത്തിന്റെ 50-ാം വാർഷികമായിട്ടും ജനകീയ ആവശ്യങ്ങളുമായി സഹകരിക്കാതെ ഗ്രാമ വികസന മാർഗ്ഗത്തിൽ തടശിലകളായി വർത്തിക്കുന്നതും അത്ഭുതകരമായിരിക്കുന്നു.

ഇൻഡ്യയിൽ രണ്ടു ലക്ഷം കോടി ഉൽപ്പന്നങ്ങൾ ചെറുകിട വ്യവസായ മേഖലയിൽ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കേരളത്തിൽ നിർമ്മിക്കുന്നവ വിരളം. നാം എല്ലാറ്റിനും അയൽ സ്റ്റേറ്റുകളെ ആശ്രയിക്കുകയാണ്. നമ്മുടെ ഓരോ ഗ്രാമത്തിലും ചെറുതും വലുതുമായ വ്യവസായ യൂണിറ്റുകൾ ആരംഭിച്ച് സ്വയം പര്യാപതമാവാൻ നമ്മുക്ക് കൂട്ടായി ശ്രമിക്കാം.



വിദ്യാഭ്യാസം

വിദ്യാഭ്യാസ പരമായി കാർത്തികപ്പള്ളി വളരെ പിന്നിലായിരുന്നു. "അന്ധകാരത്തിന്റെ ആഴത്തിൽ ക്രൂരമാം ഏതൊരു മായാവ്യവസ്ഥയാലോ ബന്ധസ്ഥരായി" കഴിഞ്ഞവരായിരുന്നു ജനങ്ങളിൽ അധികവും വഴിനടക്കാനുള്ള സ്വാതന്ത്ര്യം പോലും നിഷേധിക്കപ്പെട്ടിരുന്ന അവർക്ക് വിദ്യ അഭ്യസിക്കാനും കഴിഞ്ഞില്ല. നിരക്ഷരതയുടെ ആ കൊടും തമസ്സിൽ വിദ്യാവെളിച്ചത്തിന്റെ മിന്നാമിനുങ്ങുകളായി പ്രവേശിച്ചത് കുടിപ്പള്ളികൂടങ്ങളായിരുന്നു.

പുറം കണ്ണ് തുറപ്പിപ്പു
പുലർ വേളയിലംശുമാൻ
അകക്കണ്ണു തുറപ്പിക്കാൻ
ആശാൻ ബാല്യത്തിലെത്തണം.

വിദ്യയുടെ ഹരിശ്രീ പഠിപ്പിച്ച എത്രയോ ഗുരുഭൂതന്മാർ കാലയവനികയ്ക്കുള്ളിൽ മറഞ്ഞു. കാട്ടിൽ തെക്കതിൽ രാമനാശാൻ, കുഞ്ഞുകുഞ്ഞാശാൻ, കുട്ടിആശാട്ടി, സരസ്വതി ആശാട്ടി, കൈപ്പള്ളി ആശാൻ, താഴൂർ രാമകൈമൾ, രാമൻപിള്ളയാശാൻ, കെ.ജി. തങ്കപ്പൻ ആശാൻ എന്നിവർ അവരിൽ ചിലർ മാത്രം. നാവിൻ തുമ്പത്തും നാരായ മുനയിലും സരസ്വതി വിളയാട്ടവുമായി ആത്മാർത്ഥതയുടെ ചൂരൽ കഷായം കൊണ്ട് പ്രിയ ശിഷ്യരുടെ അകക്കണ്ണു തുറപ്പിച്ച ആ ഗുരു പരമ്പരയും അന്യം നിന്ന പോലെയായി.

പ്രധാനമായും അയിത്ത ജാതിക്കാർക്ക് പഠിക്കാനും പഠിപ്പിക്കാനുമായി മൂന്നാം ക്ലാസ്സ് വരെയുള്ള ഒരു സർക്കാർ പള്ളിക്കൂടം (തോട്ടുകടവ് സ്കൂൾ) 1912 ൽ (കൊല്ലവർഷം 10 -10-1087) മഹാദേവികാട്ട് സ്ഥാപിച്ചു. തോട്ടുകടവിൽ നാരായണ പണിക്കരുടെ കാരണവനായിരുന്നു ഇതിനു വേണ്ടി സ്ഥലം സംഭാവന നൽകിയത്. തോട്ടത്തിൽ നാരായണി, പാർവ്വതി എന്നിവർ ആദ്യകാല അദ്ധ്യാപകർ ആയിരുന്നു. ഈ സ്കൂൾ ഇപ്പോൾ മഹാദേവികാട് ഗവ: U.P. സ്കൂൾ എന്ന പേരിൽ അറിയപ്പെടുന്നു.

കാർത്തികപ്പള്ളി റീത്ത് പള്ളിക്ക് സമീപം പണ്ടുണ്ടായിരുന്ന പെൺപള്ളികൂടവും കിഴക്കേ ആൺ പള്ളികൂടവും 7-ാം സ്റ്റാന്ഡോർഡ് വരെയുള്ള വിദ്യാഭ്യാസത്തിന് ഉപകരിച്ചിരുന്നു. (അദ്ധ്യാപക നിയമനത്തിനുള്ള കുറഞ്ഞ യോഗ്യത പഴയ 7-ാം ക്ലാസ്സ് ആയിരുന്നല്ലോ.) ഈ രണ്ട് സ്കൂളുകളും സംയോജിപ്പിച്ചതാണ് ഇന്നത്തെ കാർത്തികപ്പള്ളി ഗവ: U.P.S.

ഓർത്തഡോക്സ് സുറിയാനി പള്ളിയുടെ അഭിമുഖ്യത്തിൽ 30 വർഷം പ്രവർത്തിച്ച U.P. സ്കൂൾ 1949 ൽ സെന്റ് തോമസ്സ് ഹൈസ്കൂൾ ആക്കി ഉയർത്തി 1962 ലെ പഞ്ചായത്ത് പുന: സംഘടനയെ തുടർന്ന് കാർത്തികപ്പള്ളി സെന്റ് തോമസ്സ് ഹൈസ്കൂളും ഗവ: U.P. സ്കൂളും പിങ്ങോലി പഞ്ചായത്തിലായി.

ഈ പഞ്ചായത്തിലെ പഴയ ഒരു സരസ്വതി ക്ഷേത്രമാണ് വെട്ടുവേനി D.K.N.M.L.P.S. ദിവാൻ കൃഷ്ണൻ നായർ സ്മാരകമായി 1915 ൽ സ്ഥാപിച്ചതാണ് ഈ പള്ളികൂടം പിന്നീട് ഇത് സർക്കാരിലേക്ക് വിട്ടു കൊടുത്തു. പഞ്ചായത്തിലെ ഏക ഹൈസ്കൂൾ മഹാദേവികാട് S.N D.P.H.S. ആണ്.

S.N.D.P. ഹൈസ്കൂൾ മഹാദേവികാട്ട്

369-ാം നമ്പർ S.N.D.P. ശാഖാ യോഗം വകയായി ശ്രീ. കെ. രാമൻകുട്ടി വൈദ്യരുടെ നേതൃത്വത്തിൽ സ്ഥാപിച്ചു ആദ്യകാല മാനേജരും വൈദ്യർ തന്നെ. 1 - 10 വരെ ക്ലാസ്സുകളിലായി 1172 വിദ്യാർത്ഥികളും 44 അദ്ധ്യാപകരും ഉണ്ട്. ഓപ്പൺ എയർ ആഡിറ്റോറിയവും, മിനി പ്ലേഗ്രൗണ്ടുമുണ്ട്. സ്കൂൾ നിൽക്കുന്ന സ്ഥലത്തിന്റെ കിഴക്ക് തെക്ക് ഭാഗത്ത് പിച്ചിംഗ് കെട്ടി സംരക്ഷിക്കുകയും ചുറ്റുമതിൽ നിർമ്മിക്കുകയും വേണം. കൂടുതൽ സ്ഥലം അക്വയർ ചെയ്ത് പുതിയ കെട്ടിടങ്ങൾ നിർമ്മിക്കണം. പ്ലസ് ടൂ, വൊക്കേഷണൽ ഹയർ സെക്കൻഡറി കോഴ്സുകൾ ആരംഭിക്കണം. P.T.A. കൂടുതൽ സജീവമാകുകയും ക്ലാസ്സ് P.T.A. കൾ സംഘടിപ്പിക്കുകയും വേണം. ലൈബ്രറി, ലബോറട്ടറി എന്നിവയുടെ പ്രവർത്തനം പരിതാപകരമാണ്. A.G. വർഗ്ഗീസ്, K.P. ദാമോദരൻ, K. കലേഷ് ബാബു, K. ജഗദമ്മ എന്നിവരാണ് മുൻപ്രഥമ അദ്ധ്യാപകർ. ഇപ്പോൾ ആർ. രത്നമ്മയാണ് ഹെഡ് മിസ്ട്രസ്സ്.

കെ. രാമൻകുട്ടി വൈദ്യർക്ക് ശേഷം കെ. പ്രഭാകരപണിക്കർ, കെ. കുഞ്ഞുപണിക്കൻ സാർ എന്നിവർ മാനേജർ പദവി അലങ്കരിച്ചു. ടി.എം. അനിരുദ്ധൻ തുടർന്ന് മാനേജരായി പ്രവർത്തിച്ചു വരുന്നു.

ഗവ: U.P.S. മഹാദേവികാട്

408 വിദ്യാർത്ഥികളും 15 അദ്ധ്യാപകരുമാണ് സ്കൂളിൽ ഉള്ളത്. നിലവുലുള്ള മൂന്ന് കെട്ടിടങ്ങളിൽ രണ്ടും അപകടകരമായ സ്ഥിതിയിലാണ്. ഗ്രൗണ്ടിൽ നിൽക്കുന്ന തെങ്ങുകൾ ചുവട് ദ്രവിച്ച് ഏത് നിമിഷവും മറിഞ്ഞ് വീഴാവുന്ന സ്ഥിതിയിലാണ്. പുതിയ ഇരുനില കെട്ടിടം നിർമ്മിച്ച് കിട്ടാൻ P.T.A. സജീവമായി രംഗത്തുണ്ട്.

തെങ്ങ് വീണ് വർഷങ്ങൾക്ക് മുമ്പ് ഒരു വിദ്യാർത്ഥി ദാരുണമായി മൃതിയടഞ്ഞ ചരിത്രവും ഈ പള്ളികൂടത്തിനുണ്ട്. വേണ്ടത്ര സ്ഥലം അക്വയർ ചെയ്തിട്ടുണ്ടെങ്കിലും അവ നിരപ്പാക്കി ചുറ്റുമതിൽ കെട്ടി സംരക്ഷിക്കാൻ നടപടി ആയില്ല. അദ്ധ്യയന സമയത്ത് പോലും കന്നുകാലികളുടെ ശല്യവും രാത്രിയിൽ സാമൂഹ്യ വിരുദ്ധ പ്രവർത്തനവുമുണ്ട്. ചെമ്പ്തോടിന്റെ കരയിൽ സ്ഥിതി ചെയ്യുന്ന സ്കൂളിന്റെ കിഴക്കുവശം തോടിന്റെ പടിഞ്ഞാറ് ഭാഗം ഭിത്തി കെട്ടി സംരക്ഷിക്കുകയും പുതിയ സ്കൂൾ കെട്ടിടം നിർമ്മിച്ച് അദ്ധ്യയനം അങ്ങോട്ട് മാറ്റി വിദ്യാർത്ഥികളെയും അദ്ധ്യാപകരെയും ആപത്തിൽ നിന്ന് രക്ഷിക്കുവാൻ അടിയന്തിര നടപടി വേണം. സ്കൂൾ ഗ്രൗണ്ടിലൂടെയുള്ള വഴി പടിഞ്ഞാറ് അരികിലേക്ക് മാറ്റണം. കെട്ടിടം നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ ബാക്കി കളികളത്തിനായി ഉപയോഗിക്കണം. P.T.A. പ്രവർത്തനം തൃപ്തികരമാണ്.

പ്രഥമാദ്ധ്യാപിക P.L. ലീലക്കുട്ടിയമ്മ
D.K.N.M.L.P.S. വെട്ടുവേനി

105 കുട്ടികളും നാല് അദ്ധ്യാപകരുമാണുള്ളത്. ഒരു അദ്ധ്യാപിക സ്ഥലം മാറി പോയിട്ട് 6 മാസമായെങ്കിലും പകരം ആള് വന്നില്ല. ഹെഡ്മിസ്ട്രസ്സിനെ കൂടാതെ രണ്ട് അദ്ധ്യാപകരാണ് 4 ക്ലാസ്സുകൾ നടത്തികൊണ്ട് പോകുന്നത്. വിദ്യാഭ്യാസ അധികൃതർ ഈ സ്കൂളിനോട് കാട്ടുന്ന അനീതിക്ക് ഇതിൽ പരം ഒരുദാഹരണം വേണ്ട. കെട്ടിടങ്ങളുടെ മതിലിനോട് ചേർന്ന് ആറ് മാവും

ഒരു ആഞ്ഞിലിയും നിൽപ്പുണ്ട്. ഇവയുടെ വേര് ഭിത്തിയിൽ തുളച്ച് കയറി വിള്ളലുകൾ സൃഷ്ടിക്കുന്നു. കാറ്റും മഴയും ഉണ്ടാകുമ്പോൾ കമ്പൊടിഞ്ഞ് വീണ് ഓട് പൊട്ടുന്നു. ഇത് വെട്ടി മാറ്റാൻ സാമൂഹിക വനവൽക്കരണ വകുപ്പിന്റെ ആലപ്പുഴ ആഫീസിൽ അനുവാദത്തിന് അപേക്ഷ കൊടുത്തെങ്കിലും കനിഞ്ഞില്ല. വാർഷിക അറ്റകുറ്റ പണിക്കുള്ള തുക അടിയന്തിരമായി അനുവദിച്ച് റിപ്പയർ നടത്തേണ്ടതാണ്. 95 - 96 ൽ യാതൊന്നും ചെയ്തില്ല. ഓടുകൾ, പൊട്ടിയും , പട്ടിയലുകൾ ദ്രവിച്ചും മഴവെള്ളം സ്കൂളിൽ തന്നെ വീഴുന്നു. ഫർണിച്ചർ മെയിന്റനൻ സ് ബ്ളാക്ക് ബോർഡ് പെയിന്റിംഗ്. കെട്ടിടത്തിന് ചുറ്റും എർത്ത് വർക്ക് എന്നിവയും അടിയന്തിരാവശ്യങ്ങളാണ്. സ്കൂൾ വക 50 സെന്റ് സ്ഥലം അളന്ന് തിട്ടപ്പെടുത്തണം. റീ സർവ്വേ പ്രകാരം കുറവുള്ള 4.5 സെന്റ് വസ്തു പഴയ സർവ്വേ റിക്കാർഡുകൾ വച്ച് ആളന്ന് അതിർത്തി നിശ്ചയിച്ച് തരണമെന്ന അപേക്ഷയിന്മേലും 4 വർഷമായിട്ടും നടപടി ആയില്ല.

P.T.A. വികസന സമിതി എന്നിവ ഇതിനു വേണ്ടി നിരന്തരമായ നിവേദനവുമായി രംഗത്തുണ്ട്. സ്കൂളും പരിസരവും ചുറ്റു മതിൽ കെട്ടി സംരക്ഷിക്കാൻ യഥാർത്ഥ അതിർത്തി നിർണ്ണയിക്കേണ്ടത് അനുപേക്ഷണീയവുമാണ്.

ഹെഡ് മിസ്ട്രസ്സ് കെ. വി. പ്രഭാവതി.

പട്ടിക 1

വിദ്യാർത്ഥികൾ അദ്ധ്യാപകർ

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ		
			ആൺ	പെൺ	ആകെ	പുരു.	സ്ത്രീ	ആകെ
1.	S.N.D.P.H.S. മഹാദേവികാട്	എയിഡഡ്						
	L.P.		133	101	234	1	5	6
	U.P.		146	147	293	1	9	10
	H.S.		375	270	645	8	18	26
2.	ഗവ: U.P.S. മഹാദേവികാട്							
	L.P.		119	94	213	1	7	8
	U.P.		110	85	195	1	7	8
3.	D.K.N.M.L.P.S. വെട്ടുവേനി							
	L.P.		55	50	105	1	3	4
	ആകെ		938	747	1685			

പട്ടിക 2

L.P., U.P., H.S. വിഭാഗങ്ങളിലെ പെൺ കുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.			U.P.			H.S.		
	ആൺ	പെൺ	%	ആൺ	പെൺ	%	ആൺ	പെൺ	%
1685	307	245	44.38	256	232	43.15	375	270	41.86
								ആകെ	43.13%

പട്ടിക 3

പട്ടികജാതി പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P.			H.S.		
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%
552	41	7.42	488	28	5.73	645	45	6.38
							ആകെ	6.51

പട്ടിക 4

പഠനം നിർത്തിയവരുടെ കണക്ക്

ആൺ	പെൺ	ആകെ
39	32	71

പട്ടിക 5

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	2 ഗവ: വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ: അദ്ധ്യാപകരുടെ %	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ: സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണം	%
63	19	30.15	1685	513	37.44

നമ്മുടെ പഞ്ചായത്തിൽ 14 അങ്കണവാടികളും 25 ഗ്രാന്റ് വാങ്ങിക്കുന്ന നിലത്തെഴുത്ത് ആശാന്മാരും ഉണ്ട്. സ്കൂൾ ലൈബ്രറികളും ലബോറട്ടറികളും പേരിന് പ്രവർത്തിക്കുന്ന ദുരവസ്ഥ മാറണം. കലാകായിക രംഗത്ത് കഴിവുള്ള പ്രതിഭകളെ കണ്ടെത്തി പരിശീലനം നൽകണം. മികച്ച വിദ്യാർത്ഥികൾക്കുള്ള അവാർഡുകൾ പേരിന് നൽകുന്ന പ്രവണതമാറ്റി കൂടുതൽ പ്രോത്സാഹനകരമാക്കണം. എല്ലാ വിഷയങ്ങൾക്കും മിനിമം മാർക്കുണ്ടെങ്കിലെ ജയിപ്പിക്കാവൂ എന്ന സമ്പ്രദായത്തിന് പകരം മോഡറേഷൻ വാരിക്കോരി നൽകി വിജയിപ്പിക്കുന്ന പുത്തൻ സിസ്റ്റം വിദ്യാഭ്യാസത്തിന്റെ മൂല്യച്യുതിക്ക് കാരണമായിട്ടില്ലേയെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ക്ലാസ്സ് മുറികൾക്കും ഇരിപ്പിടങ്ങൾക്കും കലോചിതമായ മാറ്റം സംഭവിച്ചിട്ടില്ല. 50 വർഷത്തിൽ അധികം പഴക്കമുള്ള ബഞ്ചും ഡസ്ക്കും ബ്ളാക്ക് ബോർഡുകളും ഇന്നും ഉപയോഗിക്കുന്നു. ജയിൽ അറകളെ പോലും നാണിപ്പിക്കുന്ന അന്തരീക്ഷമാണ് മിക്ക പള്ളികൂടങ്ങൾക്കും എന്ന് പറഞ്ഞാൽ അതിശയോക്തിയല്ല. ഈ ദുരവസ്ഥ മാറണം. മാറ്റിയേ മതിയാകൂ.

പട്ടിക 6

അക്കാഡമിക്ക് സൗകര്യങ്ങളുടെ ലഭ്യത

	ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ് റിക്കാർഡർ	ടെലിവിഷൻ	സിനിമാ പ്രോജക്ടർ	സ്ലൈഡ് പ്രോജക്ടർ	ബ്ലാക്ക് ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	ക്ലാസ്സ് P.T.A. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത്	3	3	1	1	വേണ്ടത്രയില്ല	2	എണ്ണമില്ല	എണ്ണമില്ല	0	0	9	സജീവമല്ല	ഇല്ല
ഇല്ലാത്തത്	0		2			1							

പട്ടിക 7

ഭൗതിക സാഹചര്യങ്ങൾ

സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
S.N.D.P.H.S. മഹാദേവികാട്	1172	44	3	ഇല്ല	ഉണ്ട്	ഉണ്ട്
ഗവ: U.P.S. മഹാദേവികാട്	408	15	2	ഇല്ല	ഉണ്ട്	ഉണ്ട്
D.K.N.M.L.P.S. വെട്ടുവേനി	105	4	ഇല്ല	2 ഉപയോഗശൂന്യം	കിണർ 1	ഉണ്ട്

ഗ്രമസഭകളിൽ ഉരുത്തിരിഞ്ഞ് വന്ന അഭിപ്രായങ്ങൾ ഇവിടെ കുറിക്കുന്നു.

1. അദ്ധ്യാപക രക്ഷാകർത്തൃ സമിതി സജീവമാക്കുകുയം ക്ലാസ്സ് PT.A മാതൃ സംഗമം, എന്നിവ രൂപീകരിച്ച് കർമ്മനിരതമാക്കുക.
2. ഉച്ചക്കഞ്ഞി വിതരണത്തിലെ പോരായമകൾ പരിഹരിക്കുക.
3. അദ്ധ്യയന ആരംഭത്തിൽ തന്നെ പാഠപുസ്തകങ്ങൾ ലഭ്യമാക്കുക.
4. ഒന്നാം ക്ലാസ്സ് മുതൽ ബഞ്ചും ഡസ്ക്കും അനുവദിക്കുക.
5. കാലഹരണപ്പെട്ട കെട്ടിടങ്ങൾക്ക് പകരം പുതിയവ നിർമ്മിക്കുകയും ക്ലാസ്സ് മുറികൾ ഭിത്തി കെട്ടി വേർതിരിക്കുകയും ചെയ്യുക. എല്ലാ മുറികളിലും ഫാൻ സൗകര്യം എർപ്പെടുത്തുക.
6. തൂപ്പ് ജോലിക്കാർ ഇല്ലാത്ത സ്കൂളുകളിൽ സ്വീപ്പറന്മാരെ നിയമിക്കുകയും അവരെയും നിലവിലുള്ള ജോലിക്കാരെയും പ്രസ്തുത പണി കൃത്യമായി നിർവ്വഹിക്കാൻ ആവശ്യപ്പെടുകയും ചെയ്യുക.
7. അദ്ധ്യാപകരുടെ ഒഴിവുണ്ടായാൽ താമസ്സം വിനാ നികത്തുക.
8. പ്രീപ്രൈമറി ക്ലാസ്സുകൾ എല്ലാ സ്കൂളിലും തുടങ്ങുകയും മാതൃ ഭാഷാ പഠനം നിർബന്ധമാക്കുകയും ചെയ്യുക.
9. ജനസംഖ്യാനുപാതികമായി അങ്കണവാടികളുടെ എണ്ണം വർദ്ധിപ്പിക്കുകയും ജീവനക്കാരുടെ വേതനം ജീവിക്കാൻ മതിയായ വിധത്തിലെങ്കിലും അനുവദിക്കുകയും വേണം.
10. തൊഴിലധിഷ്ഠിത വിദ്യാഭ്യാസ പദ്ധതി നടപ്പിലാക്കണം.
11. എല്ലാ അങ്കണവാടികൾക്കും സ്വന്തമായ സ്ഥലവും കെട്ടിടവും സ്വായത്തമാക്കണം. പഠനോപകരണവും കളിക്കോപ്പും ഉണ്ടായിരിക്കണം.
12. ഒരു വാർഡിൽ ഒരു ഗ്രന്ഥശാലയും വായനശാലയും എങ്കിലും ആരംഭിക്കണം.
13. മൂത്രപ്പുര കക്കൂസ് ശുദ്ധജല വിതരണ സംവിധാനം എല്ലാ പള്ളികൂടങ്ങളിലും ഏർപ്പെടുത്തണം.
14. നവ സാക്ഷരർക്കായുള്ള തുടർ വിദ്യാഭ്യാസ പരിപാടി തുടർന്ന് നടത്തണം.
15. 6-ാം വാർഡിലെ മഹാത്മാഗാന്ധി സ്മാരക വായനശാലയും 9-ാം വാർഡിലെ മഹാകവി കുമാരനാശാൻ സ്മാരക വായനശാലയും പുനരുദ്ധരിക്കണം.


പണ്ട് ക്ലാസ്സ് അടിസ്ഥാനത്തിൽ സാഹിത്യ സമാജങ്ങൾ പ്രവർത്തിച്ചിരുന്നു വാർഷികാഘോഷങ്ങൾ വിപുലമായ സാഹിത്യ – സാംസ്കാരിക സമ്മേളനങ്ങളും കലാപരിപാടികളും കൊണ്ട് വർണ്ണാഭമായിരുന്നു കായിക മത്സരങ്ങൾ നടത്തി പ്രതിഭാ സമ്പന്നരെ കണ്ടെത്തിയിരുന്നു.

ആ നല്ല നാളെകളിലേക്കുള്ള ഒരു തിരിച്ച് വരവിന് നമ്മുടെ വിദ്യാലയാധികൃതർ തയ്യാറായാൽ കാന്തിയും മൂല്യവുമുള്ള അനേകം കലാ കായിക പ്രതിഭകളെ ഈ സരസ്വതി ക്ഷേത്രങ്ങളിൽ നിന്നു തന്നെ കണ്ടെത്താൻ കഴിയും. നാടിന്റെ ആത്മാഭിമാന കൊടി ഉയർത്തി കെട്ടാനുമാകും.

പട്ടിക 8
അക്കാഡമിക്ക് നിലവാരം
S.N.D.P.H.S. മഹാദേവികാട്

ക്ലാസ്സ്	ആകെ	30% താഴെ	കുട്ടികളുടെ പൊതുനിലവാരം 30 - 40 %	40 - 50%	50 - 60 %	60 %	91 - 92	S.S.L.C. വിജയ %			
		കുട്ടികൾ	മാർക്ക്	മാർക്ക് നേടുന്നവർ	മാർക്ക് നേടുന്നവർ	മാർക്ക് നേടുന്നവർ	കൂടുതൽ നേടുന്നവർ	92-93	93-94	94-95	95-96
1	2	3	4	5	6	7	8	9	10	11	12
3	59	21	6	8	9	15					
4	58	8	5	10	15	20					
5	68	15	8	6	16	13					
6	113	34	31	20	15	13					
7	112	36	34	15	14	13					
8	209	82	45	41	23	18					
9	242	98	56	44	25	19					
10	189	70	50	31	19	19					
S.S.L.C. പരീക്ഷ എഴുതിയവർ	168	60	23	60	16	9	42.6%	45.5%	47 %	48.6%	51.8%

കേരളത്തിലെ ഗവ. സ്കൂളുകളുടെ ഡിജിറ്റൽ പതിപ്പ്



പൊതുജനാരോഗ്യം, കുടിവെള്ളം

പാരമ്പര്യ വൈദ്യന്മാരെ ആശ്രയിച്ചുള്ള രോഗ ചികിത്സയാണ് പണ്ടുണ്ടായിരുന്നത്. മരുന്ന് കൊടുത്താൽ മാറാത്ത രോഗങ്ങൾക്ക് മന്ത്രവാദത്തെയും ആശ്രയിച്ചിരുന്നു. മരുന്നും മന്ത്രവാദവും എന്ന പ്രമാണം തന്നെ അങ്ങനെ ഉണ്ടായതാണല്ലോ. പാരമ്പര്യ വൈദ്യന്മാരിൽ പ്രസിദ്ധനായിരുന്നു ചിറ്റിശ്ശേരിൽ കിട്ടുകണിയാർ.

ആയുർവ്വേദത്തിൽ മൺമറഞ്ഞ ചെറുശ്ശേരിൽ ഗോവിന്ദൻ വൈദ്യൻ, കളത്തൂർ നാരായണൻ വൈദ്യൻ, നെടുങ്ങോട്ട് ഭരതൻ വൈദ്യൻ, തറയിൽ കേശവൻ വൈദ്യൻ, പുത്തൻ പുരയ്ക്കൽ പരമേശ്വരൻ പിള്ള വൈദ്യൻ, കെ.പി. കേശവൻ നായർ വൈദ്യൻ (മുൻ പഞ്ചായത്ത് മെമ്പർ), ആലപ്പുഴ വീട്ടിൽ കൊച്ചുകുഞ്ഞ് വൈദ്യൻ തുടങ്ങിയവർ അനുഷ്ഠിച്ച സേവനം കാലം മറക്കുകയില്ല. ദൈവത്തും വാതുക്കൽ ആർ.കൃഷ്ണൻ വൈദ്യൻ, മാനാംപുറത്ത് എം. ഗംഗാധരൻ വൈദ്യൻ (ഗംഗൻ വൈദ്യൻ) എന്നീ ആയുർവ്വേദ പണ്ഡിതന്മാരുടെ വൈദഗ്ധ്യം ഇന്നും നാടിന് ലഭിച്ചു കൊണ്ടിരിക്കുന്നു.

വിഷവൈദ്യ ചികിത്സാലയം നടത്തി വന്ന [illegible]ട്ടുകൽ മാധവ പണിക്കർ ഇന്നില്ല.

കാർത്തികപ്പള്ളിയിൽ പ്രശസ്തമായ അലോപ്പതി ഡിസ്പെൻസറി ദീർഘകാലം നടത്തി വന്ന ഡോ. ഇനോസ്, കാവലിൽ പിള്ള എന്നിവർ ആദ്യകാല ആലോപ്പതി ഭിഷഗ്വരന്മാരായിരുന്നു. ഡോ. ആർ. കേശവപണിക്കർ, (ആർ.കെ.പി.) മകൻ ഡോ. കെ. പ്രകാശം (Retd. ഹോമിയോ കോളേജ് പ്രിൻസിപ്പൽ, കോഴിക്കോട്) എന്നിവർ മഹാദേവികാട് പുളികീഴിൽ മൂന്ന് ദശാബ്ദം മുമ്പ് ഹോമിയോ ചികിത്സ നടത്തിയിരുന്നു.

പഞ്ചായത്തിൽ ഇപ്പോൾ ഗവ: പ്രൈമറി ഹെൽത്ത് സെന്റർ അടക്കം രണ്ട് അലോപ്പതി ആശുപത്രികളും ഗവ: ഹോമിയോ ഡിസ്പെൻസറി ഉൾപ്പടെ ഏഴ് ഹോമിയോ ഡിസ്പെൻസറികളും, 6 ആയുർവ്വേദ വൈദ്യശാലകളും (സ്വകാര്യ) ഒരു ദന്തൽ ക്ലിനിക്കും, 4 ക്ലിനി

ക്കൽ ലബോറട്ടറികളും പ്രവർത്തിക്കുന്നുണ്ട്. 3 മെഡിക്കൽ സ്റ്റോറുകളും ഉണ്ട്.

ആധുനിക ചികിത്സാ സമ്പ്രദായം അഭൂത പൂർവ്വമായ കണ്ടുപിടിത്തങ്ങളുമായി മുന്നോട്ട് കുതിക്കുമ്പോഴും AIDS (അക്വേർഡ് ഇമ്മ്യൂൺ ഡെഫിഷൻസി സിൻഡ്രം) പോലുള്ള പുത്തൻ മാരക രോഗങ്ങൾ മനുഷ്യരാശിയുടെ നില നിൽപ്പിനെ പോലും വെല്ലുവിളിച്ച് കൊണ്ട് അവ താരം എടുക്കുന്നു. ജപ്പാൻ ജ്വരം, ഡങ്കി പനി, തുട ങ്ങിയ പുതിയ രോഗങ്ങളും ഉടലെടുക്കുന്നു. അമർച്ച ചെയ്തെന്ന് നാം അഭിമാനിച്ച് വന്ന ക്ഷയം വീണ്ടും വ്യാപകമാകുന്നു. അടിച്ചോടി ച്ചെന്ന് നാം വീമ്പിളക്കിയ പ്ലേഗ് നമ്മുടെ രാജ്യ ത്തേക്ക് വീണ്ടും വന്നു. വായുജന്യ – ജലജന്യ – പ്രാണിജന്യ രോഗങ്ങളായ ശർദ്ദി അതിസാരം, കോളറ, ജലദോഷം, ആസ്തമ, ചെങ്കണ്ണ്, മലേറിയ, മന്ത്, വിര, തൃക്ക് രോഗങ്ങൾ, വാതം, പ്രമേഹം, മഞ്ഞപിത്തം, ഹൃദ് രോഗം തുടങ്ങിയവ നാൾക്കു നാൾ വർദ്ധിച്ചു വരുന്നു.

ഗവ: പ്രൈമറി ഹെൽത്ത് സെന്റർ, (P.H.C.)

5-03-1991 ൽ പ്രവർത്തനം ആരംഭിച്ചു. -ാം നമ്പർ S.N.D.P. ശാഖാ യോഗം വക കെട്ടിടത്തിൽ (8-ാം വാർഡ്) പഞ്ചായത്തിൽ നിന്നും വാടക നൽകാമെന്ന് തീരുമാനം ഉണ്ടെങ്കിലും കൊടുത്തി ട്ടില്ല. 16 ജീവനക്കാരുണ്ട്. ഇപ്പോൾ സ്ഥിരമായി ഡോക്ടറില്ല. 2, 9 വാർഡുകളിലായി രണ്ട് സബ് സെന്ററുകൾ ഇതിന്റെ കീഴിൽ പ്രവർത്തിക്കുന്നു. പ്രാഥമിക ആവശ്യങ്ങൾ നിറവേറ്റാനുള്ള സൗക ര്യമില്ല. ഫർണിച്ചർ കുറവ്. സ്റ്റോർ റൂമില്ല. മരു ന്നിന്റെ ആലോട്ട്മെന്റ് കുറവ്.

P.H.C ക്ക് വേണ്ടി 5-ാം വാർഡിൽ (വലിയ കുളങ്ങര ക്ഷേത്രത്തിന് സമീപം) 50 സെന്റ് സ്ഥലം കൈമഴേത്ത് മഠത്തോട് ചേർന്ന് പഞ്ചാ യത്ത് വിലയ്ക്ക് വാങ്ങിയിട്ടുണ്ട്. കെട്ടിടം നിർമ്മി ക്കാൻ രണ്ടു ലക്ഷം രൂപ അൺടൈഡ് ഫണ്ടിൽ വക കൊള്ളിച്ചിട്ടുമുണ്ട്. രോഗികളെ കിടത്തി ചിക ത്സിക്കാൻ പര്യാപ്തമായ വിധം പരാധീനതകളി ല്ലാത്ത ഒരു ആതുരാലയമായി ഈ ആരോഗ്യ സ്ഥാപനത്തെ താമസം വിനാ ഉയർത്തി കൊണ്ടു വരാൻ കഴിയുമെന്ന് തന്നെയാണ് പ്രതീക്ഷ.

ഗവ: ഹോമിയോ ഡിസ്പെൻസറി

1972 ൽ വാടക കെട്ടിടത്തിൽ പ്രവർത്തനം തുടങ്ങി (9-ാം വാർഡിൽ) സൗജന്യമായി ലഭിച്ച (നടുവത്തേരിൽ മാധവൻ മുതലാളി, 369-ാം നമ്പർ S.N.D.P. ശാഖാ നൽകിയത്) 27 സെന്റ് സ്ഥലത്ത് ജവഹർ തൊഴിൽദാന പദ്ധതിയിൽ (J.R.Y.) കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് നിർമ്മിച്ച കെട്ടിടത്തിൽ 1996 ജൂണിൽ ആശുപത്രി മാറ്റി സ്ഥാപിച്ചു. ഡോക്ടർ ഉൾപ്പടെ മൂന്ന് ജീവനക്കാർ 1995-96 ൽ പുതുതായി വന്ന 3575 ഉം പഴയ 23975 ഉം രോഗികളടക്കം 27500 രോഗികൾക്ക് ചികിത്സ ലഭ്യമാക്കുകയും 17166 പേർക്ക് ഇവിടെ നിന്നും പ്രതിരോധ ഔഷധം വിതരണം ചെയ്യുകയും ചെയ്തതായി മെഡിക്കൽ ഓഫീസർ ഡോ. പി. വി. സന്തോഷ് അറിയിച്ചു.

ഒരു വർഷത്തേക്കുള്ള മരുന്നിന്റെ അലോ ട്ട്മെന്റ് 10,000 രൂപയാണ്. ഇത് 25,000 രൂപയെങ്കി ലുമായി വർദ്ധിപ്പിക്കണം. കെട്ടിടത്തിൽ ശുദ്ധജല, വൈദ്യുതി കണക്ഷൻ ഏർപ്പെടുത്തുകയും, ചുറ്റു മതിൽ കെട്ടുകയും വേണം. ഡിസ്പെൻസറി വക താഴ്ന്ന സ്ഥലം മണ്ണിട്ട് ഉയർത്തി നിരപ്പാക്കണം.

പരിസര മലിനീകരണം

ജലത്തിലൂടെയും, വായുവഴിയും, പ്രാണിമൂ ലവും പകരുന്ന രോഗങ്ങൾക്ക് പ്രധാന കാരണം ജലമലിനീകരണവും ശുചിത്വം ഇല്ലായ്മയുമാണ്. മഴക്കാലത്ത് വെള്ളം കെട്ടികിടന്ന് കൊതുക് പെരുകുന്നു. 6 മുതൽ 9 വരെ വാർഡുകളിൽ ചകിരി ചോറും, ചകിരിയും നിമിത്തം ജലാശയ ങ്ങൾ മിക്കതും മലിനമാണ്. കുളിക്കുവാനും മറ്റും ഈ വെള്ളം ഉപയോഗിക്കുന്നു. മിക്ക വീടുകളി ലെയും കക്കൂസുകൾ തോട്ടിലേക്ക് ഇറക്കി പണി തിട്ടിട്ടുള്ളതിനാൽ വിസർജ്ജ്യ വസ്തു മൂലം വെള്ളം ഉപയോഗ ശൂന്യമാണ്.

ഓടകളും കലുങ്കുകളും കെട്ടി മഴകാലത്ത് ജലനിർഗമനം സുഗമമാക്കുകയും ചകിരിയും ചകിരി ചോറും നിമിത്തം ഉണ്ടാകുന്ന മലിനീകര ണത്തിന് ശാശ്വത പരിഹാരം കണ്ടെത്തുകയും വേണം. ഉപയോഗമല്ലാത്ത ഇറച്ചി മത്സ്യം മുതലാ യവ വിൽപ്പന നടത്തുന്നത് കർശനമായി തടയു കയും ചെയ്യണം.

പുളികീഴ് ബസ് സ്റ്റോപ്പിൽ 100 കണക്കിന് യാത്രക്കാർ ബസ് കയറാൻ നിൽക്കിന്നിടത്ത് മത്സ്യ കച്ചവടം അവസാനിപ്പിക്കണം.

കക്കൂസ് സേഫ്ടി ടാങ്കുള്ള കക്കൂസുകൾ വിരളമാണ്. 1 മുതൽ 5 വരെ വാർഡുകളിൽ പ്രാഥമിക ആവശ്യം നിറവേറ്റാൻ കഷ്ടപ്പെടുന്ന 100 കണക്കിന് വീടുകൾ ഉണ്ട്. ഗ്രാമ സഭയിൽ ഉയർന്നു വന്ന പ്രധാന പരാതിയും കക്കൂസുകൾ കിട്ടുന്നില്ല എന്നു തന്നെയാണ്.

പട്ടിക 1

ആരോഗ്യം

സർക്കാർ ആരോഗ്യ കേന്ദ്രങ്ങൾ

നമ്പർ	വാർഡ്	സ്ഥാപനങ്ങൾ	സ്ഥാപിച്ച വർഷം	ജീവനക്കാരുടെ എണ്ണം
1.	8	പ്രൈമറി ഹെൽത്ത് സെന്റർ കാർത്തികപ്പള്ളി	1991	16
2.	9	ഗവ: ഹോമിയോ ഡിസ്പെൻസറി കാർത്തികപ്പള്ളി	1972	3

പട്ടിക 2

വാർഡ്	പ്രമേഹം	രക്തസമ്മർദ്ദം	ഹൃദ് രോഗം	ടി.ബി.	ക്യാൻസർ
1	35	57	17	11	3
2	10	91	22	11	3
3	15	36	11	14	4
4	26	19	13	6	3
5	19	47	15	9	1
6	20	14	8	4	5
7	44	86	16	14	3
8	35	112	15	7	3
9	51	97	25	16	9
ആകെ	255	559	142	92	34

പട്ടിക 3

വാർഡ് നമ്പർ	കക്കൂസുള്ള വീടുകൾ	കക്കൂസ് ഇല്ലാത്ത വീടുകൾ
1	348	108
2	303	207
3	377	166
4	232	78
5	178	279
6	65	224
7	45	455
8	169	275
9	98	371
ആകെ	1815	2163

അമ്മമാരുടെ എണ്ണം (കുട്ടികളുടെ എണ്ണത്തിന്റെ അടിസ്ഥാനത്തിൽ)

1 കുട്ടി	506
2 കുട്ടികൾ	1346
2 ൽ കൂടുതൽ കുട്ടികൾ	364

കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ

1 കുട്ടിയുള്ളവർ	106
2 കുട്ടികൾ	1155
2 ൽ കൂടുതൽ കുട്ടികൾ	326
ഒരു വയസ്സിന് താഴെ പ്രായമുള്ള കുട്ടികൾ	180
പ്രതിരോധ കുത്തിവയ്പ്പ് നടത്തിയവർ	180
ആകെ ഗർഭിണികൾ	247
അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം	691
അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികളുടെ എണ്ണം	82
അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മാരുടെ എണ്ണം	84

പട്ടിക 4ആരോഗ്യ രംഗം വാർഡ് തിരിച്ചുള്ള സ്ഥിതി വിശേഷം

വാർഡ്	പൊതു സ്ഥാപനങ്ങൾ	കാണപ്പെടുന്ന രോഗങ്ങൾ	പ്രവർത്തനം വിലയിരുത്തൽ	മെച്ചപ്പെടുത്താനുള്ള നിർദ്ദേശങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ
I	ഇല്ല	പനി ദന്തരോഗം വയറിളക്കം പ്രമേഹം രക്തസമ്മർദ്ദം ടി.ബി.	ആരോഗ്യ ക്ലാസ്സില്ല. ഹെൽത്ത് വിസിറ്റ് ഇല്ല	ബോധവൽക്കരണ ക്യാമ്പ് വേണം കൊതുക് നിവാരണം അത്യാവശ്യം	ദന്തൽ ക്ലിനിക്ക് 1.
II	ഫാമിലി വെൽഫയർ സെന്റർ 1	പനി ഷുഗർ പ്രഷർ	ഹെൽത്ത് വിസിറ്റ് കുറവ്	ആരോഗ്യ ക്ലാസ്സും കൊതുക് നിവാരണവും ആവശ്യം	
III	ഇല്ല	പനി വയറിളക്കം പ്രഷർ ഷുഗർ	ബോധവൽക്കരണ ക്ലാസ്സ് വേണം	കൊതുക് നിവാരണം, പരിസര ശുചീകരണം ആവശ്യം	ആയുർവേദ ക്ലീനിക്ക് 1
IV	ഇല്ല	വയറിളക്കം പനി മഞ്ഞപിത്തം ഉണ്ടാകാറുണ്ട് ദന്തരോഗം പനി വയറിളക്കം പ്രമേഹം രക്തസമ്മർദ്ദം	ആരോഗ്യ ക്ലാസ്സില്ല. കുടുംബക്ഷേമ പ്രവർത്തനം ഇല്ല .	കൊതുക് നശീകരണ ആരോഗ്യ വിദ്യാഭ്യാസ ക്യാമ്പുകൾ അത്യാവശ്യം ആയുർവ്വേദ ആശുപത്രി വേണം.	ആയുർവേദ ക്ലീനിക്ക് 1 ഹോമിയോ ഡിസ്പെൻസറി 1 ദന്തൽ ക്ലീനിക്ക് 1
V	P.H.C. ക്ക് സ്ഥലമെടുത്തു കെട്ടിടം പണിയണം	പനി വയറിളക്കം ദന്തരോഗം പ്രഷർ	കുത്തിവയ്പ്പുണ്ട്. ആരോഗ്യ ക്ലാസ്സില്ല	അടുത്തുള്ള P.H.C. ൽ ഡോക്ടറെ നിയമിക്കണം. സ്വന്തമായി കെട്ടിടം പണിയണം.	ഹോമിയോ ക്ലീനിക്ക് 3
VI	ഇല്ല	പനി വയറിളക്കം ശർദി ഉണ്ടാകാറുണ്ട് മലേറിയ ഉള്ളവരുമുണ്ട്	ഹെൽത്ത് വിസിറ്റ് കുറവ്	P.H.C. കെട്ടിടം പണിത് പ്രവർത്തനം വിപുലമാക്കുക.	ആയുർവ്വേദ വൈദ്യശാല 1
VII	ഇല്ല പ്രൈമറി ഹെൽത്ത് സെന്റർ 1	പനി വയറിളക്കം ചർദി ഉണ്ടാകാറുണ്ട് പനി വയറിളക്കം ശ്വാസകോശ അസുഖങ്ങൾ	ഹെൽത്ത് വിസിറ്റ് മെച്ചപ്പെടുത്തണം കുടുംബക്ഷേമ പ്രവർത്തനം ഇല്ല.	തൃക്കുന്നപ്പുഴ കാർത്തികപ്പള്ളി P.H.C. യിൽ ഡോക്ടർമാരെ നിയമിച്ചും മരുന്ന് ലഭ്യമാക്കിയും സഹായിക്കുക.	അലോപ്പതി ആശുപത്രി (മനോരോഗ ചികിത്സ) 1 ആയുർവ്വേദ

പട്ടിക 4 ആരോഗ്യ രംഗം വാർഡ് തിരിച്ചുള്ള സ്ഥിതി വിശേഷം (തുടർച്ച)

വാർഡ്	പൊതു സ്ഥാപനങ്ങൾ	കാണപ്പെടുന്ന രോഗങ്ങൾ	പ്രവർത്തനം വിലയിരുത്തൽ	മെച്ചപ്പെടുത്തേണ്ടുള്ള നിർദ്ദേശങ്ങൾ	സ്വകാര്യ സ്ഥാപനങ്ങൾ
VIII	ഒപ്രമറി ഹെൽത്ത് സെന്റർ 1	പനി വയറിളക്കം ചർദ്ദി ഉണ്ടാകാറുണ്ട്	കുടുംബക്ഷേമ പ്രവർത്തനം ഇല്ല. ഹെൽത്ത് വിസിറ്റ് കാര്യക്ഷമമല്ല	കൊതുക് നിവാരണം അത്യാവശ്യം. സ്ഥിരം ഡോക്ടർ വേണം.	ആയുർവേദ ഡിസ്പെൻസറി 1
IX	ഗവ: ഹോമിയോ ഡിസ്പെൻസറി 1 ഫാമിലി വെൽഫെയർ സെന്റർ No. 181	പനി വയറിളക്കം ശ്വാസകോശ അസുഖങ്ങൾ	ആരോഗ്യ ക്ലാസ്സില്ല	തോട്ടിലേക്കുള്ള കക്കൂസ് നിർത്തലാക്കണം. കൊതുക് നിവാരണം അത്യാവശ്യമാണ്.	ആയുർവേദ ഡിസ്പെൻസറി 1

തീരദേശ ആരോഗ്യ പരിപാലനം പദ്ധതിയിൻ കീഴിൽ നമ്മുടെ പഞ്ചായത്തും ഉൾപ്പെടുത്തിയിട്ടുണ്ട്. സാനിട്ടറി കക്കൂസുകൾ നിർമ്മിച്ച് നല്കുന്ന പരിപാടി ഈ പദ്ധതിപ്രകാരം നടപ്പിലാക്കുമെന്ന് പ്രതീക്ഷിക്കുന്നു. ബ്ളോക്ക് മുഖാന്തരം ഇക്കൊല്ലം SC/ST വിഭാഗത്തിന് 10 ഉം മറ്റ് ദുർബല വിഭാഗത്തിന് 29 ഉം കക്കൂസുകൾ ആനുവദിച്ചിട്ടുണ്ട്. പഞ്ചായത്തിൽ നിന്ന് പട്ടിക ജാതി പട്ടിക വർഗ്ഗത്തിനായി JRY ൽ ഈ വർഷം 19 ഉം അൺടൈഡ് ഫണ്ടിൽ 46 ഉം കക്കൂസുകൾ കൂടി നല്കാൻ തീരുമാനിച്ചിട്ടുണ്ട്. ആകെ 104.

ആരോഗ്യ പരിപാലനം ഫലപ്രദമാകണമെങ്കിൽ എല്ലാ വീടുകൾക്കും സേഫ്ടി ടാങ്കുള്ള കക്കൂസ് അനിവാര്യമാണ്. കേന്ദ്രസംസ്ഥാന സർക്കാരുകളുടേയും, പഞ്ചായത്തിന്റെയും മറ്റ് സാമൂഹ്യ വികസന ഏജൻസികളുടെയും സഹായത്തോടെ താമസം വിനാ ഈ ലക്ഷ്യത്തിലെത്തൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

ഗ്രാമസഭാ നിർദ്ദേശങ്ങൾ

1. 1 മുതൽ 3 വരെ വാർഡുകൾക്കായി ഒരു പൊതു ശ്മശാനം സ്ഥാപിക്കുക.
2. ആയുർവ്വേദ ആശുപത്രി ആരംഭിക്കുക.
3. എല്ലാ വീടുകൾക്കും സേഫ്റ്റി ടാങ്ക് കക്കൂസ് അനുവദിക്കുക.
4. കുടുംബക്ഷേമ കേന്ദ്രങ്ങൾ വാർഡിന് ഒന്ന് വീതം വേണം.
5. കൊതുക് നിവാരണം ചെയ്യണം.
6. ചർദ്ദി, അതിസാരം, വയറുകടി തുടങ്ങിയ സാംക്രമിക രോഗങ്ങൾ വരാതിരിക്കാൻ മുൻകരുതലുകൾ സ്വീകരിക്കണം.
7. പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങൾക്കായി ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കണം.
8. മൂന്നാം വാർഡിൽ സൗജന്യമായി കൊടുത്തിട്ടുള്ള 16 സെന്റ് സ്ഥലത്ത് ഹെൽത്ത് സെന്റർ തുടങ്ങണം.
9. കാർത്തികപ്പള്ളി മാർക്കറ്റ് ആധുനിക രീതിയിൽ പുന സംവിധാനം ചെയ്ത് ചപ്പു ചവറുകൾ നിത്യവും മാറ്റാനും വെള്ളം ഒഴുകി

പോകാനും നടപടി സ്വീകരിക്കണം. 4-ാം വാർഡിൽ ധർമ്മാശുപത്രി സ്ഥാപിക്കണം.

10. P.H.C. 24 മണിക്കൂറും പ്രവർത്തിപ്പിക്കണം. കിടത്തി ചികിത്സിക്കാൻ വാർഡ് പണിയണം. ഹൃദ് രോഗ ചികിത്സാ സൗകര്യം ഉണ്ടായിരിക്കണം. ഗൈനകോളജിസ്റ്റ് വേണം.

11. പൊതുവഴി, വാട്ടർ ടാപ്പ്, എന്നിവയ്ക്ക് സമീപത്തുള്ള ചാണകക്കുഴികൾ നീക്കം ചെയ്യണം.

കുടിവെള്ളം

പഞ്ചായത്തിലെ ജനങ്ങൾ പ്രധാനമായും കിണറുകൾ കുളങ്ങൾ എന്നിവയെ ആണ് ആശ്രയിച്ചു വന്നിരുന്നത്. 6, 7, 8, 9 വാർഡുകളിൽ കിണർ കുഴിച്ചാൽ ശുദ്ധജലം കിട്ടില്ല. ഓരു ജലം കലർന്ന കുളങ്ങളിലെ വെള്ളമാണ് 10 വർഷം മുമ്പ് വരെ ഉപയോഗിച്ചു വന്നതും. ശുദ്ധജല സ്രോതസ്സുകളായ കിണറും കുളങ്ങളും (1 - 5 വരെ വാർഡുകളിൽ സ്ഥിതിചെയ്യുന്നത്.) വേനൽ കാലത്ത് വറ്റിവരണ്ട് കുടിവെള്ളത്തിനായി ജനങ്ങൾ നെട്ടോട്ടം ഓടുന്നു.

പുളകീഴ് വാട്ടർ ടാങ്ക്

പഞ്ചായത്തിലെ ആദ്യത്തെ ജലവിതരണ പദ്ധതി. പുളികീഴ് പാലത്തിന് സമീപം ആറ്റുതീരത്തുള്ള ഈ ടാങ്ക് പ്രവർത്തിപ്പിക്കുന്നില്ല. കപ്പാസിറ്റി കുറവായിരുന്നു. കൂടുതൽ ജല സംഭരണ ശേഷിയുള്ള വാട്ടർ ടാങ്ക് നിർമ്മിച്ച് പ്രവർത്തനക്ഷമമാക്കിയാൽ 6, 7, 9 വാർഡുകളിൽ നിലവിലുള്ള ലൈനുകളിൽ കൂടുതൽ വെള്ളം കിട്ടുന്നതിനും ശുദ്ധ ജലം എത്താത്ത ടി വാർഡുകളുടെ മറ്റ് ഭാഗങ്ങളിൽ അവ കിട്ടുവാൻ ആവശ്യമായ ലൈനുകൾ ഏർപ്പെടുത്താനും കഴിയണം.

വലിയകുളങ്ങര വാട്ടർ സപ്ലൈ സ്കീം

കേരളാ വാട്ടർ അതോറിറ്റിയുടെ ഈ പദ്ധതിയിലൂടെ 4 മുതൽ 9 വരെ വാർഡുകളിൽ ശുദ്ധ ജലം എത്തുന്നുണ്ട്. എന്നാൽ വാർഡുകളുടെ എല്ലാ ഭാഗത്തും വെള്ളം എത്തിയിട്ടില്ല. ശുദ്ധജലത്തിന് വേണ്ടിയുള്ള മുറവിളി ഗ്രാമ സഭകളിലെല്ലാം മുഴങ്ങി കേൽക്കുകയുണ്ടായി. വൈദ്യുതി തകരാറും മോട്ടോർ കേടാകുന്നതും യഥാ സമയം പമ്പിംഗ് നടത്താത്തതും ജലവിതരണം ദിവസങ്ങളോളം സതംഭിപ്പിച്ചിട്ടുണ്ട്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ ജനം അനുഭവിക്കുന്ന യാതനകൾ കണക്കിലെടുത്ത് കാര്യക്ഷമമായി പ്രവർത്തിക്കാൻ K.W.A. തയ്യാറാകണം.

കാർത്തികപ്പള്ളി U.P.S. ലെ കുഴൽ കിണർ

നിലവിലുണ്ടായിരുന്ന സ്റ്റീൽ ടാങ്ക് തുരുമ്പെടുത്ത് പോയത് മൂതൽ ലൈനിലേക്ക് നേരിട്ട് വെള്ളം പ്രവഹിപ്പിക്കുന്നതിനാൽ 2, 3, 4 വാർഡുകളിലുള്ള പൈപ്പുകൾ പൊട്ടി ആമൂല്യമായ ശുദ്ധ ജലം നഷ്ടപ്പെടുന്നത് നിത്യസംഭവമാണ്. ഓവർ ഹെഡ് ടാങ്ക് പണിയുന്നതിനുള്ള സ്ഥലം കിട്ടാത്തതാണ് വാട്ടർ അതോറിറ്റി ചൂണ്ടി കാട്ടുന്ന തടസ്സം.

ഗവ: U.P.S. ന്റെ ഉപയോഗമില്ലാതെ കിടക്കുന്ന 5 സെന്റ് സ്ഥലമോ ജംഗ്ഷനിലുള്ള ചിങ്ങോലി പഞ്ചായത്ത് വക പുറംപ്പോക്ക് സ്ഥലമോ ഈ ആവശ്യത്തിന് വിട്ടുകൊടുത്ത് പരമാവധി സംഭരണ ശേഷിയുള്ള ഓവർ ഹെഡ് ടാങ്ക് നിർമ്മിച്ചാൽ ചിങ്ങോലി പഞ്ചായത്ത് മുഴുവനും കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിലെ 1, 2, 3, 4 വാർഡുകളിലും ശുദ്ധ ജലക്ഷാമത്തിന് ശാശ്വത പരിഹാരം കാണാം.

കുടിവെള്ള പ്രശ്നങ്ങളും പരിഹാര മാർഗ്ഗങ്ങളും

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
1	1. മിനിലാന്റിനു സമീപം
	2. കേദാരം
	3. സുരേഷ് മാർക്കറ്റ്
	4. ആലുമൂട്ടിൽ
	5. പിത്തമ്പിൽ
	6. വെയർ ഹൗസ്
	7. ആർ.കെ. ജംഗ്ഷൻ
	8. ചാണാൻച്ചേരിൽ
	9. തോണ്ട് പറമ്പിൽ
	10. വേലിയിൽ മുക്ക്
	11. K.S.R.T.C. ക്ക് സമീപം

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	12. മൂടയിൽ ലക്ഷം വീട്
	13. ഹരിപ്പാട്ടേത്ത്
	14. മുക്കലത്ത്
	15. തയ്യിൽ
	16. തറയിൽ
	17. ചിറ്റയ്ക്കാട്ടേത്ത്
	18. മണ്ണൂർ സ്കൂൾ
	19. അങ്കണവാടി No. 27
	20. ഉഷസ്സ്
	21. കൊച്ചുപ്പുരയ്ക്കൽ
	22. നരസിംഹത്ത്
	23. കളപ്പുരയ്ക്കൽ
	24. തിരുമനശ്ശേരിൽ
II	1. പാടിയിൽ
	2. തൈശ്ശേരിൽ
	3. ലക്ഷ്മി ഭവനം
	4. ചെങ്ങിഴേത്ത് മുക്ക്
	5. മധുരിമ
	6. കണ്ടത്തിൽ
	7. അങ്കണവാടി No. 29
	8. മണ്ണാരത്ത്
	9. നാലുവേലിൽ
	10. തിരുമംഗലത്ത്
	11. ബിനുഭവനം
	12. തോപ്പിൽ പുത്തൻ ബംഗ്ലാവ്
	13. മണ്ണടത്തറ
	14. ചെറുകിരേത്ത്
	15. പെരിങ്ങോലിൽ
	16. കിഴക്കടം പള്ളി കോളനി

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	17. കുന്നേൽ
	18. ചെങ്ങിളിൽ വടക്കതിൽ
	19. കുന്നേൽ പടീറ്റതിൽ
	20. ചെമ്പകശ്ശേരിമുക്ക്
	21. ആർ.കെ. സദനം
III	1. ആലമ്പള്ളി കിഴക്ക്
	2. മാവോലിൽ
	3. ചെങ്കിഴേത്ത്
	4. ചെറുതിട്ട കിഴക്ക്
	5. അമ്മുമ്മേത്ത്
	6. വാണിയംപറമ്പിൽ
	7. കുറ്റിയിൽ
	8. വി.കെ.ബ്ലോക്സ്
	9. മൃഗാശുപത്രി
	10. തെറ്റികുഴി
	11. പാലക്കുന്നേൽ
IV	1. തയ്യിൽ ഭാഗം
	2. പുലിശ്ശേരിൽ
	3. പുത്തൻപുരയ്ക്കൽ
	4. പാണ്ടികുളങ്ങര
	5. പുത്തൻകണ്ടത്തിൽ
	6. പുത്തൻപുരയിൽ
	7. അമ്പഴവേലിൽ
	8. കല്ലേലി പറമ്പിൽ
	9. തുറവശ്ശേരിൽ
	10. മൂലയിൽ ഭാഗം
	11. കുറ്റിയിൽ
V	1. ഇലഞ്ഞിക്കൽ വടക്ക്
	2. മൈനാഗപ്പള്ളി

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	3. പള്ളിയമ്പിൽ
	4. ചക്കാട്ടുശ്ശേരിൽ
	5. പടിഞ്ഞാറെ കണ്ണമ്പള്ളിൽ
	6. വാലയിൽ
	7. ഇല്ലിക്കുളം കോളനി
	8. കൈമൂട്ടിൽ കോളനി
	9. താമരശ്ശേരിൽ
	10. തളിക്കശ്ശേരി കോളനി
	11. കിഴക്കേതുണ്ടിൽ
	12. ദേവീ ടയറിനു പടിഞ്ഞാറ്
	13. ചിറ്റൂർ കിഴക്കതിൽ
	14. തറയിൽ
	15. മല്ലാക്കര വടക്ക്
	16. പണ്ടാരത്തിൽ കിഴക്ക്
	17. താച്ചയിൽ കിഴക്ക് വശം
	18. വാലുപറമ്പിൽ
	19. അങ്കണവാടി
VI	1. പുന്നാംതറ കോളനി
	2. മുട്ടിയിൽ
	3. ഇടയ്ക്കേവീട്ടിൽ
	4. പാലത്തിങ്കൽ
	5. പന്തപ്ലാവിൽ പോച്ചയിൽ
	6. ഇരട്ടതെങ്ങിൽ
	7. മണ്ണൂർ
	8. വഞ്ചിപ്പുരയ്ക്കൽ
	9. ഭ്രാന്തൻകുഴി
	10. മൈനാഗപ്പള്ളി കോളനി
	11. പാരൂർ
	12. പിരളശ്ശേരിൽ

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	13. പൂത്തുഴി തറയിൽ
	14. കുളത്തൂർ
	15. കൊച്ചുപറമ്പിൽ തെക്കുവശം
	16. പുത്തൻചിറ
	17. കരിയിൽ
	18. തെക്കേപറമ്പിൽ
	19. മുണ്ടുക്കാട്ടിൽ തെക്കുവശം
	20. പോച്ചേചിറയിൽ
	21. ചാങ്ങയിൽ
	22. വൈപ്പിൻ കോളനി
	23. തമ്പുരാൻ തറയിൽ
	24. പൂഴിക്കാട്ട് തറയിൽ
VII	1. കുന്നേൽ
	2. കൊട്ടാരത്തിൽ
	3. വളവുങ്കൽ
	4. വൃന്ദാവനം
	5. കോടമാടൻ ചിറ വടക്ക്
	6. തൈപറമ്പിൽ
	7. തോണിക്കടവ്
	8. പടന്നയിൽ
	9. പുതുവലിൽ
	10. കായലിൽ
	11. കുറ്റിപറമ്പിൽ തെക്ക്
	12. കുറ്റിപറമ്പിൽ
	13. കായലിൽ ചിറ
	14 കൊച്ചുപുതുവൽ തെക്കുവശം
	15. കൊച്ചുപുതുവൽ വടക്ക്
	16. മോഹന ഭവനം
	17. പറമ്പിൽ പുതുവൽ

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	18. കുത്തിയതോട്
	19. പുതുമണ്ണേൽ
	20. വാടച്ചിറ
	21. കൊച്ചുപറമ്പ്
	22. കാട്ടിൽ തെക്കേച്ചിറ
	23. നീലംകാട്
	24. വട്ടത്തിൽ
	25. പുണ്യംകാട്
	26. കിഴക്കേഅറ്റത്ത്
	27. മാധവൻചിറ ക്ഷേത്രം
	28. ചുളച്ചിറ
	29. പുത്തൻകാട്
	30. കുടന്തറ തോപ്പ്
	31. തൈച്ചിറയിൽ
	32. കന്നേല പറമ്പിൽ
VIII	1. പള്ളിപറമ്പ്
	2. ആലുംക്കുന്നത്ത്
	3. നറത്തറ
	4. വേളയിൽ
	5. ആലയ്ക്കൽ കിഴക്കുവശം
	6. ചാപ്രായിൽ പടിഞ്ഞാറ്
	7. മീനങ്ങാട്ട് കോളനി
	8. പാണ്ടിപോച്ചയിൽ
	9. പുതുവലിൽ
	10. വളവനാട്
	11. മഞ്ഞാടിയിൽ തെക്കുവശം
	12. വാഗസ്ഥാനം
	13. തുണ്ടിൽ
	14. ആശ്രമത്തിൽ

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	15. വിഷ്ണുഭവനം
	16. കളത്തയിൽ
	17. കൊച്ചുപറമ്പിൽ
	18. നടേശ്ശേരിൽ
	19. നള്ളാത്ത്
	20. മുട്ടിതെക്കതിൽ
	21. പേളാത്ത് കോളനി
	22. ആമ്പച്ചാലിൽ
	23. തറയിൽ തെക്കതിൽ
	24. വയലിൽ കിഴക്ക്
	25. കൈപ്പള്ളി കോളനി
IX	1. മുട്ടിയിൽ വീടിന് സമീപം
	2. മുണ്ടുച്ചിറയിൽ തെക്കുവശം
	3. കാട്ടിൽ വീടിന് സമീപം
	4. പൂവന്നയിൽ
	5. പുളിയന്നാത്ത് ചിറ
	6. കാട്ടുപറമ്പിൽ കിഴക്കുവശം
	7. കായൽ വാരം
	8. അറ്റത്തു പറമ്പിൽ
	9. പിരളശ്ശേരിൽ
	10. നള്ളാത്ത് കാട്ടിൽ തെക്കുവശം
	11. അറ്റത്തുകിഴക്കുവശം
	12. കന്നാത്തറയിൽ വടക്കുവശം
	13. അമ്പാട്ട് കിഴക്കുവശം
	14. കോലടിത്തറ കിഴക്കുവശം
	15. കവിതാഭവനത്തിന് സമീപം
	16. പള്ളിപ്പാട്ടുശ്ശേരി തറയിൽ തെക്കുവശം
	17. ദ്വീപിൽ
	18. കൊച്ചുകാട്ടിൽ തെക്കുവശം


വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	19. അഞ്ചുതെങ്ങിൽ പടിഞ്ഞാറുവശം
	20. ബിനുഭവനം
	21. പുളിയനാത്ത് പടിഞ്ഞാറുവശം
	22. തൈക്കാട്ടിൽ തെക്കുവശം
	23. കിഴക്കേഅറ്റത്ത് വടക്കുവശം
	24. തുരുത്തേൽ B.A. ഹൗസ്
	25. കണ്ണങ്കരത്തറ

വാർഡ്	പൈപ്പ് ലൈൻ നീട്ടേണ്ട സ്ഥലങ്ങൾ
	26. വേണാട്ടുശ്ശേരിൽ
	27. തറപ്പാട്ട് കിഴക്കുവശം
	28. പുത്തൻകാട്ടിൽ കിഴക്കുവശം
	29. ആലയ്ക്കപോച്ചയിൽ പടിഞ്ഞാറുവശം
	30. തട്ടാരുപറമ്പിൽ
	31. മഞ്ഞാണികാട്ടിൽ പടിഞ്ഞാറുവശം

അച്ചൻകോവിൽ ആറ്റിൽ നിന്നും ശുദ്ധജലം എത്തിക്കുന്ന പദ്ധതി

കേരളാ വാട്ടർ അതോറിറ്റിയുടെ ഇൻവസ്റ്റിഗേഷനിലിരിക്കുന്ന ഒരു സ്കീമാണിത്. ഭൂഗർഭ ജലത്തിന്റെ കുറവ് മൂലം വരൾച്ച കാലത്ത് പല ജല സംഭരണികളിലും കുഴൽ കിണർ മുഖാന്തിരം വെള്ളം സംഭരിച്ച് വിതരണം ചെയ്യാൻ കഴിയുന്നില്ല. തിരുവനന്തപുരം കൊച്ചി നഗരങ്ങളിലെ പോലെ അച്ചൻ കോവിൽ ആറ്റിൽ ഒരു വലിയ കിണർ നിർമ്മിച്ച് അതിലെ ജലം ശുദ്ധീകരിച്ച് ഹരിപ്പാട്, കാർത്തികപ്പള്ളി, ചിങ്ങോലി പഞ്ചായത്തുകളിൽ വിതരണം ചെയ്യാനുള്ള ഒരു പദ്ധതി വാട്ടർ അതോറിറ്റിയുടെ പരിഗണനയിൽ ആണ്. ഈ സ്കീം നടപ്പിലാക്കാനുള്ള ജനകീയ സമർദ്ദം ഉണ്ടാകണം. പദ്ധതി പ്രവർത്തികമായാൽ മൂന്ന് പഞ്ചായത്തുകളിലെ ശുദ്ധജല ക്ഷാമത്തിന് ശാശ്വത പരിഹാരം ഉണ്ടാകും.

ഗ്രാമസഭാ യോഗങ്ങളിൽ ഉയർന്ന് കേട്ട പൈപ്പ് ലൈൻ എക്സ്റ്റൻഷൻ നിർദ്ദേശങ്ങൾ പട്ടിക 1 ൽ വിശദമായി ചേർത്തിട്ടുണ്ട്.



ഗതാഗതം ഊർജ്ജം മാർക്കറ്റ്

കരജല ഗതാഗതത്തിന് സുഗമമായ ഒരു പഞ്ചായത്താണ് കാർത്തികപ്പള്ളി 1 മുതൽ 4 വരെ വാർഡുകൾ കാർത്തികപ്പള്ളി – ഡാണാപ്പടി തോടിന്റെ ഇരുകരകളിലുമായി സ്ഥിതി ചെയ്യുന്നു. വെട്ടുവേനി പാടത്തേക്ക് വിത്തും വളവും എത്തിക്കാനും കാർഷിക വിളകൾ മാർക്കറ്റിലേക്ക് കൊണ്ടുപോകാനും ഉപകരിച്ചിരുന്ന കൈതോടുകൾ ആഴവും വീതിയും കുറഞ്ഞ് ശോഷിക്കുകയും. ഡാണാപ്പടി – കായംകുളം റോഡിന്റെ ഭാഗമായി ഇടുങ്ങിയ കലുങ്കുകൾ നിർമ്മിക്കുകയും ചെയ്തപ്പോൾ വെട്ടുവേനി പാടത്തേക്ക് വള്ളങ്ങൾക്ക് പോകാൻ കഴിയാതായി. പിള്ളതോടിന്റെ നാശവും ഒരു നിമിത്തമായി.

കാളവണ്ടിയുഗം അവസാനിപ്പിച്ച് മോട്ടോർ വാഹനങ്ങൾ ആധിപത്യം ഉറപ്പിക്കാൻ തുടങ്ങിയപ്പോൾ കാർത്തികപ്പള്ളി താലൂക്കിലെ തന്നെ ആദ്യത്തെ റോഡുകളിൽ ഒന്നായ കായംകുളം – ഡാണാപ്പടി റോഡ് നിർമ്മിക്കപ്പെട്ടു. ഇതും N.H. 47 ഉം, മാവേലിക്കര – തൃക്കുന്നപ്പുഴ റോഡും ഈ ഗ്രാമ പഞ്ചായത്തിലൂടെ കടന്നു പോകുന്നു.

കിഴക്കൻ ജലപ്രവാഹം കായംകുളം കായലിലും അതുവഴി അറബി കടലിലും പതിക്കുവാൻ സഹായിക്കുന്ന 4 തോടുകൾ തെക്ക് വടക്ക് സമാന്തരമായി ഒഴുകുന്നുണ്ട്. T.S. കനാൽ, പുളികീഴ് ആറ്, ചെമ്പുതോട് , കാർത്തികപ്പള്ളി തോട്. ഈ തോടുകൾക്ക് മുകളിലായി തൃക്കുന്നപ്പുഴ സ്പിൽവേ പാലം, പുളക്കീഴ് പാലം, തോട്ടുകടവ് പാലം, കാർത്തികപ്പള്ളി പാലം എന്നിവ മാവേലിക്കര – തൃക്കുന്നപ്പുഴ റോഡിൽ സ്ഥിതി ചെയ്യുന്നു. തൃക്കുന്നപ്പുഴ പാലം 1972 ലാണ് ഗതാഗതത്തിന് തുറന്ന് കൊടുത്തത്. കാർത്തികപ്പള്ളി, തോട്ടുകടവ് തടിപാലങ്ങൾക്ക് പകരം നിലവിലുള്ള കോൺക്രീറ്റ് പാലങ്ങൾക്ക് ശ്രീ. രമേശ് ചെന്നിത്തല M.L.A. ആയിരിക്കുമ്പോൾ. ശ്രീ തച്ചടി പ്രഭാകരൻ ധനമന്ത്രി 4-02-1987 തറക്കല്ലിട്ടു. പ്രൊഫ. എ.വി. താമരാക്ഷൻ എം.എൽ.എ. യും, ഓ.കെ. രാജൻ പഞ്ചായത്ത് പ്രസിഡന്റുമായിരിക്കുമ്പോൾ 15-11-1990 ൽ പൊതുമരാമത്തു മന്ത്രി ശ്രി. റ്റി.കെ.

ഹംസ പാലങ്ങൾ ഉദ്ഘാടനം ചെയ്തു.

പുളിക്കീഴ് പാലം

പരിഗണനയിൽലിരിക്കുന്ന ശബരിമല തൃക്കുന്നപ്പുഴ ഹൈവേയിൽ ഉള്ള ഈ മേജർ കൾവർട്ട് (കലുങ്ക്) M.L.A. യും മന്ത്രിയുമായിരുന്ന ശ്രീ. എ. അച്യുതൻ വക്കീലിന്റെ ശ്രമഫലമായി നിർമ്മിക്കപ്പെട്ടതാണ്. പുളികീഴിൽ നിന്നും കടത്തു വള്ളങ്ങളിൽ കയറിയും കാൽനടയായുമാണ് അതിനു മുമ്പ് ആറാട്ടുപ്പുഴ തൃക്കുന്നപ്പുഴ നിവാസികൾ സഞ്ചരിച്ചിരുന്നത്. പാലത്തിന്റെ കരിങ്കൽ കെട്ടുകൾ ഇളകിയും അപ്രോച്ച് റോഡ് ഇടിഞ്ഞും അപകട സ്ഥിതിയിലാണ്. കഷ്ടിച്ച് ഒരു വാഹനം കടന്നു പോകാൻ ഇടമുള്ള പാലത്തിലും അപ്രോച്ച് റോഡിലും ആ സമയം കാൽനടയാത്രയും സാദ്ധ്യമല്ല. ആറാട്ടുപ്പുഴ, തൃക്കുന്നപ്പുഴ, തോട്ടപ്പള്ളി എന്നിവിടങ്ങളിൽ നിന്നും ആരംഭിച്ച് മുണ്ടക്കയം, കോട്ടയം, ചങ്ങനാശ്ശേരി, തിരുവല്ല, കോന്നി, റാന്നി, മലയാലപ്പുഴ, ഓച്ചിറ, കായംകുളം, ആലപ്പുഴ എന്നിങ്ങനെ മദ്ധ്യതിരുവാതാംകൂറിന്റെ വിവിധ ഭാഗങ്ങളിലേക്കുള്ള യാത്രാ ബസ്സുകളും, മറ്റ് നൂറ് കണക്കിന് വാഹനങ്ങളും നിത്യേന സഞ്ചരിക്കുന്ന ഈ പാലം കാർത്തികപ്പള്ളി തോട്ടുകടവ് പാലങ്ങളുടെ മാതൃകയിൽ അടിയന്തിരമായി പൊളിച്ച് പണിയേണ്ടതാണ്.

N.H. 47, P.W.D. റോഡുകൾ

ഹരിപ്പാട് ഗവ: ആശുപത്രിക്ക് വടക്കുവശം പിള്ളത്തോട് മുതൽ മരുതാമുക്കിന് തെക്കുവശം വരെ രണ്ട് കി. മീ. ദൂരം N.H. 47 പഞ്ചായത്തിലൂടെ കടന്ന് പോകുന്നു. മഴക്കാലത്ത് വെള്ളം കെട്ടി കിടക്കുകയും തന്മൂലം റോഡ് തകരുകയും ചെയ്യുന്നു. അകായർ ചെയ്തിട്ടുള്ള സ്ഥലം കൂടി ടാർ ചെയ്ത് വീതി കൂട്ടി യാത്രാ തടസ്സവും അപകടവും ഒഴിവാക്കണം.

പട്ടിക 1

പഞ്ചായത്തിലെ ടാർ റോഡുകൾ

നമ്പർ	വാർഡ്	റോഡിന്റെ പേര്	ഉടമസ്ഥത	ദൂരം (കി. മീ.)	വീതി (മീ.)	ബസ്സ് സർവ്വീസ്
1.	I, II, III	N.H. 47	N.H., P.W.D.			ഉണ്ട്
2.	I	K.S.R.T.C. - മണ്ണൂർ ചന്ത റോഡ് (ഫസ്റ്റ് റീച്ച്)	പഞ്ചായത്ത്	05	3	ഇല്ല
3.	II	വഴിയമ്പലം (പിത്തമ്പിൽ വഴി) കാർത്തികപ്പള്ളി - ഡാണാപ്പടി റോഡ്	പഞ്ചായത്ത്	2	5	ഇല്ല
4.	III	മരുതാമുക്ക് - കുരുശുംമൂട് (കാർത്തികപ്പള്ളി)	P.W.D.	1.8	8	ഇല്ല
5.	IV	കോട്ടവാതുക്കൽ - വാല്യത്ത് (ഫസ്റ്റ് റീച്ച്)	പഞ്ചായത്ത്	0.5	6	ഇല്ല
6.	V	വലിയകുളങ്ങര - നാരകത്തറ (പെരുമാറ്റം പള്ളിവരെ)	പഞ്ചായത്ത്	1.4	6	ഇല്ല
7.	VI, VII	പുളികീഴ് - കാട്ടിൽ മാർക്കറ്റ് (സെക്കൻഡ് റീച്ച്)	പഞ്ചായത്ത്	1.3	6	ഇല്ല
8.	IV	കാർത്തികപ്പള്ളി (മുഴങ്ങോടിൽ) - നാരകത്തറ	പഞ്ചായത്ത്	.5	6	ഇല്ല
9.		മാവേലിക്കര - തൃക്കുന്നപ്പുഴ	P.W.D.			ഉണ്ട്
10.		ഡാണാപ്പടി - കായംകുളം (കാർത്തികപ്പള്ളി വരെ)	P.W.D.		8	ഉണ്ട്

P.W.D. വകയായ മറുതാമുക്ക് കാർത്തികപ്പള്ളി റോഡിൽ S.N.D.P. ജംഗ്ഷനിലെ വളവ് മൂലം നിരവധി അപകടങ്ങൾ ഉണ്ടാകുന്നു. ഡാണാപ്പടി – കായംകുളം റോഡിൽ തോടിന് കിഴക്കുവശം കാർത്തികപ്പള്ളി വരെ പാർശ്വ ഭിത്തി കെട്ടി സംരക്ഷിക്കാൻ നടപടിയുണ്ടാരകണം. P.W.D. ഇറിഗേഷൻ വകുപ്പുകൾ ഉണർന്ന് പ്രവർത്തിക്കണം.

കാർത്തികപ്പള്ളി തോടിന്റെ പടിഞ്ഞാറെ കരയുടെ പല ഭാഗവും സംരക്ഷണ ഭിത്തി നിർമ്മച്ച് സ്വകാര്യ ഭൂ ഉടമകളെ സഹായിക്കാൻ അത്യുൽത്സാഹം കാണിക്കുന്ന ജലസേചന വകുപ്പിലെ താപ്പാനകൾ ഡാണാപ്പടി – കായംകുളം – റോഡിന്റെ സൈഡ് ഭിത്തി നിർമ്മിക്കാൻ അമാന്തം കാട്ടുന്നത് ജനദ്രോഹമാണ്.

മാവേലിക്കര – തൃക്കുന്നപ്പുഴ റോഡ് വലിയ കുളങ്ങര മുതൽ തൃക്കുന്നപ്പുഴ വരെ വീതി കൂട്ടി ടാർ ചെയ്യണം. ജലനിർഗമന ഓടയും ആവശ്യമായ സ്ഥലങ്ങളിൽ പണിയണം. റോഡ് കയ്യേറി കടയും വീടും വച്ചിട്ടുള്ളത്. അടിയന്തിരമായി ഒഴിപ്പിക്കണം. നിലവിലുള്ള ഗ്രാവൽ റോഡുകൾ മിക്കതും മഴയും വെള്ളപ്പൊക്കവും മൂലവും വീട് പണിക്കുള്ള കരിങ്കല്ലും ഇഷ്ടികയും കയറ്റി കൊണ്ടു പോകുന്നതിനാലും തകർന്നും താഴ്ന്നും ഓട്ടോ വിളിച്ചൽ പോലും വരാത്ത ദുസ്ഥിതിയിലുമാണ്. യഥാസമയം റിപ്പയർ ചെയ്യാത്തതും (ഫണ്ടില്ലാത്തതിനാൽ) കാരണം ആണ്. വർദ്ധിച്ച വാഹന ഗതാഗതം താങ്ങാൻ ഗ്രാവൽ റോഡുകൾക്ക് ആവില്ല.

എല്ലാ ഗ്രാവൽ റോഡുകളും പൂർണ്ണമായോ ഘട്ടം ഘട്ടമായോ ടാർ ചെയ്യണം. എന്നതാണ് ഗ്രാമ സഭകളുടെയും പഞ്ചായത്തിന്റെയും അഭിപ്രായം ജനപങ്കാളിത്തത്തോടെ ഈ ലക്ഷ്യത്തിലെത്തിച്ചേരാൻ ജനകീയ ആസൂത്രണ പ്രസ്ഥാനം കൊണ്ട് കഴിയണം.

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ വിവരം പട്ടിക 2 ൽ ചേർത്തിട്ടുണ്ട്. അടിയന്തിര മെയിന്റനൻസ് ആവശ്യമുള്ള ഗ്രാവൽ റോഡുകളുടെ ലിസ്റ്റ് പട്ടിക 3 ലും ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടിക 2

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകൾ

നമ്പർ	വാർഡ് നമ്പർ	
1	1	തിരുമനശ്ശേരിൽ – പഞ്ചായത്ത് അതിർത്തി
2	1	പിത്തമ്പിൽ – പഞ്ചായത്ത് അതിർത്തി വരെ (വടക്കോട്ട്)
3	1	ഹരിപ്പാട്ടേത്ത് – നരസിംഹത്ത്
4	2	N.H. 47 - സുരേഷ് മാർക്കറ്റ്
5	2	ചെമ്പകശ്ശേരിൽ – പുല്ലുവന
6	2	മണ്ണാരേത്ത് – തോപ്പിൽ പുത്തൻ ബംഗ്ലാവ്
7	3	S.N.D.P. ജംഗ്. - പഞ്ചായത്ത് അതിർത്തി വരെ
8	3	പറങ്കാംമൂട് – തൈക്കൂട്ടം കോളനി
9	3	കാരിശ്ശേരി – ചുടുകാട്ട് കോളനി
10	4	കോട്ടവാതുക്കൽ – വാലുത്ത് മുന്നാം ഘട്ടം
11	4	കാർത്തികപ്പള്ളി മാർക്കറ്റ് റോഡ്
12	4	തെറ്റിക്കുഴി – ചേലക്കോട്ട്

നമ്പർ	വാർഡ് നമ്പർ	
13	5	മഹാദേവികുളങ്ങര – പുത്തൻ പുരയ്ക്കൽ
14	5	മാഞ്ചുവട് – തളിക്കശ്ശേരി രണ്ടാം ഘട്ടം
15	6	പെരുമാറ്റം പള്ളി – ത്രാച്ചേരി
16	6	ത്രാച്ചേരിൽ – വെട്ടത്തേരിൽ
17	7	പുളിക്കീഴ് – പള്ളിയമ്പുകാവൽ
18	7	പുളിക്കീഴ് – തേവണിക്കടവ്
19	8	കൊച്ചാലുംമൂട് – ചാലുവരമ്പ് രണ്ടാം ഘട്ടം
20	8	വലിയകുളങ്ങര – പാണ്ടിപോച്ച
21	8	മാനാമ്പുറം – കടയ്ക്കൽ
22	9	S.N.D.P. ജംഗ്. - പുത്തോട്
23	9	പുളിക്കീഴ് – പുത്തോട്ട് രണ്ടാം ഘട്ടം
24	9	പുത്തൻപുര – മുണ്ടുകാട്
25	9	S.N.D.P.H.S. - മൂലയിൽ
26	4	കാർത്തികപ്പള്ളി – നാരകത്തറ (റിപ്പയർ)

പട്ടിക 3

അടിയന്തിരമായി മെയിന്റനൻസ് ആവശ്യമുള്ള ഗ്രാവൽ റോഡുകൾ

വാർഡ്	പേര്	ദൂരം കി. മീ.
1	N.H. 47 (മുടയിൽ ക്ഷേത്രം വഴി) ലക്ഷം വീട്	0.3
1	കൊച്ചുമഠം – N.H. 47	0.75
1	മണ്ണൂർ ചന്ത – മുടയിൽ ക്ഷേത്രം	0.7
1	പുഷ്പമംഗലം – മാടയിൽ	0.2
1	ആലുംമ്മൂട്ടിൽ – മണ്ണൂർ ചന്ത	0.4
1	സുരേഷ് മാർക്കറ്റ് – വടക്കോട്ട് പഞ്ചായത്ത് അതിർത്തി	0.7
2	പിത്തമ്പിൽ – ചെങ്ങിഴേത്ത് മുക്ക്	0.3
2	പത്മനാഭോലയം – പാടിയിൽ	0.25
2	ക്കാരിശ്ശേരി റോഡ്	0.6
3	കിഴക്കേ ചക്കേമ്പിൽ – മാർത്തോമ്മാ പള്ളി	0.4
3	പറങ്കാംമൂട്ടിൽ – വാഴപ്പള്ളിതോട്	0.4

വാർഡ്	പേര്	ദൂരം കി. മീ.
3	തെക്കൂട്ടം കോളനി – N.H. 47	0.8
4	തയ്യിൽ – വടകര	0.4
4	കോട്ടവാതുക്കൽ – കുന്നിയിൽ	0.3
5	തളിക്കശ്ശേരിൽ കോളനി റോഡ്	0.25
5	പുതുകുണ്ടം – തളിക്കശ്ശേരി കോളനി	0.4
5	വലിയകുളങ്ങര – താഴൂർ കാരാവള്ളി	1.2
5	താഴൂർ – മൈനാഗപ്പള്ളി	0.3
6	തോട്ടുകടവ് – വെട്ടത്തേരിൽ	0.6
6	വെട്ടുപറമ്പ് – വഞ്ചിപ്പുരയ്ക്കൽ	
6	വല്യപോച്ച – പുളിക്കീഴ് (പ്ലാങ്കിത്തറ വഴി)	0.2
6	S.C.B. 1857 - വൈപ്പിൻ കോളനി	0.7
7	പണ്ടാരച്ചിറ – ദ്വീപ്	0.8
7	ഗുരുമന്ദിരം – ദേവസ്വം ചിറ	0.2
7	പുളിമൂട് – കുന്നേൽ	0.25
9	പുളികീഴ് ;– മുണ്ടുകാട്	1.75
9	S.N.D.P.H.S. - മൂലയിൽ	1.75

ജവഹർ തൊഴിൽ ദാന പദ്ധതി (J.R.Y.) അൺടൈഡ് ഫണ്ട്, എം. പി. സ്കീം എന്നിവ ഉപയോഗിച്ചാണ് പാലങ്ങളും റോഡുകളും നിർമ്മിക്കുന്നത്. J.R.Y. യ്ക്കും, എം.പി. ഫണ്ടിനും 6 മീറ്റർ നിർബന്ധമായതിനാൽ ഭൂരിപക്ഷം റോഡുകളും ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുന്നില്ല. പരമാവധി വീതി നൽകി റോഡ് പുനരുദ്ധാരണത്തെ സഹായിക്കുന്നതിന് പകരം ഉള്ള റോഡ് വേലിക്കകെത്താക്കാനുള്ള പ്രവണതയും കണ്ടു വരുന്നുണ്ട്.

99% ജനങ്ങളും പൊതുസ്ഥലത്തൂടെയോ സ്വന്തം മണ്ണിലൂടെയോ അല്ല സഞ്ചരിക്കുന്നത്. പരമ്പരാഗതമായി ഉപയോഗിക്കുന്ന വഴി അല്പം വീതി കൂട്ടി ഒരു ത്രീവീലറെങ്കിലും സഞ്ചരിക്കാനുള്ള സൗകര്യം ക്രമപ്പെടുത്താൻ ഗ്രാമ സഭകളിലുയർന്ന മുറവിളി കാലോചിതമാണ്. പരിഗണിക്കപ്പെടേണ്ടതുമാണ്. കാൽനടയായി പോലും യാത്ര ചെയ്യാനുള്ള സൗകര്യം നിഷേധിക്കുന്ന പ്രവണതയും കണ്ടുവരുന്നുണ്ട്.

സ്വകാര്യ ഉടമകളുടെ അനുവാദം ലഭിച്ചാൽ പുതിയ സഞ്ചാര സരണികൾ വെട്ടിതുറന്ന് യാത്രാ ദുരിതമവസാനിപ്പിക്കാൻ കഴിയും. ഇപ്രകാരം നിർമ്മിക്കുവാൻ നിർദ്ദേശിക്കപ്പെട്ടവയുടെ പേര് ഇതോടൊപ്പം ചേർക്കുന്നു.

പട്ടിക 4

പുതുതായി നിർമ്മിക്കേണ്ട മൺറോഡുകൾ

വാർഡ്	നിർദ്ദേശിക്കുന്ന പേര്	ദൂരം കി. മീ.
1	തിരുമനശ്ശേരിൽ - പുത്തൻകണ്ടം	0.2
1	മൂശാരിശ്ശേരിൽ - കേദാരം	0.15
1	ഉമ്മാശ്ശേരിൽ - തിരുമനശ്ശേരിൽ	0.15
1	പയ്യമ്പള്ളി വടക്കതിൽ - പനച്ചൂർ	0.3
1	പയ്യമ്പള്ളി - ആവണക്കുളം	
2	വാതല്ലൂർ കോയിക്കൽ - കൊച്ചു ചെങ്കിളിൽ	0.3
2	ചെങ്കിളി കിഴക്കതിൽ - മണ്ണാരത്ത് മുക്ക്	0.6
2	മരോട്ടിമൂട്ടിൽ - കൊച്ചു ചെങ്കിളിൽ	
2	കിഴക്കേടം പള്ളിൽ ലക്ഷംവീട് - കൊച്ചുചെങ്കിളിൽ	0.6
2	പിതമ്പിൽ ക്ഷേത്രത്തിന് കിഴക്ക് - വേലിയിൽ	
2	നാലുവേലിൽ മുക്ക് - ആലുമൂട്ടിൽ ജംഗ്ഷൻ	
2	പാടിയിൽ ചൂരക്കാട്	0.25
3	തോപ്പിൽ പുത്തൻ ബംഗ്ലാവ് - തെക്കോട്ട് പഞ്ചായത്ത് അതിർത്തി	0.25
4	വിളക്കുമാടം - വടകര	0.3
4	C.P. മന്ദിരം - തെറ്റികുഴിയിൽ	0.5
4	കൈപള്ളി - പുത്തൻപുരയ്ക്കൽ	0.5
4	ഇലവന്തിക്കര - ഉമാനിവാസ്	0.3
4	മണക്കാടം പള്ളി - മഠത്തിൽ പടീറ്റതിൽ	0.6
5	P.H. സെന്റർ - പുത്തൻപുരയ്ക്കൽ	0.5
5	കൊച്ചാലുംമൂട് (പട്ടാറവഴി) - താഴൂർ	0.4
6	പുഴിക്കാട് - പാരൂർ	0.25
6	കുന്നംപ്പള്ളിൽ - പുത്തുഴിത്തറ	0.4
6	കൊച്ചുതറ - കരിയിൽ	0.2
6	കളരിയ്ക്കൽ - പുത്തുഴിത്തറ വഴി കൊച്ചുപറമ്പിൽ	0.4
6	മുട്ടുങ്കൽ - പുത്തുഴിത്തറ	0.4
6	ശാസ്താമടയ്ക്കൽ - തെക്കേപറമ്പ്	0.4
6	മുണ്ടുകാട് - തെക്കേപ്പറമ്പ്	0.25

വാർഡ്	നിർദ്ദേശിക്കുന്ന പേര്	ദൂരം കി. മീ.
6	ത്രാച്ചേരിൽ - വാളാംതോട്ടുകടവ്	0.175
6	പുന്നാംതറ കോളനിയിലേക്ക്	0.15
6	മുരളിഭവനം - മൂലയ്ക്കൽ	0.15
7	തോണിക്കടവ് - തുമ്പ്	0.15
7	ഇടയില വീട് - പടന്നയിൽ	0.15
7	കായിപ്പുറം - കായലിൽ ചിറ	0.3
7	ഇട്ടിയ്ക്കാട് - കായലിൽ	0.3
7	മാപ്പിളശ്ശേരിൽ - വൃന്ദാവനം	0.3
7	എഴിക്കൽ - കോടമാടൻചിറ	0.5
7	വലിയകാട് - വളവുങ്കൽ	0.5
7	മാടത്തിങ്കൽ - കൊട്ടാരത്തിൽ	0.2
7	ദേവസ്വം ചിറ - കട്ടത്തറക്കാട് (നീലംകാട് വഴി)	0.75
7	ദേവസ്വം ചിറ - മുണ്ടുചിറ	0.3
7	പണ്ടാരച്ചിറ - പണിക്കത്തി പറമ്പ്	0.4
8	പള്ളിപറമ്പ് - ആലുകുന്നത്ത് വഴി വേളയിൽ	1.68
8	ചിറയിൽ പടിക്കൽ - പള്ളിപറമ്പ്	0.5
8	കടയ്ക്കൽ - കുമാരമംഗലം (ചിരുത്തയമ്മ കാവ് വഴി)	0.5
8	ചേരൂർ - കടയ്ക്കൽ (ഇളവഞ്ചാലിൽ വഴി)	0.35
8	കറവുതറ - മീനങ്ങാട്ട് കോളനി	0.25
8	വാളാഞ്ചേരിൽ - പാണ്ടിപോച്ച	0.3
8	നള്ളാത്തുച്ചിറ - ചേരൂർ (വാകസ്ഥാനം വഴി)	0.5
8	പോക്കാട്ട് - നികത്തിൽ (വളവനാട് വഴി)	0.4
8	സമൂഹമഠം പനയ്ക്കൽ (മഞ്ഞാടിവഴി)	0.4
8	പനയ്ക്കൽ - തയ്യിൽ വഴി പനയ്ക്കലാത്ത് വടക്കതിൽ	0.5
8	S.N.D.P. ഓഫീസ് - ഭക്തിവിലാസം	0.6
8	തോട്ടുകടവ് - പൂവടിച്ചിറയിൽ (ചാണക്കര വഴി)	0.15
8	നടേശ്ശേരിൽ - പൂവടിച്ചിറയിൽ	0.15
8	പൂവടി ചിറ - പാണ്ട്യാലയിൽ	0.2
8	പൂത്തോട്പാലം - ചക്കിലാത്ത്	0.15

വാർഡ്	നിർദ്ദേശിക്കുന്ന പേര്	ദൂരം കി. മീ.
8	വയലിൽ തെക്കതിൽ - പടിഞ്ഞാറോട്ട് S.N.D.P.H.S. റോഡ്	
9	പുത്തൻപുരയിൽ - വെമ്പുഴക്കാട്ടിൽ	0.6
9	പുത്തൻപുരയിൽ - വീച്ചുതടത്തിൽ	0.4
9	S.N.D.P.H.S. വടക്ക് - വീച്ചുതടത്തിൽ (ചാലുവരമ്പേൽ വഴി)	1.35
9	മൂലയിൽ - കൊടിയ്ക്കകത്ത് ചിറ	0.85
9	പീടികച്ചിറ - കൊടിയ്ക്കകത്ത്	0.2
9	താഴ്ചയിൽ - ആലക്കപോച്ചയിൽ	0.8
9	S.N.D.P.H.S. - കായൽവാരം (CVCS No. A 651 വഴി)	0.5
9	അറ്റത്ത് - മുക്കേൽ	0.25
9	അമ്പാട്ട് - അമ്പാട്ട് തയ്യിൽ	0.5
9	കണ്ടത്തിപ്പുരയ്ക്കൽ - പൂച്ചവാതുക്കൽ (വലിയവീട് വഴി)	0.6
9	ജയകൃഷ്ണ ഫാർമസി - വലിയവീട് (പള്ളിപ്പാട്ടുശ്ശേരി വഴി)	0.5
9	കന്നേത്തറയിൽ - ദീപ്	0.4
9	പേരോളിൽ കിഴക്കതിൽ - അറ്റത്ത്	0.4
9	പൂച്ചവാതുക്കൽ - ചാപ്രയിൽ വടക്ക് (കമ്പട്ടിച്ചിറ വഴി)	0.7
9	പുളിയനാത്ത് വടക്ക് - കാട്ടിൽ തെക്കതിൽ (പുല്ലുകാട്ടിൽ വഴി)	0.5
9	തൈക്കാട്ടിൽ - പുല്ലുകാട്ടിൽ	0.35

കലുങ്കും പാലവും

അൻപതോളം താത്കാലിക ബണ്ടും, തടിപ്പാലവും പഞ്ചായത്തിൽ നിന്നും ആണ്ടോടാണ്ടു റിപ്പയർ ചെയ്യുന്നുണ്ട്. ഇവ ജല - വാഹന ഗതാഗത സജ്ജമായ കോൺക്രീറ്റ് കലുങ്കുകളും പാലങ്ങളുമാക്കിയാൽ ഈ ഇനത്തിൽ വർഷം തോറും ചെലവഴിക്കുന്ന തുക ലാഭിക്കാം. പട്ടിക 5ൽ പാലങ്ങളും കലുങ്കും ഉൾപ്പെടുത്തിയിരിക്കുന്നു.

ബസ് സർവ്വീസ്

ആറാട്ടുപുഴ കിഴക്കേകര തെക്ക് മണിവേലികളത്തിൽ നിന്നും തുടങ്ങി കൊച്ചിയുടെ ജട്ടി, കനകക്കുന്ന്, വെട്ടത്തുകടവ്, ചുള്ളത്തെരുവ്, വെമ്പുഴ, S.N.D.P.H.S. പുളിക്കീഴ്, പണ്ടാരച്ചിറ, മണികണ്ഠൻ ചിറ വഴി ഹരിപ്പാടിനും ആലപ്പുഴയ്ക്കും ബസ്സ് സർവ്വീസ് ആരംഭിക്കുക. ആറാട്ടുപുഴ തൃക്കുന്നപുഴ നിന്നും ആരംഭിക്കുന്ന ഏതാനും ബസുകൾ പുളികീഴ് പണ്ടാരച്ചിറ കൂട്ടംകൈത ഹരിപ്പാട് വഴി സർവ്വീസ് നടത്തുക. ഹരിപ്പാട് വഴി പോകുന്ന ബസ്സുകൾ വെട്ടുവേനി മറുതാമുക്ക് വഴിയും, പിത്തമ്പിൽ കൂടിയും സർവ്വീസ് നടത്തുക. കാർത്തികപ്പള്ളിയിൽ നിന്നും പുളികീഴ് വഴി ആലപ്പുഴയ്ക്കും, തൃക്കുന്നപ്പുഴ നിന്നും കാർത്തികപ്പള്ളി വഴി തിരുവനന്തപുരത്തേക്കും സർവ്വീസ് അനുവദിക്കുക.

ഗ്രാവൽ ചെയ്യേണ്ട മൺറോഡുകൾ

വാർഡ്	നിർദ്ദേശിക്കുന്ന പേര്	ദൂരം കി. മീ.
1	പാപ്പാരത്ത് റോഡ്	0.4
1	മണ്ണൂർ ചന്ത റോഡ്	0.5
1	ലക്ഷം വീട് - കൊച്ചുതറ ജംഗ്.	0.25
1	കൊയ്പ്പള്ളി മഠം റോഡ്	0.2
2	മണ്ണടിത്തറ - ചെറുവാറ്റിൻകര	0.5
2	പെരിങ്ങോലിൽ - കാർത്തികപ്പള്ളി ഡാണാപ്പടി റോഡ്	0.75
2	മംഗലത്ത് പടിഞ്ഞാറ് ഭാഗം റോഡ്	0.2
3	മാവോലിൽ - ചെങ്ങിഴേത്ത്	0.3
3	മാവോലിൽ - തെക്ക് പഞ്ചായത്ത് അതിർത്തിവരെ	0.3
3	തൈക്കൂട്ടം കോളനി - വാണിയംപറമ്പ്	0.25
4	കോട്ടവാതുക്കൽ - കുന്നിയിൽ രണ്ടാം ഘട്ടം	0.4
4	അമ്പഴവേലിൽ - കല്ലേലി പറമ്പ്	0.5
4	കയ്പ്പള്ളിൽ - പുത്തൻപുരയ്ക്കൽ	0.5
4	ഇല്ലത്തുവീട് - അച്ചനാകുളം	0.75
4	ഇലവന്തിക്കര - ഉമാനിവാസ്	
5	കളത്തിൽ പുത്തൻ പുരയിൽ	0.5
5	ഇല്ലിക്കുളം - കുറ്റിക്കാട്	0.35
5	വാലുപറമ്പിൽ - S.N.D.P.	0.4
5	കടയ്ക്കൽ പുത്തൻ മഠം - മൂലയിൽ	0.25
5	മഹാദേവികുളങ്ങരയിൽ നിന്നും പടിഞ്ഞാറോട്ട്	0.2
5	താഴൂർ - മൈനാഗപ്പള്ളി	0.3
5	കളപ്പുരയ്ക്കൽ - ചിറ്റൂർ	0.15
5	പരുത്തിപ്പള്ളിൽ - പള്ളിയമ്പിൽ	0.2
5	കൊച്ചാലുംചുവട് - പട്ടാറ	0.25
6	മുട്ടുങ്കൽ - വൈപ്പിൻ കോളനി	0.6
6	പീടികച്ചിറ നിന്നും പടിഞ്ഞാറോട്ട്	0.6
6	തോട്ടുകടവ് - മൈനാഗപ്പള്ളി കോളനി	0.4
6	കുന്നംപ്പള്ളി - കളത്തൂർ	0.5

വാർഡ്	നിർദ്ദേശിക്കുന്ന പേര്	ദൂരം കി. മീ.
6	ശാസ്താ മടയ്ക്കൽ - തെക്കേപറമ്പ്	0.5
6	പീടികച്ചിറ - ചാങ്ങയിൽ	
7	പണ്ടാരച്ചിറ - വാടച്ചിറ	0.5
9	പൂവന്നയിൽ - മാവന്നാപുതുവൽ	0.5

പട്ടിക 5

പുതിയ കലുങ്കുകൾ പാലങ്ങൾ

പേര്	വാർഡ്
കുന്നേൽ പടിഞ്ഞാറു വശം കനാലിനു കുറുകെ	2
വാതല്ലൂർ കോയിക്കൽ പാലം	4
ശശിധര ഭവനത്തിൽ വടക്കുവശം	4
കല്ലേമൂലയിൽ വടക്കുവശം	5
കൊച്ചുപോച്ചയിൽ പടീറ്റതിൽ	6
കല്ലുപുരയ്ക്കൽ	6
വെട്ടത്തേരിൽ	6
വൈപ്പിൽ കിഴക്കുവശം	6
പുത്തുഴിത്തറ കിഴക്കുവശം	6
പുത്തുഴിത്തറ പടിഞ്ഞാറുവശം	6
പുഴിക്കാട്ടുതറ	6
മുട്ടിയിൽ കിഴക്കുവശം	6
വൈപ്പിൽ വടക്ക്	6
മുട്ടുങ്കൽ കിഴക്ക്	6
കൊണ്ടേകാട്ടിൽ	6
തണ്ടാംകാട്ടിൽ	6
കരിയിൽ തെക്കുവശം	6
മൈനാഗപ്പള്ളി തെക്കുവശം	6
കുടംഗറ	7
വാടച്ചിറ പടിഞ്ഞാറ്	7
വാടച്ചിറ തെക്കുവശം	7
ദേവസ്വംചിറ	7
ചൂളച്ചിറ	7
കട്ടത്തറക്കാട്ടിൽ	7
നീലംകാട്	7
പറമ്പിൽതെക്കുവശം	7
പുണ്യംകാട്	7
വട്ടത്തിൽ തെക്കുവശം	7
എഴിക്കൽ തെക്കുവശം	7
വൃന്ദാവനത്തിൽ കിഴക്കുവശം	7
കായലിൽചിറ	7
പുതുവലിൽ	7
പുത്തൻപറമ്പിൽ പുതുവൽ	7
ഇരട്ടതെങ്ങിൽ വടക്കുവശം	7
കൊച്ചുപുതുവൽ തെക്കുവശം	7
കൊച്ചുപുതുവൽ വടക്കുവശം	7
പുത്തൻകാട്ടിൽ	7
പള്ളിപറമ്പിൽ	8
ആലുകുന്നത്ത്	8
വേളയിൽ കിഴക്ക്	8
മീനങ്ങാട്ട്	8
ചേരിയിൽ വടക്കുവശം	8
വിച്ചുതടത്തിൽ	8
ചാപ്രായിൽ കിഴക്കുവശം	8

പേര്	വാർഡ്
കിഴക്കേപോക്കാട്ട് വടക്കുവശം	8
വളവനാട് വടക്കുവശം	8
മുട്ടിയിൽ തെക്കതിൽ തെക്കുവശം	8
മുട്ടിയിൽ തെക്കതിൽ വടക്കുവശം	8
നടേശ്ശേരിൽ	8
കവറുകാട്ട്	8
വയലിൽ കിഴക്കുവശം	8
നള്ളാത്ത്	8
പുളിങ്ങേശ്ശേരിൽ	8
വീച്ചു തടത്തിൽ തെക്കുവശം	9
ചാലുവരമ്പേൽ	9
ആലക്കപോച്ചയിൽ	9
കൊടിയ്ക്കകത്ത്	9
കൊടിയ്ക്കകത്ത് വടക്ക്	9
കൊടിയ്ക്കകത്ത് പടിഞ്ഞാറ്	9
മുണ്ടുചിറയിൽ തെക്കുവശം	9
മാവന്നാപുതുവൽ കിഴക്കുവശം	9
തട്ടാരുപറമ്പിൽ	9
പൂവന്നയിൽ വടക്ക്	9

പേര്	വാർഡ്
തോട്ടുകടവിൽ	9
പനിച്ചവടക്കതിൽ പടിഞ്ഞാറ്	9
S.N.D.P.H.S. ന് കിഴക്ക്	9
തോപ്പിൽ കിഴക്ക് പടിഞ്ഞാറ്	9
അറ്റത്ത്	9
തുരുത്തേൽ	9
പുല്ലുകാട്ടിൽ	9
പുളിയനാത്ത്	9
പുച്ചവാതുക്കൽ	9
അഞ്ചുതെങ്ങിൽ വടക്കതിൽ	9
ചാപ്രായിൽ പടിഞ്ഞാറ്	9
വലിയ വീട്ടിൽ	9
ദ്വീപിൽ കിഴക്ക്, വടക്ക്	9
ദ്വീപിൽ പടിഞ്ഞാറ്	9
കണ്ണങ്കരത്തറ വടക്ക്	9
തൈവീട്ടിൽ പടിഞ്ഞാറ്	9
പള്ളിപ്പാട്ടുശ്ശേരിൽ തറയിൽ തെക്ക്	9
അമ്പാട്ട്	9
വേണാട്ടുശ്ശേരിൽ	9

ഊർജ്ജം

വൈദ്യുത പ്രതിസന്ധി ജനജീവിതത്തെ ആകമാനം ബാധിച്ചിട്ടുള്ള സംസ്ഥാനമാണ് കേരളം. ജലവൈദ്യുത പദ്ധതികളിലൂടെ കേരളത്തിന്റെ ഊർജ്ജാവശ്യങ്ങൾ നിറവേറ്റാൻ കഴിയുമെന്ന വികലമായ പ്രതീക്ഷയാണ് നമ്മെ ഇരുട്ടിൽ കൊണ്ടെത്തിച്ചത്. കാലവർഷം ചതിച്ചു തുലാവർഷം ഒളിച്ചു എന്ന് പറഞ്ഞ് കൊണ്ട് കൈകഴുകുകയല്ലാതെ ഊർജ്ജ പ്രതിസന്ധിക്ക് ശാശ്വതമായ പരിഹാരം കാണാൻ കഴിവ്കെട്ട വൈദ്യുതി ബോർഡിന് ഒരിക്കലും കഴിഞ്ഞില്ല 30 വർഷം മുമ്പ് താപവൈദ്യുത നിലയ നിർദ്ദേശം വന്നപ്പോൾ 30 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം കൂടുതലാണെന്ന് പറഞ്ഞ് കേന്ദ്രാനുമതി കിട്ടിയില്ല. ഏഷ്യയിലെ ഏറ്റവും വലിയ താപവൈദ്യുത നിലയം ആകുമെന്ന് കരുതിയ കായംകുളം പദ്ധതിയുടെ ശേഷി 240 മെഗാവാട്ട് ആയി പരിമിതപ്പെടുത്തി. കായംകുളത്തിന്റെ ഉൽപ്പാദന ശേഷി വർദ്ധിപ്പിച്ചും കൂടുതൽ നാഫ്ത്ത ഡീസൽ നിലയങ്ങൾ സ്ഥാപിച്ചും നമ്മുടെ ഊർജ്ജാവശ്യങ്ങൾ പരിഹരിക്കാൻ കഴിഞ്ഞെങ്കിലേ കാർഷിക വ്യാവസായിക പുരോഗതി സാധ്യമാകു.

പഞ്ചായത്തിലെ എല്ലാ വാർഡിലും വൈദ്യുതി ഉണ്ട്. എല്ലാ വീടുകളിലും ഇല്ല. പല സ്ഥലത്തും വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. തെരുവ് വിളക്കുകൾ കൂടുതലും കത്തുന്നില്ല. കേരളത്തിൽ 24.95% വഴിവിളക്കുകളെ കത്തു

ന്നുള്ളു. മൂന്നാർ പഞ്ചായത്ത് P.W.D. റോഡിൽ K.S.E.B. 106 ലൈറ്റുകൾക്ക് 3486 രൂപ വസൂലാക്കുമ്പോൾ എസ്റ്റേറ്റ് റോഡുകളിൽ പഞ്ചായത്ത് സ്ഥാപിച്ച 971 വിളക്കുകൾക്ക് 2305 രൂപയെ ചിലവാകുന്നുള്ളു. ഒരു വിളക്കിന് വൈദ്യുതി ബോർഡ് 32 രൂപ ചാർജ്ജ് വാങ്ങുമ്പോൾ പഞ്ചായത്ത് 2.37 രൂപയെ ഈടാക്കുന്നുള്ളു. കേടായ വിളക്കുകൾ കത്തിക്കുന്നതിന് വിദ്യുച്ഛക്തി അധികൃതർ യാതൊരു താൽപര്യവും കാട്ടുന്നില്ല. ടച്ചിംഗ് മൂലമുള്ള പ്രസരണ നഷ്ടം ഒഴിവാക്കാൻ യാതൊന്നും ചെയ്യുന്നില്ല. വൈദ്യുതി ചൂഷണം അധികൃതരുടെ അറിവോടെയാണോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. 2 എം.വി. ലാമ്പും 54 ട്യൂബും 483 ബൾബും കത്തിക്കുന്നതിന് പഞ്ചായത്ത് പണം അടയ്ക്കുന്നുണ്ട് പ്രതിമാസം 7789 രൂപ ഈ ഇനത്തിൽ ചിലവഴിക്കുന്നു. വോൾട്ടേജ് ക്ഷാമം മിക്കസ്ഥലത്തുമുണ്ട് കൂടുതൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ച് വൈദ്യുതി നിലമെച്ചപ്പെടുത്താതെ പുതിയ കണക്ഷൻ നൽകുന്നത് മൂലം ഇപ്പോൾ വെളിച്ചമുള്ള അപൂർവ്വം സ്ഥലങ്ങളിലും കൂടി വെട്ടമില്ലാതാകും തെരുവ് വിളക്കുകൾ സ്ഥാപിക്കേണ്ട നിരവധി റോഡുകൾ ഇനിയും പഞ്ചായത്തിലുണ്ട്. നിലവിലുള്ള വ്യവസ്ഥ പ്രകാരം പോസ്റ്റ് കമ്പി, തുടങ്ങി എല്ലാ ചിലവിന്റെയും പണം പഞ്ചായത്ത് അടയ്ക്കണം. ഫണ്ടിന്റെ അപര്യാപ്തത ഇതിന് തടസ്സമാണ്. ട്യൂബുകൾ ഒന്നും കത്തുന്നില്ല. രാത്രി വോൾട്ടേജ് വരുമ്പോൾ പ്രവർത്തന സമയം കഴിഞ്ഞിരിക്കും. കത്താത്ത വിളക്കുകൾ പരിശോധിക്കുന്നതിന് ജോയിന്റ് ഇൻസ്പക്ഷൻ (പഞ്ചായത്തും വൈദ്യുതി അധികൃതരും ചേർന്ന്) ശുപാർശ ചെയ്തിരുന്നെങ്കിലും നടപ്പായില്ല. തെരുവ് വിളക്കുകൾ ഓണും ഓഫും ചെയ്യുന്നത് സെക്ഷൻ ആഫീസിലാണ്. ചുമതലപ്പെട്ട ജീവനക്കാരുടെ മറവി (മനപൂർവ്വമാണെന്ന് ഗ്രാമ സഭകൾ) പല പ്പോഴും വീഥികളെ ഇരുട്ടിലാക്കുന്നു. ഗാർഹിക ആവശ്യങ്ങൾക്ക് വേണ്ടിയുള്ള വൈദ്യുത കണക്ഷൻ പലർക്കും കിട്ടാതിരിക്കാൻ കാരണം അയൽവസ്തു ഉടമ കൺസന്റ് കൊടുക്കാതിരിക്കുന്നത് മൂലമാണ്. ആവശ്യക്കാർക്കെല്ലാം വൈദ്യുതി കണക്ഷൻ കിട്ടുന്നതിനുള്ള തടസ്സങ്ങൾ നിയമനിർമ്മാണം വഴി മാറ്റിയെടുക്കാൻ ജനസമ്മർദ്ദമുണ്ടാകണം. ബോധവൽക്കരണവും പരീക്ഷിച്ച് നോക്കാവുന്നതാണ്.

പുതിയ ലൈനുകൾ ട്രാൻസ്ഫോർമറുകൾ

വാർഡ്	ലൈൻ വലിച്ച് വിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ
1	മുടയിൽ ക്ഷേത്രത്തിന് വടക്ക് ഭാഗം മുതൽ - മണ്ണൂർ ചന്തവരെ	സിംഗിൾ ഫെയ്സ്	
	മണ്ണൂർചന്ത മുതൽ ആലുംമൂട്ടിൽ വരെ *		☑
	ഹരിപ്പാട്ടേത്ത് - നരസിംഹത്ത് സുരേഷ് മാർക്കറ്റ് - പഞ്ചാത്ത് അതിർത്തി		
	പുഷ്പമംഗലം - മാടയിൽ		☑
2	പുല്ലുവന - പെരുങ്ങോലിൽ		
	നൂറാട്ടേത്ത് - കിഴക്കടം പള്ളി കോളനി		
	നൂറാട്ടേത്ത് - കുന്നേൽ		
	നാലുവേലിൽ - തോപ്പിൽ പുത്തൻ ബംഗ്ലാവ്	ത്രിബിൾ ഫെയ്സ്	
	നാലുവേലിൽ - ചെങ്ങിഴേത്ത്	സിംഗിൾ ഫെയ്സ്	

വാർഡ്	ലൈൻ വലിച്ച് വിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ
	മണ്ണാരത്ത് - പാട്ടത്തിൽ		
	മണ്ണടിതറ - പുല്ലുവന		
	ചൂരക്കാട് - പിത്തമ്പിൽ		
	പാടിയിൽ - ചൂരക്കാട്		
	പിത്തമ്പിൽ - വേലിയിൽ		
	മണ്ണടിതറ - ചെറുവാറ്റിൻകര		
3	പറങ്കാംമൂട്ടിൽ - വാഴപ്പള്ളി		
	മാവോലിൽ നിന്നും തെക്കോട്ട്		
	S.N.D.P. ജംഗ്. നിന്നും തെക്കോട്ട്		
	മൃഗാശുപത്രിക്കു സമീപം നിന്ന് കിഴക്കോട്ട്		
4	കൈപ്പള്ളിൽ - തട്ടാരുപറമ്പിൽ		
	വി.പി. സദനം - കല്ലേല്ലി പറമ്പ്		
	ഇല്ലത്ത് വീട് - ആച്ചനാകുളം		
	ഇലവന്തിക്കര - ഉമാനിവാസ്		
	മഠത്തിൽപടി - മണക്കാടംപള്ളി		
	പുത്തൻപുരയ്ക്കൽ - പഞ്ചായത്തതിർത്തി		
	വിളക്കുമാടം - പുലിശ്ശേരി		
	ലേഖാ കോട്ടേജ് - ഇളംകുളത്ത്		
5	മാതുകുളങ്ങര - തളിക്കശ്ശേരി		
	കളത്തിൽ - പണ്ടാരത്തിൽ		
	ഖാദി സൊസൈറ്റി - താഴൂർവരെ		
	കാരാവള്ളി (താഴൂർ വഴി) അമ്പനാട്ട് തെക്കുവശം		
	കല്ലേൽ മൂല - ഇരട്ടതെങ്ങ്		
6	വെട്ടുപറമ്പിൽ നിന്നും മാങ്കീൽ കോളനി വഴി വഞ്ചിപ്പുരയ്ക്കൽ		
	കളരിയ്ക്കൽ - വൈപ്പിൽ കോളനി		
	പുളികീഴ് - പടന്നയിൽ		
	വലിയപോച്ച - വാളാന്തോട്ട് കടവ്		
	പീടികചിറ നിന്നും പടിഞ്ഞോട്ട്		
	പീടികചിറ - ചാങ്ങയിൽ		

വാർഡ്	ലൈൻ വലിച്ച് വിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ
	മുട്ടുങ്കൽ - വൈപ്പിൽ കോളനി		
	കൊച്ചുപറമ്പ് - കളരിയ്ക്കൽ		
	മുണ്ടുകാട് - തെക്കേപറമ്പിൽ		
	ശാസ്താമടയ്ക്കൽ - തെക്കേപറമ്പിൽ വഴി മുട്ടുങ്കൽ ചിറ		
	മുരളീഭവനം - മൂലയ്ക്കൽ		
	കൊച്ചുതറ - കരിയിൽ		
	കുന്നംപള്ളിൽ - കോടാലിപറമ്പ് (കളത്തൂർവഴി)		
	ഇരട്ടതെങ്ങിൽ - പള്ളിയമ്പിൽ		
7	പണ്ടാരച്ചിറ - വാടച്ചിറ		
	പണ്ടാരച്ചിറ - പണിക്കത്തി പറമ്പ്		
	ഗുരുമന്ദിരം - കട്ടത്തറക്കാട് (ചൂളച്ചിറ വഴി)		
	ദേവസ്വം ചിറ - മുണ്ടുചിറ		
	പണ്ടാരച്ചിറ - ദ്വീപ്		
	മാധവൻചിറ - പുണ്യംകാട്		
	പുളികീഴ് - തോണിക്കടവ്		
	ഇടയിലവീട് - പടന്നയിൽ		
	കയർ സൊസൈറ്റി - തൂമ്പുങ്കൽ		
	കായിപ്പുറം - കായലിച്ചിറ		
	കപ്പോലിൽ - കുറ്റിപറമ്പിൽ		
	ഇട്ടിക്കാട് - കായലിൽ		
	S.N. നഗർ - കൊച്ചുപുതുവൽ		
	എഴിക്കൽ - കോടമാടൻ ചിറ		
	പുളിമൂട് - കുന്നേൽ		
	മാപ്പിളശ്ശേരിൽ - വൃന്ദാവനം		
	വലിയകാട് - വളവുങ്കൽ		
	പുളിമൂട് - കൊട്ടാരത്തിൽ		
8	ചിറയിൽ പടിക്കൽ - ആലുകുന്നത്ത്		
	കുറവുതറ - മീനങ്ങാട് കോളനി		
	തോട്ടുകടവ് - നടേശ്ശേരിൽ		

വാർഡ്	ലൈൻ വലിച്ച് വിളക്ക് സ്ഥാപിക്കേണ്ട സ്ഥലങ്ങൾ	ലൈനിന്റെ സ്വഭാവം	ട്രാൻസ് ഫോർമർ
	തോട്ടുകടവ് - ചാണക്കരവഴി		
	പോക്കാട് - വളവനാട്		
9	പൂവന്നയിൽ - മാവന്നാപുതുവൽ		
	ആയിരംചിറ - വീച്ച് തടം		
	S.N.D.P.H.S. - അറ്റത്ത്		
	പൂച്ചവാതുക്കൽ - കണ്ടത്തിപ്പുരയ്ക്കൽ		
	മുട്ടുങ്കൽ - തോട്ടുകടവ്		

പഞ്ചായത്തി പരിധിയിലുള്ള L.T. ട്രാൻസ്ഫോർമറുകളുടെ പേരുകൾ

ക്രമ നമ്പർ	പേര്
1.	എം.ജി. ട്രാൻസ്ഫോർമർ
2.	റബ്ബർ ഫാക്ടറി വലിയകുളങ്ങര
3.	കമലാലയം വീടിന് സമീപം
4.	പുളികീഴ് മാർക്കറ്റ്
5.	പുളികീഴ് മിനി
6.	S.N.D.P.H.S.
7.	മഹാദേവികാട്
8.	പുളികീഴ് ലിങ്ക്

വൈദ്യുതി ബോർഡിന്റെ കെടുകാര്യസ്ഥത മൂലം വിദ്യുച്ഛക്തി മേഖലയിൽ 35% പ്രസരണ നഷ്ടമാണ് കേരളത്തിലുള്ളത്. ഇത് 15% ത്തിൽ അധികമായാൽ ലോകബാങ്ക് സഹായം കിട്ടില്ല. പ്രസരണ നഷ്ടവും ചോർത്തലും മറ്റ് പല കാരണങ്ങൾ കൊണ്ടും ബോർഡിനുണ്ടാകുന്ന നഷ്ടമെല്ലാം ബില്ലും അഡീഷണൽ ബില്ലും കൊണ്ട് ഉപഭോക്താക്കളിൽ നിന്നും ഈടാക്കിയെടുക്കുന്ന കൗശലമാണ് വർഷങ്ങളായി വൈദ്യുതി ബോർഡ് സ്വീകരിച്ച് വരുന്നത്. 30% ത്തിലധികം മീറ്ററുകളും കേടാണെന്ന് ബോർഡ് തന്നെ സമ്മതിക്കുന്ന സ്ഥിതിക്ക് മീറ്റർ റീഡിംഗിന്റെ അടിസ്ഥാനത്തിൽ ബിൽ തയ്യാറാക്കുന്നു എന്ന വാദം കഴമ്പില്ലാത്തതാണ്. പാവപ്പെട്ട ഉപഭോക്താക്കളാണ് ഇതിന്റെ പാപഭാരം ചുമക്കുന്നത്.

ചില നിർദ്ദേശങ്ങൾ


1. വൈദ്യുത സെക്ഷനുകൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ ആരംഭിക്കുക.
2. ഒരു പഞ്ചായത്തിലെ എല്ലാ വിദ്യുച്ഛക്തി ശൃംഖലയും ഒരേ സെക്ഷന്റെ കീഴിലാക്കുക.
3. വഴിവിളക്കുകൾ എല്ലാം എല്ലാ ദിവസവും കൃത്യ സമയത്ത് തെളിയിക്കുക. കേടായവ മൂന്ന് ദിവസത്തിനകമെങ്കിലും മാറ്റിയിടുക.
4. ടച്ച് വെട്ട് മൂന്ന് മാസത്തിലൊരിക്കൽ വേണം.
5. കേടായ മീറ്ററുകൾ യഥാസമയം മാറ്റിവയ്ക്കുക.
6. ലൈൻമാന്മാർ ജോലി സമയത്ത് ലൈനിലുണ്ടാകണം.
7. അറിയിച്ചാലുടൻ അറ്റകുറ്റ പണി നടത്തണം.
8. സുരേഷ് മാർക്കറ്റിലും വോൾട്ടേജ് ക്ഷാമമുള്ള മറ്റ് പ്രദേശങ്ങളിലും ട്രാൻസ്ഫോർമർ സ്ഥാപിക്കുക.
9. ജനപ്രതിനിധികൾ അടങ്ങുന്ന കമ്മിറ്റികൾ ഡിവിഷൻ സെക്ഷൻ അടിസ്ഥാനത്തിൽ രൂപീകരിച്ച് മൂന്ന് മാസത്തിലൊരിക്കൽ പ്രശ്നങ്ങൾ ചർച്ച ചെയ്ത് പരിഹരിക്കുക.
10. കൂടിർ ജ്യോതി പദ്ധതി വെളിച്ചമെത്താത്ത എല്ലാ പാവപ്പെട്ട വീടുകളിലും എത്തിക്കുക.


11. വൈദ്യുതീകരിക്കാത്ത മുഴുവൻ കോളനികളും വൈദ്യുതീകരിക്കുക.

മാർക്കറ്റ്

കാർത്തികപ്പള്ളി, പുളികീഴ്, മണ്ണൂർ മാർക്കറ്റുകളാണുള്ളത്. നൂറ്റാണ്ടുകൾ പഴക്കമുള്ള കാർത്തികപ്പള്ളി മാർക്കറ്റിന് പഴയ പ്രൗഢി ഇന്നില്ല. കച്ചവട സ്ഥാപനങ്ങൾ കുറവ്. ഫിഷ് സ്റ്റാൾ തകർന്ന് കിടക്കുന്നു. പ്രധാനപ്പെട്ട റോഡുകളുടെ അരികിൽ കച്ചവടം ചെയ്യാനുള്ള പ്രവണത ഉള്ള സ്ഥാപനങ്ങൾ കൂടി മാർക്കറ്റിന് പുറത്തേക്ക് പോകാൻ ഇടയാക്കുന്നു. മാർക്കറ്റിൽ അല്ലെങ്കിലും പുതിയ വ്യാപാര സ്ഥാപനങ്ങൾ കാർത്തികപ്പള്ളിയിൽ തുറന്നുകൊണ്ടിരിക്കുന്നത് പഴയ പ്രതാപം വീണ്ടെടുക്കാൻ സഹായിക്കുമെന്ന് തന്നെയാണ് പ്രതീക്ഷ മാർക്കറ്റ് റോഡ് ടാർ ചെയ്യുന്നതിനും ഇറച്ചിക്കട ഫിഷ് സ്റ്റാൾ എന്നിവ പുനർ നിർമ്മിക്കുന്നതിനും പഞ്ചായത്തിന് ലക്ഷ്യമുണ്ട്.

ആട് മാടുകളെ വീട് വീടാന്തരം വളർത്താനും പച്ചക്കറികൾ പഴ വർഗ്ഗങ്ങൾ നടു ധാന്യങ്ങൾ എന്നിവയുടെ കാര്യത്തിൽ സ്വയം പര്യാപ്തമാകാനും ജനകീയാസൂത്രണം ലക്ഷ്യമിട്ടിട്ടുണ്ട് മത്സ്യ കൃഷിയും വ്യാപകമാകുന്നതോടെ മണ്ണൂർ ചന്തയും പുളികീഴ് മാർക്കറ്റും പൂർവ്വാധികം സജീവമാകുമെന്നാണ് പ്രതീക്ഷ. 1, 2 വാർഡുകളിലെ ജനങ്ങൾക്കായി ഒരു പൊതു മാർക്കറ്റ് ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. പഞ്ചായത്തിന്റെ മദ്ധ്യ ഭാഗത്ത് വലിയകുളങ്ങരയിലും ഒരു മാർക്കറ്റ് വേണം.





പാർപ്പിടം സാമൂഹ്യക്ഷേമം

സ്വന്തമായി ഇത്തിരി മണ്ണ് വാങ്ങിച്ചതിൽ കൊച്ചൊരുകൂരയും വച്ച് മാന്യമായി ജീവിക്കാനുള്ള മനുഷ്യന്റെ ആഗ്രഹം സഫലമാകാൻ ഇനിയും എത്രനാൾ കാത്തിരിക്കണം. എല്ലാവർക്കും പാർപ്പിടം എന്ന ലക്ഷ്യത്തിലേക്ക് എത്തണമെങ്കിൽ യോജിച്ച ഒരു മുന്നേറ്റം നടത്തേണ്ടിയിരിക്കുന്നു.

സ്വന്തമായി സ്ഥലമില്ലാത്തവർ ഉള്ള സ്ഥലത്ത് മഴപെയ്താൽ ചോരാത്ത വീടുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവർ അനവധിയാണ്. വിപ്ലവാത്മകമായ കുടികിടപ്പ് നിയമം നടപ്പായതോടെ അനേകായിരങ്ങൾക്ക് സ്ഥലവും വീടും സ്വന്തമായി. കേറികിടക്കാൻ ഇടമില്ലാത്തവരെ അധിവസിപ്പിക്കാൻ പിന്നീടാരും തയ്യാറാകാതെയുമായി. ഈ പ്രതിസന്ധിക്ക് പരിഹാരം കാണാൻ ലക്ഷം വീട് പദ്ധതി ആവിഷ്കരിച്ചു. പഞ്ചായത്തുകൾ മുഖാന്തിരം സർക്കാർ സ്ഥലം വാങ്ങി വീട് വച്ചു കൊടുത്തു. ഭൂരഹിതർക്ക് നാല് സെന്റ് സ്ഥലം വീതം കോളനികളിൽ ലഭ്യമാക്കി. ഈ പദ്ധതി തുടർന്നു കൊണ്ടുപോകാൻ പിന്നീട് ശ്രമം ഉണ്ടായില്ല. തന്മൂലം പാവപ്പെട്ട വീടുകളിൽ ഒന്നിലധികം കുടുംബങ്ങൾ കഷ്ടപ്പെട്ട് കഴിയേണ്ട ദുസ്ഥിതിയാണ്. വഴിയോരങ്ങളിലും കടതിണകളിലും അന്തിയുറങ്ങുന്നവർ നൂറ് കണക്കിനുണ്ട്. പുളിക്കീഴ് മുതൽ തൃക്കുന്നപ്പുഴ പാലം വരെ റോഡിന്റെ സൈഡിൽ കൈയേറി പാർക്കുന്ന 5 കുടുംബങ്ങൾ ഉണ്ട്. പൊതു സ്ഥലം കയ്യേറി താമസിക്കുന്നവർ മൂന്നാം വാർഡിലും ഉണ്ട്.

ഭൂരഹിത തൊഴിലാളികളുടെ പുനരധിവാസ പദ്ധതിക്ക് കേന്ദ്ര ഗവൺമെന്റ് ആവിഷ്കരിച്ച ഒരു പരിപാടി നിലവിലുണ്ട് വീട് വയ്ക്കാൻ ഉതകുന്ന തട്ടുനിരപ്പായ ഭൂമി. റോഡും വൈദ്യുതി വാട്ടർ സപ്ലൈ ലൈൻ ഉണ്ടായിരിക്കണം. പരമാവധി സെന്റിന് 2000 രൂപയ്ക്ക് വിലയ്ക്കെടുക്കണം. ഈ വിലയ്ക്ക് ഭൂമി കിട്ടാൻ പ്രയാസമാണെന്നും വടക്കേ ഇന്ത്യൻ സംസ്ഥാന ഗ്രാമങ്ങളിലെ വിലയ്ക്ക് കേരളത്തിൽ സ്ഥലം കിട്ടില്ലെന്നും മാർക്കറ്റ് വിലയ്ക്ക് വസ്തു വാങ്ങാൻ അനുവദി

ക്കണമെന്നും പഞ്ചായത്തുകൾ ആവശ്യപ്പെട്ടെങ്കിലും നടപടി ആയില്ല. വർദ്ധിച്ച് വരുന്ന ഭവന നിർമ്മാണ ആവശ്യങ്ങൾ കണക്കിലെടുത്ത് കൂടുതൽ വീട് അനുവദിക്കാൻ ഭവന നിർമ്മാണ ബോർഡ് ഹൗസിംഗ് സഹകരണ സംഘം ബാങ്കുകൾ എന്നിവ തയ്യാറാകണം. ജില്ലാ സഹകരണ ബാങ്ക് കാർത്തികപ്പള്ളി താലൂക്ക് ഹൗസിംഗ് സഹകരണ സംഘം, ഭൂവികസന ബാങ്ക് എന്നിവ പഞ്ചായത്തിൽ വീടനുവദിച്ച് നൽകിയിട്ടുണ്ട്. ഫണ്ടിന്റെ കുറവ് മൂലം കൂടുതൽ വായ്പ നൽകാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നില്ല.

ഹൗസിംഗ് ബോർഡ്.

സംസ്ഥാന ഹൗസിംഗ് ബോർഡ് ദുർബ്ബല വിഭാഗങ്ങൾക്കായി അനുവദിക്കുന്ന വീടിന് വേണ്ടി അപേക്ഷ സമർപ്പിച്ച് കാത്തിരിക്കുന്ന നിരവധി പേരുണ്ട്. 10 ലക്ഷം വീടിന് വേണ്ടി 100 ലക്ഷം അപേക്ഷ വാങ്ങുകയും ഓരോ വർഷം കഴിയുംതോറും പദ്ധതിയുടെ പേര് മാറ്റി വീണ്ടും അപേക്ഷ ക്ഷണിച്ച് നിരാശപ്പെടുത്തുന്ന ക്രൂരവിനോദമാണിവർ കാണിക്കുന്നത്. പുനരധിവാസ ഭവന നിർമ്മാണ പദ്ധതിയിൽ അപേക്ഷ കൊടുത്തവർ അടുത്ത കൊല്ലം രാജീവ് ദശലക്ഷം പദ്ധതിയിൽ അപേക്ഷ സമർപ്പിക്കണം. അതിനടുത്ത വർഷം മൈത്രി ഭവന നിർമ്മാണ പദ്ധതിക്ക് അപേക്ഷിക്കാൻ ക്ഷണിച്ചിരിക്കുന്നു. വസ്തുവിന്റെ അസൽ പ്രമാണം, മുൻ പ്രമാണം, 12 വർഷത്തെ കൂടികട സർട്ടിഫിക്കറ്റ്, കരം തീർത്ത രസീതും, പൊസഷൻ & എൻജോയ്മെന്റ് സർട്ടിഫിക്കറ്റ്, ലൊക്കേഷൻ മാപ്പ്, സമ്മത പത്രം, പണയാധാരം തുടങ്ങിയ കടമ്പകൾ കടക്കുമ്പോൾ ഗഡുവായി കിട്ടുന്നത് 26,400 രൂപ.

N.R.E.P., R.L.E.G.P. പദ്ധതികളിലൂടെയും J.R.Y., I.A.Y., അൺടൈഡ് ഫണ്ട് സ്കീം മുഖാന്തിരവും പഞ്ചായത്തിൽ വീട് നൽകിയിട്ടുണ്ട്. ജവഹർ തൊഴിൽ ദാന പദ്ധതിയിലും (J.R.Y.) അൺടൈഡ് ഫണ്ടിലും ജനസംഖ്യാ ആനുപാതികമായി വീതിച്ച് കിട്ടിയ സംഖ്യ പട്ടികജാതി പട്ടികവർഗ്ഗത്തിന് വീട് വയ്ക്കുന്നതിന് വേണ്ടിയാണ് വിനിയോഗിച്ചിട്ടുള്ളത്. കൂടുതൽ തുക വരും വർഷങ്ങളിൽ അനുവദിച്ച് കിട്ടിയാൽ മുഴുവൻ പട്ടികജാതി പട്ടികവർഗ്ഗ കുടുബത്തിനും അഞ്ചു വർഷത്തിനകം കെട്ടിടം നിർമ്മിച്ച് നൽകാൻ കഴിയും. J.R.Y. അൺടൈഡ് ഫണ്ടിന്റെ നിശ്ചിത ശതമാനം മറ്റ് ദുർബ്ബല വിഭാഗങ്ങൾക്ക് കൂടി കൊടുക്കാൻ തീരുമാനിച്ചിട്ടുള്ളതിനാൽ ബ്ലോക്കിൽ നിന്നും 8 വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇടത്തരക്കാർക്കും ദാരിദ്ര്യ രേഖയ്ക്ക് താഴയുള്ളവർക്കും സുക്ഷിതമായ ഒരു വീടെന്ന സ്വപ്നം സാക്ഷാത്കരിക്കാൻ മുട്ടാത്ത പടിവാതിലുകൾ ഇല്ല. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ കാർത്തികപ്പള്ളി, കനറാ ബാങ്ക് ഹരിപ്പാട്, നെടുങ്ങാടി ബാങ്ക് ഹരിപ്പാട്, തുടങ്ങിയവയാണ് കാർത്തികപ്പള്ളി പഞ്ചായത്തിൽ വായ്പ കൊടുക്കാൻ ബാധ്യസ്ഥമായ ബാങ്കിംഗ് സ്ഥാപനങ്ങൾ. ഹൗസിംഗ് ലോൺ കൊടുക്കുന്ന കാര്യത്തിൽ ഈ ധനകാര്യ സ്ഥാപനങ്ങൾക്ക് യാതൊരു താൽപര്യവുമില്ല. HUDCO യുടെ വായ്പാ പദ്ധതി പ്രകാരം മഹാദേവികാട് സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും വർഷങ്ങൾക്ക് മുമ്പ് വായ്പ കൊടുത്തിരുന്നു. കൃത്യമായ തിരിച്ചടവും ഉണ്ടായി. തുടർന്ന് HUDCO യോ ഹൗസിംഗ് ഏജൻസികളോ പ്രാഥമിക സഹകരണ സംഘങ്ങൾ വഴി വീട് പദ്ധതി നടപ്പാക്കാൻ സൗമനസ്യം കാട്ടിയിട്ടില്ല.

പട്ടിക 1

കോളനികൾ

ക്രമ നമ്പർ	വാർഡ്	കോളനിയുടെ പേര്
1	1	മൂടയിൽ ലക്ഷംവീട് കോളനി
2	2	കിഴക്കടംപ്പള്ളി
3	3	തൈകൂട്ടം
4	3	ചുടുകാട്
5	5	കൈമൂട്ടിൽ
6	5	ഇല്ലിക്കുളം
7	5	തളിക്കശ്ശേരി
8	6	മൈനാഗപ്പള്ളി
9	6	മാങ്കീൽ
10	6	വൈപ്പിൽ
11	8	പേളാത്ത്
12	8	കൈപ്പള്ളിൽ
13	8	പുളിക്കിശ്ശേരിൽ
14	8	മീനങ്ങാട്

പട്ടിക 2
വീടുകൾ വാർഡ് തലത്തിൽ

വാർഡ്	ഓട്	കോൺക്രീറ്റ്	ഓല	ആകെ
1	300	94	62	456
2	313	100	97	510
3	331	143	104	578
4	189	43	78	310
5	168	59	204	431
6	116	55	220	391
7	169	36	217	422
8	209	64	171	444
9	240	52	249	541

പാർപ്പിട പ്രതിസന്ധിയെ പറ്റി ചിന്തിക്കുമ്പോൾ പരിഗണിക്കാവുന്ന ചില വസ്തുതകൾ :

1. സഹകരണ മേഖല വഴി കൊടുക്കുന്ന രണ്ട് ലക്ഷം രൂപവരെയുള്ള വായ്പകൾ പ്രൈമറി സംഘങ്ങളിലൂടെയാക്കുക.
2. ദുർബ്ബല വിഭാഗങ്ങൾക്കു വേണ്ടി ഹൗസിംഗ് ബോർഡും HUDCO യും മറ്റ് സർക്കാർ ഏജൻസികളും നടപ്പാക്കുന്ന എല്ലാ വായ്പാ പദ്ധതിയുടെയും നടത്തിപ്പ് പഞ്ചായത്തുകളെ ഏൽപ്പിക്കുക.
3. നാഷണലൈസ്ഡ് ബാങ്കുകൾ, ഷെഡ്യൂൾഡ് ബാങ്കുകൾ മറ്റ് ധനകാര്യ സ്ഥാപനങ്ങൾ വായ്പ കൊടുക്കാനായി നീക്കി വയ്ക്കുന്ന സംഖ്യയുടെ നിശ്ചിത ശതമാനം ഹൗസിംഗ് ലോൺ കൊടുക്കാനായി നീക്കി വയ്ക്കണമെന്ന് നിഷ്കർഷിക്കുക.
4. അർഹതയുള്ള അപേക്ഷകർക്കെല്ലാം വായ്പ നൽകിയതിന് ശേഷം മാത്രം പുതിയ ഹൗസിംഗ് പദ്ധതികൾ പ്രഖ്യാപിക്കുക.
5. പാവപ്പെട്ടവർക്ക് സ്ഥലവും വീടും ലഭിക്കുന്ന പുതിയ ലക്ഷംവീട് പദ്ധതികൾ പഞ്ചായത്ത് വഴി നടപ്പാക്കുക. ഇരട്ടവീടുകൾ (Duplex) ഒഴിവാക്കണം.
6. 9-ാം പഞ്ചവത്സര പദ്ധതിയിൽ പാർപ്പിട പ്രശ്നത്തിന് അർഹമായ പണം നീക്കിവയ്ക്കുക.
7. എടുക്കുന്ന മുഴുവൻ തുകയ്ക്കും കാലാവധി വരെ പലിശ കൂട്ടി ഗഡുനിശ്ചയിക്കുന്ന സമ്പ്രദായം അവസാനിപ്പിച്ച്. അടയ്ക്കുന്ന തുകയുടെ ബാക്കിക്ക് മാത്രം പലിശ ഈടാക്കുന്ന രീതി ഏർപ്പെടുത്തുക. പലിശ നിരക്ക് കുറയ്ക്കുക.
8. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വില നിയന്ത്രിക്കാൻ നടപടി സ്വീകരിക്കണം.
9. കുറഞ്ഞ ചിലവിൽ വീട് നിർമ്മിക്കുന്നവർക്ക് കമ്പി, സിമെന്റ്, ഇഷ്ടിക മണൽ തുടങ്ങിയവ സബ്സിഡി നിരക്കിൽ ലഭ്യമാക്കണം. അമിതമായ കൂലി നിയന്ത്രിക്കണം.
10. വീട് നിർമ്മിക്കുന്നവർക്ക് പഞ്ചായത്ത് അനുമതി ബാധകമാക്കണം.
11. ഭവന നിർമ്മാണ സഹകരണ സംഘങ്ങൾ പഞ്ചായത്ത് അടിസ്ഥാനത്തിൽ രൂപീകരിക്കണം.

സാമൂഹ്യക്ഷേമം

കേന്ദ്ര സംസ്ഥാന സർക്കാരുകൾ വികസന ബ്ലോക്കുകൾ മുഖാന്തിരവും വില്ലേജ് ആഫീസ് വഴിയും, ഗവ: ഉടമയിലുള്ള വിവിധ കോർപ്പറേഷനുകൾ ബോർഡുകൾ എന്നിവയിലൂടെയുമാണ്

സാമൂഹ്യ ക്ഷേമ പരിപാടികൾ നടപ്പിലാക്കുന്നത്.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർ ദുർബ്ബല ജനവിഭാഗങ്ങൾ രോഗികൾ എന്നിവർക്കാണ് ഇതിന്റെ സഹായം കിട്ടുന്നത്. പ്രധാനമന്ത്രിയുടെയും മുഖ്യമന്ത്രിയുടെയും ഫണ്ടിൽ നിന്നും ചുരുക്കം ചിലർക്ക് ചികിത്സാ സഹായവും മറ്റും കിട്ടുന്നുണ്ട്. അനൗദോഗിക ഏജൻസികൾ റോട്ടറി ക്ലബ്ബ്, ലയൺസ് ക്ലബ്ബ്, Y.M.C.A. തുടങ്ങിയവയും സാമൂഹ്യക്ഷേമ രംഗത്ത് വല്ലപ്പോഴും സഹായഹസ്തം നീട്ടുന്നുണ്ട്. ഈ രംഗത്ത് മുഖ്യമായും പെൻഷൻ പദ്ധതികളാണുള്ളത്. I.R.D.P., J.R.Y., വഴി കൂടുതൽ സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾ ഒമ്പതാം പദ്ധതിയിൽ ആരംഭിക്കുമെന്ന് പ്രത്യാശിക്കുന്നു. നിലവിലുള്ള ക്ഷേമ പദ്ധതികൾക്ക് പുറമെ വീട്ടിലെ ഗൃഹനാഥൻ മരിച്ചാൽ കുടുംബത്തിന് 10,000 രൂപ ധനസഹായം കിട്ടുന്ന ഒരു സ്കീമും, വീട്ടമ്മമാർക്ക് ആദ്യത്തെ രണ്ട് പ്രസവ ചെലവിന് 600 രൂപ ലഭിക്കുന്ന ഒരു പദ്ധതിയും കേന്ദ്ര ഗവൺമെന്റ് പ്രഖ്യാപിച്ചിട്ടുണ്ട്. ഒരു സഹായവും അർഹതപ്പെട്ട മുഴുവൻ പേർക്കും കിട്ടുന്നില്ല. അനുവദിച്ചവർ അതു കിട്ടാൻ വേഴാമ്പലിനെപോലെ മാസങ്ങളോളം കാത്തിരിക്കേണ്ട ദുർഗതിയുമാണ്. അനർഹരായ പലരും ആനുകൂല്യങ്ങൾ തട്ടിയെടുക്കുന്നുണ്ട് എന്നതും ഒരു വസ്തുതയാണ്.

പ്രധാനപ്പെട്ട ക്ഷേമ പദ്ധതികൾ

1. വിധവാ പെൻഷൻ
2. വാർദ്ധക്യകാല പെൻഷൻ
3. വികലാംഗ പെൻഷൻ
4. ടി.ബി. പെൻഷൻ
5. കയർ തൊഴിലാളി പെൻഷൻ
6. കർഷക തൊഴിലാളി പെൻഷൻ
7. പ്രസവാനുകൂല്യം
8. തൊഴിലില്ലായ്മ വേതനം

കർഷക തൊഴിലാളി ക്ഷേമ നിധി : പഞ്ചായത്തിലെ ഭൂരിപക്ഷം തൊഴിലാളികളും ക്ഷേമനിധിയിൽ അംഗങ്ങളായി ചേർന്നിട്ടുണ്ട് അനുകൂല്യം കിട്ടിയതായി അറിവില്ല.

കയർ തൊഴിലാളി ക്ഷേമ നിധി : കയർ തൊഴിലാളികളെല്ലാം ക്ഷേമനിധിയിൽ അംഗങ്ങളല്ല. തൊഴിലുടമകളും കയർ സംഘങ്ങളും ഉടമാവിഹിതം അടച്ചിട്ടില്ലാത്തതിനാൽ തൊഴിലാളികൾക്ക് അനുകൂല്യം കിട്ടുന്നില്ല. അംഗങ്ങളുടെ മക്കൾക്ക് വിവാഹ ധനസഹായം, 60 വയസ്സ് കഴിഞ്ഞവർക്ക് പെൻഷൻ, മരണാനന്തര സഹായം എന്നിവയും ലഭിക്കുന്നില്ല. കെട്ടിട നിർമ്മാണ തൊഴിലാളി ക്ഷേമനിധി. എല്ലാ തൊഴിലാളികളും അംഗങ്ങളാണ്. യൂണിയനുകളുടെ പ്രവർത്തനം സജീവമാണ്.

ആഭരണ തൊഴിലാളി ക്ഷേമ നിധി : ആഭരണ തൊഴിലാളികൾ കുറെ പേരുണ്ട്. ക്ഷേമനിധിയിൽ അംഗങ്ങളല്ല.

കൈ തൊഴിലാളി – വിദഗ്ധ തൊഴിലാളി ക്ഷേമ നിധി : തയ്യൽ, ബാർബർ, കൊല്ലപ്പണി, മരം കയറ്റം, ബീഡി തെറുപ്പ്, വാച്ച്, സൈക്കിൾ റിപ്പെയർ, കൊപ്രാ പണി, ഫോട്ടോഗ്രാഫി എന്നീ ജോലി ചെയ്യുന്നവർക്ക് അംഗങ്ങളാകാം.

അങ്കണവാടികൾ : 14 അങ്കണവാടികൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. രാവിലെ 9 മണി മുതൽ 3.30 മണി വരെയാണ് പ്രവർത്തനം. ഒരു വർക്കറും ഹെൽപ്പറുമുള്ള ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ വേതനം തുഛമാണ്. സ്വന്തമായി കെട്ടിടമുള്ള 5 അങ്കണവാടികൾ ഉണ്ട്. ഇതിൽ രണ്ടെണ്ണം അടിയന്തിര റിപ്പെയറോ, പുനർ നിർമ്മാണമോ ആവശ്യമുള്ളവയാണ്. എല്ലാ അങ്കണവാടികൾക്കും സ്ഥലവും കെട്ടിടവും ലഭ്യമാക്കാൻ പഞ്ചായത്തിന് പരിപാടിയുണ്ട്. പ്രാഥമിക ആവശ്യങ്ങൾക്കുള്ള സൗകര്യവും കുട്ടികൾക്കുള്ള കളിപ്പാട്ടങ്ങളും അത്യാവശ്യമാണ്.

ഭവന ലഭ്യതാ പട്ടിക

വർഷം	R.L.E.G.P.	N.R.E.P.	I.A.Y.	M.W.S.	J.R.Y.	ആകെ
1988-89	6	5	11			
1989-90					2	2
1990-91				5	1	6
1991-92			1	2		3
1992-93					2	2
1993-94			1	6		7
1994-95			6		4	10
1995-96			15			15

I.R.D.P. സംയോജിത ഗ്രാമ വികസന പദ്ധതി ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവർക്ക് തൊഴിൽ സംരഭങ്ങൾ തുടങ്ങുകയാണ് ലക്ഷ്യം. ധനസ ഹായം ലഭിച്ചവരുടെ വിവരം പട്ടിക 2 ൽ ഉണ്ട്.

ട്രൈസം : യുവതിയുവാക്കൾക്ക് ചെറുകിട തൊഴിൽ സംരഭങ്ങൾ തുടങ്ങാനുള്ള സാങ്കേതിക വൈദഗ്ധ്യം നൽകുകയാണ് ലക്ഷ്യം. 50% പട്ടിക ജാതി പട്ടികവർഗ്ഗക്കാരും 40% വനിതകളും 10% വികലാംഗരുമായിരിക്കും.

പട്ടിക 2

I.R.D.P. സഹായം ലഭിച്ചവർ

വർഷം	എണ്ണം	സബ്സിഡി	വായ്പ
1992-93	23	62,766.00	1,17,789.00
1993-94	42	1,29,062.00	2,21,140.00
1994-95	40	1,35,164.00	2,66,580.00
1995-96	36	1,59,168.00	4,67,221.00
1996-97	39	1,79,100.00	4,87,000.00
ആകെ	180	6,65,260.00	15,59,730.00

പട്ടിക 3 ട്രൈസം പരിശീലനം ലഭിച്ചവർ

വർഷം	എണ്ണം
1992-93	
1993-94	1
1994-95	
1995-96	1

ആകെ 2

D.W.C.R.A. : 10 മുതൽ 15 വരെ വനിതകൾക്ക് വരുമാനം കിട്ടുന്ന തൊഴിൽ യൂണിറ്റുകൾ ആരംഭിക്കുകയാണ് ലക്ഷ്യം I.R.D.P. ലിസ്റ്റിലുള്ളവരെയാണ് പരിഗണിക്കുന്നത്. 7-ാം വാർഡിൽ ഒരു പഴസം സ്കരണ യൂണിറ്റ് ഉണ്ടായിരുന്നു. പ്രവർത്തനം നിലച്ചു.

C.R.S.P. : ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള കുടുംബങ്ങൾക്ക് കക്കൂസ് നൽകുകയാണ് ലക്ഷ്യം.

പട്ടിക 4

ടൂൾകിറ്റ് ലഭിച്ചവർ

വർഷം	എണ്ണം	തുക
1992-93		
1993-94		
1994-95		
1995-96	10	45,000.00

പട്ടിക 5

C.R.S.P. ക്കക്കൂസുകൾ ലഭിച്ചവർ

വർഷം	എണ്ണം	തുക
1992-93		
1993-94	13	32,500.00
1994-95	20	50,000.00
1995-96	33	82,500.00
ആകെ	66	1,65,000.00


R.A.P. : ഗ്രാമീണ കൈതൊഴിലുകാർക്ക് തൊഴിലു പകരണങ്ങൾ നൽകുന്ന പദ്ധതി 95-96 ൽ 10 പേർക്ക് ടൂൾകിറ്റ് നൽകി.

മില്ല്യൻ വെൽ സ്കീം (M.W.S.) : J.R.Y. യുടെ ഭാഗ മാണ്. 10 സെന്റിൽ കുറയാതെ ഭൂമിയുള്ള പട്ടിക ജാതി പട്ടികവർഗ്ഗക്കാരെ സഹായിക്കാനുള്ള ഈ പദ്ധതിയിലൂടെ മറ്റ് ദുർബ്ബല ജനവിഭാഗത്തെയും ഇപ്പോൾ സഹായിച്ചു വരുന്നു. മിനിമം 27 സെന്റ് വസ്തു വേണമെന്ന് മാത്രം.

ഇന്ദിരാ ആവാസ് യോജന (I.A.Y.) : സ്വന്തമായി ഭൂമിയുള്ള വാസയോഗ്യമല്ലാത്ത വീടുള്ളവരെ സഹായിക്കുന്ന സ്കീം ഗുണഭോക്താക്കൾ ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരായിരിക്കണം.

പൊതുവിതരണം : A.R.D. 113, 140, 141, 142, 143, 144, 145, 146, 147, 148, 149, 268 എന്നീ 12 റേഷൻ റീട്ടയിൽ ഷോപ്പുണ്ട്. ആകെയുള്ള രണ്ട് ഹോൾസെയിൽ ഡിപ്പോകളും നടപടിക്ക് വിധേയമായി അടച്ചിട്ടിരിക്കുന്നു. ഹരിപ്പാട് ആറാട്ടുപുഴ എന്നീ ദൂരസ്ഥലങ്ങളിൽ പോയാണ് റേഷൻ എടുക്കുന്നത്. വ്യാപാരികൾക്ക് കമ്മീഷൻ വർദ്ധിപ്പിച്ച് നൽകാത്തതും F.C.I. വെയർ ഹൗസിംഗ് കോർപ്പ റേഷൻ എന്നിവിടങ്ങളിൽ നിന്ന് കൃത്യമായ അള വിൽ സാധനങ്ങൾ കിട്ടാത്തതും വിതരണ രംഗത്തെ ന്യൂനതകൾക്ക് കാരണമായി കച്ചവടക്കാർ പറയുന്നു. സിവിൽ സപ്ലൈസ് ഡിപ്പാർട്ട്മെന്റിലെ ക്രമ കേടുകളും പൊതുവിതരണ രംഗത്തെ തീരാശാപമാണ്. കൃത്യമായ അളവിലും തൂക്കത്തിലും അനുവദിക്കപ്പെടുന്ന എല്ലാ സാധനങ്ങളും ജനങ്ങൾക്ക് കിട്ടാൻ അടിയന്തിര നടപടി ഗ്രാമ സഭകൾ ആവശ്യപ്പെടുന്നു. ഉപഭോക്തൃ മേഖലയുടെ പരിദേവനങ്ങൾക്ക് പരിഹാരമായി ഉപഭോക്തൃ സംരക്ഷണ സമിതികൾ രൂപീകരിക്കണം.





സംസ്കാരം ടൂറിസം

നൂറ്റാണ്ടുകൾ പഴക്കമുള്ള ഒരു സാംസ്കാരിക പൈതൃകം കാർത്തികപ്പള്ളിക്ക് സ്വന്തമായുണ്ട്. രാജവാഴ്ച ഫ്യൂഡൽ പ്രഭുത്വവും ഡച്ച് കൊളോണിയലിസത്തിന്റെ മേൽകോയ്മയും ഈ മണ്ണിൽ നിലനിന്നിരുന്നു. തിരുവിതാംകൂറിന്റെ ചരിത്രതാളുകളിൽ ആദ്യമെതന്നെ ആലേഖനം ചെയ്യപ്പെടാൻ പോന്ന പഴമയും പെരുമയും ഈ നാടിനുണ്ട്. തോമാ ശ്ലീഹാ സ്ഥാപിച്ച 7 പള്ളികളിൽ ഒന്ന് കാർത്തികപ്പള്ളിയിൽ ആയിരുന്നെന്ന് ചരിത്രകാരന്മാർ സന്ദേഹിക്കുന്നു. കുരുമുളക് സമ്പത്ത് കൊണ്ട് സമ്പന്നമായിരുന്ന ഇവിടവുമായി ബ്രിട്ടിഷ്കാർക്ക് മുമ്പ് തന്നെ വിദേശികൾ വ്യാപാര ബന്ധം പുലർത്തിയിരുന്നു. പഴയ പെൺപള്ളികൂടുവും കിഴക്കേ സ്കൂളും 20-ാം നൂറ്റാണ്ടിന്റെ ആരംഭ ദശയിൽ തന്നെ ആരംഭിച്ച മണ്ണൂർ D.K.N.M.L.P.S., തോട്ടുകടവ് സ്കൂൾ (ഗവ: U.P.S. മഹാദേവികാട്) എന്നിവയും നമ്മുടെ നാടിന്റെ സാംസ്കാരിക വളർച്ചയ്ക്ക് സഹായകമായി തീർന്ന വിദ്യാവിളക്കുകളാണ്. നീട്ടും കുറുക്കും ഇല്ലാത്ത ശുദ്ധമായ മലയാളം തലമുറകളായി പ്രയോഗിച്ച് വരുന്നതിനാൽ ആധുനിക മലയാള ഭാഷയുടെ കളിതൊട്ടിലാകാൻ ഈ ഗ്രാമീണ സംസ്കൃതിക്ക് കഴിഞ്ഞിരുന്നില്ലേ എന്ന് സന്ദേഹിക്കുന്നതിൽ കഴമ്പുണ്ട്.

പിന്നോക്ക ജാതിയിൽ പ്പെട്ടവർക്ക് കലാ സാംസ്കാരിക രംഗത്ത് പ്രവേശിക്കുവാൻ വിലക്കുണ്ടായിരുന്ന കാലത്ത് അക്കന്റെ പറമ്പിൽ കഥകളിയോഗം സ്ഥാപിച്ച് തിരുവിതാംകൂറിൽ പ്രശസ്തനായ മഹാദേവികാട് കാട്ടിൽ തെക്കതിൽ പെരുമാൾ (1866 - 1933) ആണ് ആത്മവിദ്യാസംഘ സ്ഥാപനത്തിന് വാഗ്ഭടാനന്ദ ഗുരുദേവന് സഹായക ശക്തി ആയി തീർന്നതിൽ ഒരാൾ. മൺമറഞ്ഞ കൊച്ചുനാണു ആശാൻ കാർത്തികപ്പള്ളി കുട്ടപ്പപണിക്കർ (കൊച്ചു കിട്ടനാശാൻ) കഥകളി രംഗത്ത് പ്രശസ്തരായ നടന്മാരാണ്.

പ്രജാസഭ മെമ്പറും, സാഹിത്യ നിപുണനുമായിരുന്നു മണ്ണൂർ ഗോവിന്ദ പിള്ള. തിരുവിതാം

കൂർ കൊച്ചീ രാജാക്കന്മാരിൽ നിന്നും ഇദ്ദേഹത്തിന് വീരശൃംഖല ലഭിച്ചിട്ടുണ്ട്. സാഹിത്യ നഭോമണ്ഡലത്തിൽ ഉദിച്ചുയരവെ കൊല്ലവർഷം 1100 ൽ (1925) 33-മത്തെ വയസ്സിൽ ആ യുവതാരം പൊലിഞ്ഞുപോയി.

സരസമധുരമായ കവിതകൾ കൊണ്ട് പോയതലമുറയെ ചിരിപ്പിച്ച കുന്നുതറ ആശാന്റെ കൃതികൾ ഇന്ന് ലഭ്യമല്ല. അച്ചടി ശാലകൾ വിരളമായ കാലത്ത് ഗാനകാവ്യങ്ങളെഴുതി പ്രസിദ്ധീകരിച്ച ചാങ്ങയിൽ ആശാന്റെ വരികളും പഴമക്കാരുടെ മനസ്സിൽ മാത്രം.

മഴുപഴഞ്ഞിയിൽ രാമക്കാരണവർ, ശിവരാമക്കാരണവർ, എം. കൃഷ്ണൻ നമ്പൂതിരി, വൈരശ്ശേരി കെ.എം. നമ്പൂതിരി, ശ്രീധർ പത്തുവള്ളിൽ തുടങ്ങിയ പ്രതിഭാധനന്മാരായ കവികളും നാടിന്റെ അഭിമാന സ്തംഭങ്ങൾ തന്നെ.

ആദ്യാത്മിക ജീവ ചരിത്ര രചനയിലും ഗദ്യ സാഹിത്യത്തിലും പ്രശസ്തനായ തോമസ്സ് നീലാർമഠം യുവ സാഹിത്യകാരനാണ്.

സ്വാതന്ത്ര്യ പ്രാപ്തിയോടെ സാംസ്കാരിക നവോത്ഥാനത്തിന് തുടക്കം കുറിച്ച് കൊണ്ട് രണ്ട് ഗ്രന്ഥശാലകൾ ഇവിടെ സംസ്ഥാപിതമായി മഹാദേവികാട് മഹാത്മാഗാന്ധി സ്മാരക വായനശാലയും മഹാകവി കുമാരനാശാൻ സ്മാരക ലൈബ്രറിയും.

മഹാത്മാഗാന്ധി സ്മാരക വായനശാല

1948 ൽ പി. ആർ. കരുണാകരൻ പ്രസിഡന്റും കെ. കുമാരൻ (കുമാർജി) സെക്രട്ടറിയുമായി പ്രവർത്തനം ആരംഭിച്ചു. ആദ്യത്തെ ലൈബ്രേറിയൻ എം.കെ. പണിക്കർ. എം.കെ. വേലു, വി. ഗോപാലൻ, സി.വി. ശങ്കരൻ, വി. ദിവാകരൻ തുടങ്ങിയവരായിരുന്നു ആദ്യകാല പ്രവർത്തകർ, സ്വന്തമായി-സ്ഥലവും കെട്ടിടവുമില്ല. ഗ്രാന്റ് ലഭിക്കുന്നുണ്ട്. വിപുലമായ സാംസ്കാരിക സമ്മേളനങ്ങളും കലാപരിപാടികളും നടത്തിയും വീടുകളിൽ പുസ്തകങ്ങൾ എത്തിച്ചും ശ്രദ്ധേയമായ ഈ ഗ്രന്ഥശാലയുടെ പ്രവർത്തനം മന്ദഗതിയിലാണ്.

മഹാകവി കുമാരനാശാൻ സ്മാരക വായനശാല

1955 ൽ .കെ. വൈദ്യനാഥൻ, കെ.കുട്ടപ്പൻ, കെ.ദിവാകരൻ (മോൻ), എന്നിവർ മുൻകൈയെടുത്ത് സ്ഥാപിച്ചു. 1097 അംഗങ്ങളും നാലായിരത്തോളം പുസ്തകങ്ങളും സ്വന്തമായ സ്ഥലത്ത് പണിതീരാത്ത കെട്ടിടവും ഉണ്ട്. പ്രവർത്തനം നിർജ്ജീവം.

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് ഗ്രന്ഥശാല & വായനശാല

പഞ്ചായത്ത് ആഫീസ് കോമ്പൗണ്ടിൽ ഉള്ള സാംസ്കാരിക നിലയത്തിൽ പ്രവർത്തിക്കുന്നു.

സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന മറ്റ് സംഘടനകൾ

ടാഗൂർ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മഹാദേവികാട്, യുവരശ്മി ആർട്സ് & സ്പോർട്സ് ക്ലബ്ബ്, മഹാദേവികാട്, S.N. ആർട്സ് & സ്പോർട്സ് ക്ലബ്ബ്, ഭാരതീയ ആർട്സ് & സ്പോർട്സ് ക്ലബ്ബ്, വെട്ടുവേനി എന്നിവയാണ്. മാതൃഭൂമി സ്റ്റഡി സർക്കിളുകളും കലാസാംസ്കാരിക രംഗത്ത് ശ്രദ്ധാർഹമായ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്.

കായിക രംഗം

വള്ളംകളി, വോളിബോൾ എന്നിവയാണ് പ്രധാന കായിക വിനോദങ്ങൾ, ജലകായിക മേളകളിൽ പങ്കെടുത്ത് വിജയശ്രീലാളിതമായ കമ്പനി വള്ളം, കാട്ടിൽ തെക്കതിൽ വള്ളം, പ്രസിദ്ധമാണ്. ഇലമ്പടം, തൈച്ചിറ വള്ളങ്ങളും പണ്ടുണ്ടായിരുന്നു. ശരീര സൗന്ദര്യവും, കായിക ശേഷിയും വർദ്ധിപ്പിക്കുന്ന രണ്ട് ജിംനാഷ്യങ്ങളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്.

ടൂറിസം

ഹരിപ്പാട് ഒരു ക്ഷേത്ര നഗരമായി വികസിപ്പിക്കപ്പെട്ടാൽ ടൂറിസ ഭൂപടത്തിൽ കാർത്തികപ്പള്ളിയും സ്ഥാനം പിടിക്കും. അപ്പർ കുട്ടനാട്ടിലെ കൊപ്പാറ കടവിൽ നിന്നും ആരംഭിച്ച് ചരിത്ര പുളകങ്ങൾ അലതല്ലുന്ന കായംകുളം കായലിൽ അണയുന്ന കാർത്തികപ്പള്ളി തോടിന്റെ തീരഭൂവിലാണല്ലോ പ്രസിദ്ധമായ മണ്ണാറശാല ക്ഷേത്രം ഹരിപ്പാട് ശ്രീ സുബ്രഹ്മണ്യ സ്വാമി ക്ഷേത്രം., അനന്തപുരം കൊട്ടാരം, വാതല്ലൂർ കോയിക്കൽ




പട്ടിക
നിലവിൽ പ്രവർത്തിക്കുന്ന ഗ്രന്ഥാലയങ്ങൾ

ക്രമ നമ്പർ	പേര്	സ്ഥാപിച്ച വർഷം	കെട്ടിടത്തിന്റെ വിവരം	നിലവിലുള്ള മെമ്പർമാർ	പുസ്തകങ്ങളുടെ എണ്ണം	സർക്കാർ ഗ്രാന്റു ലഭിക്കുന്നുണ്ടോ	മറ്റ് അഭിപ്രായം
1.	മഹാത്മാ ഗാന്ധി സ്മാരക വായനശാല, മഹാദേവികാട്	1948	ഇല്ല			ഉണ്ട്	സ്വന്തമായി സ്ഥലം സമ്പാദിച്ച് കെട്ടിടം നിർമ്മിക്കണം.
2.	മഹാകവി കുമാരനാശാൻ സ്മാരക വായനശാല മഹാദേവികാട് രജി. നമ്പർ 1884	1955	പണി നടക്കുന്നു.	1097	3477	നാല് വർഷം കൂടി ശ്ലികയുണ്ട്	കെട്ടിടം പണി പൂർത്തിയാക്കണം.
3.	കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് ഗ്രന്ഥശാല & വായനശാല	1991				ഇല്ല	ടി.വി. സ്ഥാപിക്കണം.

ക്ഷേത്രം, പിത്തമ്പിൽ ക്ഷേത്രം, മൂടയിൽ ശ്രീകൃഷ്ണ സ്വാമി ക്ഷേത്രം, സെന്റ് മേരീസ് കാത്തലിക്ക് ചർച്ച്, മാർത്തോമ്മാ പള്ളി, വെട്ടുവേനി ശാരദാമഠം, പനയന്നാർ കാവ് ക്ഷേത്രം, കാർത്തികപ്പള്ളി കൊട്ടാരം, സെന്റ് തോമസ്സ് ഓർത്തഡോക്സ് ചർച്ച്, കൊല്ലമഠം മുസ്ലീം ജമായത്ത് പള്ളി, മേജർ വലിയകുളങ്ങര ദേവീ ക്ഷേത്രം, മഹാദേവികാട് ശ്രീനാരായണ ഗുരുമന്ദിരം എന്നിവ സ്ഥിതി ചെയ്യുന്നത്. തീർത്ഥാടകർക്കും ടൂറിസ്റ്റുകൾക്കും ജലമാർഗ്ഗേണ എത്താനുള്ള ഏകവഴിയും ഇതുതന്നെ.

വലിയകുളങ്ങര അശ്വതി ഉത്സവം നാടിന്റെ ദേശിയോത്സവം തന്നെയാണ്. കെട്ടുകാഴ്ചയിൽ പങ്കെടുക്കാനായി ഗ്രാമത്തിലെ ആബാലവൃദ്ധം ജനങ്ങളുടെ അനിരുദ്ധമായ പ്രവാഹമാണ്. ജാതി മത വ്യത്യാസമില്ലാതെ അണിചേരുന്ന ജനസഹസ്രങ്ങൾ അഖണ്ഡ ഭാരതത്തിന്റെ അനുപമ പ്രതീകമാണ്. മതസൗഹാർദ്ദത്തിന്റെ മഹനീയ മാതൃകയായ ഹൈന്ദവ ക്ഷേത്രങ്ങളും, ക്രൈസ്തവ ദേവാലയങ്ങലും, മുസ്ലീം പള്ളികളും നാടിന്റെ കറയറ്റ സാംസ്കാരിക പൈതൃകം കാത്ത് സൂക്ഷിക്കുന്നു.



വനിത


സ്ത്രീകളും പുരുഷന്മാരും സമശീർഷരാണെന്ന ഭരണഘടനാ വാഗ്ദാനത്തിന്റെ തുടക്കമായി 73-ാം ഭരണഘടനാ ഭേദഗതി നിയമത്തെ കരുതാം. ഈ നിയമം മൂലം ഏകദേശം 7.95 ലക്ഷം സ്ത്രീജനങ്ങൾ ഇന്ന് ഇന്ത്യയിൽ അധികാരത്തിന്റെ ചെങ്കോലേന്തുന്നു.

ജില്ലാ പഞ്ചായത്തിൽ 1580 സ്ത്രീകളും ബ്ലോക്ക് പഞ്ചായത്തിൽ 17,000 വനിതകളും അധികാര കസേരകളിൽ ഇരിപ്പുണ്ട്. ബാല്യത്തിൽ പിതാവും യൗവ്വനത്തിൽ ഭർത്താവും, വാർദ്ധക്യത്തിൽ മക്കളും സംരക്ഷിച്ച് സ്വാതന്ത്ര്യം അർഹിക്കാത്ത അബലകളായി ഗണിക്കപ്പെട്ടിരുന്ന ഭാരത സ്ത്രീകൾ രാഷ്ട്രീയ സ്വാതന്ത്ര്യത്തിന്റെ ആദ്യ പടി കടന്നുകഴിഞ്ഞു. അസംബ്ലി പാർലമെന്റ് സീറ്റുകളിൽ അർഹതപ്പെട്ട സ്ഥാനം കരസ്ഥമാക്കാൻ താമസം വിനാ കഴിയുമെന്ന് പ്രത്യാശിക്കാം.

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്തിൽ 18092 ജനങ്ങളുണ്ട്. അതിൽ 9378 പേർ സ്ത്രീകളാണ്. ഒറ്റപ്പെട്ട സംഭവങ്ങൾ ഒഴിച്ചാൽ സ്ത്രീധന - സ്ത്രീപീഡനങ്ങൾ കുറവാണ്. ചാരായ നിരോധനം കുടുംബാന്തരീക്ഷത്തിൽ സംജാതമാക്കിയ ശാന്തിയും സമാധാനവും പാവപ്പെട്ട കുടുംബിനികളിൽ സന്തോഷമുളവാക്കിയിട്ടുണ്ട്. മഹിളാ സമാജങ്ങൾ ഉണ്ടെങ്കിലും പ്രവർത്തിക്കുന്നവ വിരളമാണ്. തൊഴിലെടുക്കുന്നവരിൽ ബഹുഭൂരിപക്ഷവും സ്ത്രീകളാണ്. പ്രധാനപ്പെട്ട തൊഴിൽ രംഗമായ കയർ പിരി മേഖലയിൽ 90% വും സ്ത്രീ തൊഴിലാളികളാണ്. കാർഷിക രംഗം നിർമ്മാണ തൊഴിലാളി മേഖല എന്നിവിടങ്ങളിലും വനിതകൾ പണിയെടുക്കുന്നു. പുരുഷന്മാരെക്കാൾ ആത്മാർത്ഥതയോടെ പണിയെടുക്കുന്നവരാണെങ്കിലും കൂലിയുടെ കാര്യത്തിൽ അവഗണന തന്നെ. സർക്കാർ സർവ്വീസിൽ ജോലി നോക്കുന്നവരും വീട്ടമ്മമാരായി ഒതുങ്ങി കഴിയുന്നവരും ധാരാളമുണ്ട്. 14 അങ്കണവാടികളിൽ 28 വനിതകൾ ജോലി ചെയ്യുന്നു. ആകെയുള്ള മൂന്ന് സ്കൂളുക

ളിലെയും മേധാവികൾ മഹിളാമണികളാണ്. വനിതാ വ്യവസായങ്ങൾ മുന്നെണ്ണം ഉണ്ടായിരുന്നത് അടച്ച് പൂട്ടപ്പെട്ടു. ചെരുപ്പ് റെഡിമെയ്ഡ്, ഖാദി മേഖലയിലായിരുന്നു അവ പ്രവർത്തിച്ചിരുന്നത്. ഗ്രാമ സഭാ നിർദ്ദേശങ്ങൾ.

1. വനിതാ കയർ വ്യവസായ സംഘങ്ങൾ, കയർ ഉൽപ്പന്ന ഫാക്ടറികൾ സ്ഥാപിക്കുക.
2. ഖാദി ബോർഡിന്റെ സഹായത്തോടെ കുടിൽ വ്യവസായ ശൃംഖലകൾ എല്ലാ വാർഡുകളിലും ആരംഭിക്കുക.
3. മഹിളാ സമാജങ്ങൾ രൂപീകരിച്ച് PAD (കേരള) കപ്പാർട്ട് എന്നിവയുടെ സഹായത്തോടെ ഡയറി യൂണിറ്റുകൾ തുടങ്ങുക.
4. സിമെന്റ് കൊണ്ടുള്ള ഇഷ്ടികാ ജനൽ, കതക്, മതിൽ എന്നിവ നിർമ്മിക്കുന്ന വ്യവസായ യൂണിറ്റുകൾ സ്ഥാപിക്കുക.
5. വിപണന സാദ്ധ്യതയുള്ള റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ യൂണിറ്റുകൾ സംഘടിപ്പിക്കുക.
6. പൂട്ടി കിടക്കുന്ന വനിതാ വ്യവസായ യൂണിറ്റുകൾ പുനരുദ്ധരിക്കുക.
7. വിധവാ പെൻഷൻ വാർദ്ധക്യകാല പെൻഷൻ കയർ കർഷക തൊഴിലാളി പെൻഷൻ തുടങ്ങിയ പെൻഷൻ പദ്ധതികളുടെ ആനുകൂല്യം അർഹതപ്പെട്ട മുഴുവൻ വനിതകൾക്കും ലഭ്യമാക്കുക.
8. ക്ഷീര സഹകരണ സംഘങ്ങളിൽ പാലിന്റെ ഉപോൽപ്പന്ന നിർമ്മാണ സംരംഭങ്ങൾ ആരംഭിക്കുകയും സ്ത്രീകളെ അതിൽ പങ്കാളികളാക്കുകയും ചെയ്യുക.
9. ആരോഗ്യം, ശുചിത്വം, കുടുംബ പരിപാലനം എന്നിവയിൽ ബോധവൽക്കരണം നടത്തുക.
10. തുല്യജോലിക്ക് തുല്യവേതനം ഉറപ്പ് വരുത്തുക.



സഹകരണം

ഋണബദ്ധരായ കർഷകരെ കടകെണിയിൽ നിന്നും രക്ഷിക്കുന്നതിനു വേണ്ടി ആരംഭിച്ച് സഹകരണ പ്രസ്ഥാനം ഇന്ന് വളർന്ന് പന്തലിച്ച എല്ലാ മേഖലകളിലും പരസ്പര സഹായത്തിന്റെ കുളിർമ പകരുന്നു. ഇവിടെ ഒരു കാലത്ത് കയർ കൈത്തറി ഖാദി കാർഷിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ ഉണ്ടായിരുന്നു കൈത്തറി ഖാദി സംഘങ്ങൾ ഇപ്പോൾ പ്രവർത്തിക്കുന്നില്ല.

7 കയർ സഹകരണ സംഘങ്ങൾ നിലവിലുണ്ട്. അതിൽ C.V.C.S. 3065, 462, 651, 698, എന്നിവയ്ക്ക് സ്വന്തമായി സ്ഥലവും കെട്ടിടവുമുണ്ട്. A. 697, 213, ഈ സ്ഥാപനങ്ങൾക്ക് സ്ഥലമുണ്ട് കെട്ടിടമില്ല. K.M. 810-ാം നമ്പർ സംഘത്തിന് സ്ഥലവും കെട്ടിടവുമില്ല. വാടക സ്ഥലത്ത് പ്രവർത്തിക്കുന്നു. കയർ സംഘങ്ങൾ മിക്കതും നാമ മാത്രമായ പ്രവർത്തനം മാത്രമാണ് നടത്തുന്നത്. 7 സംഘങ്ങളും ഭീമമായ നഷ്ടത്തിലുമാണ്. കയർ ബോർഡിന്റെ സഹായത്താൽ വർക്ക് ഷെഡും യന്ത്രവൽകൃത റാട്ടുകളും സ്ഥാപിച്ചിട്ടുള്ള 3065 A 698, A651 എന്നീ കയർ സഹകരണ സ്ഥാപനങ്ങൾ വൈദ്യുതി കണക്ഷൻ ലഭിച്ചാലുടൻ യന്ത്രവൽകൃത കയർ നിർമ്മാണം തുടങ്ങും. കയർ മേഖലയിലെ എല്ലാ തൊഴിലാളികളെയും സഹകരണാടിസ്ഥാനത്തിൽ സംഘടിപ്പിച്ചിട്ടില്ല. സംഘം ജീവനക്കാർക്ക് തുച്ഛമായ ശമ്പളമേ കിട്ടുന്നുള്ളു. തൊണ്ടും ചകിരിയും ആവശ്യത്തിന് കിട്ടാനില്ലാത്തതും പ്രവർത്തന മൂലധനത്തിന്റെ കുറവും കുറഞ്ഞ കൂലി നിരക്കും വിപണന രംഗത്തെ സ്തംഭനവും മേഖല അഭിമുഖീകരിക്കുന്ന പ്രശ്നങ്ങളാണ്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിന് സർക്കാർ അടിയന്തിര ശ്രദ്ധ ചെലുത്തുവാൻ സമ്മർദ്ദം ഉണ്ടാകണം.

കാർഷിക മേഖല
മഹാദേവികാട് സർവ്വീസ് സഹകരണ ബാങ്ക്
ക്ലിപ്തം നമ്പർ 1857

1105 കന്നി 2-ാം തീയതി പ്രവർത്തനം ആരംഭിച്ചു. മാവേലിക്കര തൃക്കുന്നപ്പുഴ റോഡ് സൈഡിൽ കളത്തൂർ കെ. കറമ്പൻ സംഭാവന നൽകിയ 27 സെന്റ് സ്ഥലത്താണ് ആഫീസ് സ്ഥിതി ചെയ്യുന്നത്. 4865 അംഗങ്ങളുള്ള ബാങ്കിന്റെ പ്രവർത്തന പരിധി മഹാദേവികാട് കര യാണ്. 45,44,505 രൂപ വായ്പ കൊടുത്തിട്ടുണ്ട്. 38,77,957 രൂപ നിക്ഷേപമുണ്ട്. പ്രവർത്തന മൂല ധനം 54,39,245.00. റേഷൻ കട, ടെക്സ്റ്റയിത്സ് സഹകരണ മാവേലി സ്റ്റോർ, വളം ഡിപ്പോ,ചിട്ടി എന്നിവ നടത്തുന്നു. കാർഷികവും കാർഷികേ തരവുമായ എല്ലാവിധ വായ്പകളും വിതരണം ചെയ്തു വരുന്നു.

കാർത്തികപ്പള്ളി സർവ്വീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ 2301

07-12-1120 ൽ പ്രവർത്തനം ആരംഭിച്ചു 1968 ൽ സർവ്വീസ് സഹകരണ സംഘമായി ഡോ. പി.എം. വർഗ്ഗീസ് പ്രസിഡന്റായിരിക്കുമ്പോൾ സ്ഥലം വാങ്ങി ഓഫീസ് മന്ദിരം നിർമ്മിച്ചു. കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് 1, 2, 3, 4 വാർഡുകളാണ് പ്രവർത്തന ഏരിയ 2830 അംഗ ങ്ങളുണ്ട്.

പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 1,87,600.00 രൂപ. ആകെ വായ്പ അംഗങ്ങൾക്ക് 1,24,189.00 രൂപ. നിക്ഷേപം 2,35,725.00 രൂപ. വളം ഡിപ്പോയുണ്ട്.

പട്ടിക 1

വ്യവസായ സഹകരണ സംഘങ്ങൾ

ക്രമ നമ്പർ	കയർ	മെമ്പർമാർ	നഷ്ടം
1.	മഹാദേവികാട് കയർ വ്യവസായ സഹകരണ സംഘം നമ്പർ 3065	1616	5,24,000.00
2.	കാർത്തികപ്പള്ളി കയർ വ്യവസായ സഹകരണ സംഘം നമ്പർ 213	911	3,56,858.00
3.	മഹാദേവികാട് കിഴക്ക് C.V.C.S. Ltd. No. 462	1221	7,43,127.00
4.	മഹാദേവികാട് തെക്ക് C.V.C.S. Ltd. No. 651	1012	2,84,309.00
5.	മഹാദേവികാട് വടക്ക് C.V.C.S. Ltd. No. A 697	528	3,34,374.00
6.	മഹാദേവികാട് പടിഞ്ഞാറ് C.V.C.S. Ltd. No. A 698	525	2,24 ,551.00
7.	മഹാദേവികാട് സെൻട്രൽ കയർ വ്യവസായ സഹകരണ സംഘം നമ്പർ K.M. 810	356	65,000.00

കാർഷിക സഹകരണ സംഘങ്ങളെല്ലാം നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. സംസ്ഥാന ജില്ലാ സഹകരണ ബാങ്കുകളും ഗവൺമെന്റ് ഏജൻസികളും മുഖാന്തിരമുള്ള വായ്പകൾക്ക് ലഭിക്കുന്ന നേരിയ മാർജിൻ എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾക്ക് തികയാതെ വരുന്നതാണ് നഷ്ട ത്തിന് പ്രധാന കാരണം. കൂടുതൽ നിക്ഷേപങ്ങൾ സമാഹരിച്ച് വായ്പ നൽകുകയും കൂടുതൽ നമ്പർ ചിട്ടി തുടങ്ങുകയും ചെയ്താൽ നഷ്ടം നികത്തി കൊണ്ടുവരാൻ കഴിയും. സ്വർണ്ണ പണയ വായ്പയും തുടങ്ങണം കാർഷിക വായ്പ കൾക്ക് റിസർവ്വ് ബാങ്ക് പലിശ നിരക്ക് കൂട്ടിയത് ചെറുകിട കർഷകരെ ദോഷകരമായി ബാധിച്ചി ട്ടുണ്ട്.

പട്ടിക 2

കാർഷിക വായ്പാ സംഘങ്ങൾ

ക്രമ നമ്പർ	സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പ്രവർത്തന പരിധി	വ്യക്തിഗത അംഗത്വം	ഓഹരി മൂലധനം	പ്രവർത്തന മൂലധനം	കടം	നിക്ഷേപം	വായ്പകൾ		ജീവനക്കാർ	
									കാർഷികം	കാർഷികേതരം	സ്ഥിരം	മറ്റുള്ളവർ
1.	മഹാദേവികാട് സർവ്വീസ് സഹകരണ ബാങ്ക് Ltd. No. 1857	കൊ. വർഷം 1105	മഹാദേവികാട് കര	4865	5,86,988.00	54,39,245.00		38,77,957.00	3,85,225.00	35,31,475.00	5	
2.	കാർത്തികപ്പള്ളി സർവ്വീസ് സഹകരണ സംഘം ലി. നമ്പർ 2301	കൊ. വർഷം 1120	കാർത്തികപ്പള്ളി പഞ്ചായത്ത് 1, 2, 3, 4 വാർഡ്	2830	1,87,600.00			2,35,725.00	59,875.00	64,314.00	1	

പട്ടിക 5

ക്ഷീര സഹകരണസംഘങ്ങൾ

സംഘത്തിന്റെ പേര്	പ്രവർത്തനം ആരംഭിച്ച വർഷം	പരിധി	ശേഖരിക്കുന്ന പാൽ	പഞ്ചായത്തിൽ വില്ക്കുന്നത്	പുറത്തേയ്ക്കയയ്ക്കുന്നത്	ജീവനക്കാർ
വലിയകുളങ്ങര ക്ഷീരോല്പാദക സഹകരണ സംഘം No. A. 128 (D) APCOS		KPLY 5, 8, 9 വാർഡുകൾ	159294	351935	124100.5	
കാർത്തികപ്പള്ളി ക്ഷീരോല്പാദകസഹകരണ സംഘം A - 36 D		KPLY 1,2	33764	2594	31170	
മഹാദേവിക്കാട് ക്ഷീരോല്പാദക സഹകരണ സംഘം 1981 നമ്പർ A-83 (D) APCOS		KPLY 6,7 വാർഡ്	83338.8	22020.6	61318.2	2

പട്ടിക 3.
കാർത്തികപ്പള്ളി കാർഷിക വികസന ബാങ്ക് പഞ്ചായത്തിൽ നല്കിയ വായ്പകളുടെ വിവരം

എത്ര പേർക്ക്	ഏതിനം വായ്പ	നല്കിയ തുക
127	കാർഷിക വായ്പ	8,97450
130	മറ്റ് വായ്പകൾ	9,63910
87	പ്രത്യേക വായ്പ	23,98800

പട്ടിക 4
കാർത്തികപ്പള്ളി താലൂക്ക് ഹൗസിംഗ് സഹകരണസംഘം പഞ്ചായത്തിൽ നല്കിയ വായ്പ

എത്ര പേർക്ക്	ഏതിനം വായ്പ	നല്കിയ തുക
20	വീടു വെയ്ക്കുന്നതിന്	9,00000

സഹകരണ മാവേലി സ്റ്റോറുകൾക്ക് സാധനങ്ങൾ സപ്ലൈ ചെയ്യാത്തത് ഓപ്പൺ മാർക്കറ്റിൽ വില വർദ്ധനവിന് കാരണമായിട്ടുണ്ട് വിലയിടിയുന്ന സന്ദർഭത്തിൽ നാളീകേരം സംഭരിച്ച് സംസ്കരിക്കാനുള്ള സംവിധാനം സംഘങ്ങളിൽ ഏർപ്പെടുത്തണം. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പോലെയുള്ള ബാങ്കിംഗ് സ്ഥാപനങ്ങളുടെ നിക്ഷേപത്തിന്റെ നിശ്ചിത ശതമാനം ഗ്രാമീണ കാർഷിക ആവശ്യങ്ങൾക്ക് കുറഞ്ഞ പലിശ നിരക്കിൽ വായ്പയായി നൽകാൻ നിബന്ധനയുണ്ടാക്കണം.


ക്ഷീര സഹകരണ സംഘങ്ങൾ

3 ക്ഷീര സഹകരണ സ്ഥാപനങ്ങൾ ഉണ്ട്. വലിയകുളങ്ങര സംഘത്തിന് സ്വന്തമായി സ്ഥലവം കെട്ടിടവുമുണ്ട്. പാലിന്റെ ഉപോൽപ്പന്നങ്ങൾ നിർമ്മിച്ച് വിൽപന നടത്തിവരുന്നുണ്ട്. പ്രവർത്തന പരിധിക്കുള്ളിൽ താൽപര്യമുള്ള മുഴുവൻ കുടുംബങ്ങൾക്കും ധനകാര്യ സ്ഥാപനങ്ങൾ വഴി കറവ മാടുകൾ നൽകി പാൽ ശേഖരിക്കണം.

മഹാദേവികാട് ക്ഷീരോൽപ്പാദക സഹകരണ സംഘം A-83(D) APCOS വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. സ്വന്തം സ്ഥലവും കെട്ടിടവും നിർമ്മിക്കണം. 6, 7, വാർഡുകളിൽ ആവശ്യമുള്ള ഡയറി യൂണിറ്റുകൾ നൽകിയാൽ പാലുൽപ്പാദനം വർദ്ധിപ്പിക്കാനും തൊഴിലില്ലായ്മയ്ക്ക് പരിഹാരം കണ്ടെത്താനും കഴിയും.

A-36(D) കാർത്തികപ്പള്ളി ക്ഷീര സംഘം പഞ്ചായത്തിലെ ആദ്യത്തെ ക്ഷീരോൽപ്പാദക സഹകരണ സംഘമാണ്. കുറെക്കാലം പ്രവർത്തന ക്ഷമമായിരുന്നില്ല. ഈ സംഘത്തിന്റെ ഉയർത്തെഴുന്നേൽപ്പ് 1, 2, 3, 4, വാർഡുകളിൽ ക്ഷീര വിപ്ലവത്തിന് നാന്ദി കുറിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

8.5 സെന്റ് സ്ഥലമുള്ള മഹാദേവികാട് ഖാദി ഉൽപ്പാദക സഹകരണ സംഘവും 5-ാം വാർഡിൽ പ്രവർത്തനം നിലച്ച റെഡിമെയ്ഡ് വസ്ത്ര നിർമ്മാണ സ്ഥാപനവും 6-ാം വാർഡിൽ നിശ്ചലാവസ്ഥയിലായ ചെരുപ്പ് നിർമ്മാണ സംഘവും (രണ്ടും വനിതകൾ) തൊഴിലവസരം സൃഷ്ടിക്കപ്പെടാൻ കഴിയുന്ന തരത്തിൽ പുനരുജ്ജീവിപ്പിക്കേണ്ടതാണ്. വനിതകൾക്ക് തൊഴിൽ കിട്ടാൻ കഴിയുന്ന വ്യവസായ സഹകരണ സംഘങ്ങൾ 1, 2, 3, 4, വാർഡുകൾ കേന്ദ്രമാക്കി ആരംഭിക്കാൻ ശ്രമം വേണം.



പട്ടികജാതി പട്ടികവർഗ്ഗം


പഞ്ചായത്തിലെ പട്ടികജാതി പട്ടികവർഗ്ഗ ജനസംഖ്യ 1260. ക്കോളനികൾ ഒന്നുമില്ല. 15 പട്ടികജാതി കുടുംബങ്ങൾ താമസിക്കുന്ന കോളനികളേ പട്ടികജാതി കോളനിയായി പ്രഖ്യാപിക്കൂ എന്ന നിയമം മൂലമാണ് ഇതിന് കഴിയാത്തത്.

ജാതീയമായ ഉച്ചനീചത്വങ്ങൾ ഒന്നുമില്ല. പഠനത്തിലും പന്തിഭോജനത്തിലും പണിയെടുക്കുന്നിടത്തും മറ്റുള്ളവർക്കൊപ്പം ജീവിക്കുന്നു. ഒട്ടേറെ മിശ്രവിവാഹ കുടുംബങ്ങളും ഉണ്ട്. നാല് സെന്റുമുതൽ 1.5 ഏക്കർ വരെ സ്ഥലമുള്ളവരുമുണ്ട്. സാക്ഷരതയില്ലാത്തവർ കുറവാണ്. സർക്കാർ ജീവനക്കാർ, ബാങ്ക് ജീവനക്കാർ, കച്ചവടക്കാർ എന്നിവരുണ്ട്. കൃഷിപണി, കയർപിരി, മരംകയറ്റം, അലക്കുതൊഴിൽ ചെയ്യുന്നവരും ചൂരൽ, കൊട്ടനിർമ്മാണ തൊഴിലാളികളുമുണ്ട്. ഉന്നതവിദ്യാഭ്യാസം നേടുന്ന കാര്യത്തിൽ ഇനിയും പുരോഗമിക്കേണ്ടതുണ്ട്. J.R.Y., I.A.Y., അൺടൈഡ് ഫണ്ടിന്റെ നിശ്ചിത ശതമാനം പട്ടികജാതി പട്ടികവർഗ്ഗക്കാർക്കായി നീക്കി വച്ചുകൊണ്ടുള്ള സർക്കാർ തീരുമാനം വീടിന്റെ നിർമ്മാണത്തിലും പ്രാഥമിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും കാര്യമായ പുരോഗതി കൈവരിക്കുവാൻ സഹായിച്ചിട്ടുണ്ട്.

ആവശ്യങ്ങൾ

1. എല്ലാ കുടുംബങ്ങൾക്കും വീടും കക്കൂസും നൽകുക.
2. ശുദ്ധജല വിതരണ ടാപ്പുകൾ സൗകര്യപ്രദമായി സ്ഥാപിക്കുക.
3. പട്ടികജാതി കുടുംബങ്ങൾക്ക് വൈദ്യുതി വലിക്കുന്നതിന് കൺസെന്റ് ആവശ്യമില്ലെന്ന് നിയമം കൊണ്ടുവരുക.
4. എല്ലാ വീട്ടിലേക്കും വഴിയും വാഹന സൗകര്യമുള്ള റോഡും നിർമ്മിക്കുക.
5. വൈദ്യുതിയുടേത് പോലെ വാട്ടർ കണക്ഷൻ ചെലവും സർക്കാർ വഹിക്കുക.

6. പൊതു ശ്മശാനം നിർമ്മിക്കുക.
7. തിരിച്ചടയ്ക്കാൻ നിവർത്തിയില്ലാത്ത വായ്പകൾ എഴുതി തള്ളുക.
8. ലംപ്സം ഗ്രാന്റ് തുക വർദ്ധിപ്പിക്കുക.
9. എല്ലാ വിദ്യാർത്ഥികൾക്കും സൗജന്യമായി കുട നൽകുക.
10. റിപ്പയർ ആവശ്യമുള്ള വീടുകൾക്ക് ധനസഹായം നൽകുക.
11. തൊഴിൽ പരിശീലനം നേടിയവർക്കും മറ്റ് യോഗ്യതാ സർട്ടിഫിക്കറ്റുള്ളവർക്കും എത്രയും പെട്ടെന്ന് ജോലി ലഭ്യമാക്കുക.
12. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമത്തിനായി സഹകരണ സംഘങ്ങൾ രൂപികരിക്കുക.
13. പുതിയ കുടുംബങ്ങൾക്കായി സ്ഥലവും വീടും നൽകുക.
14. 60 വയസ്സ് കഴിഞ്ഞ എല്ലാവർക്കും പെൻഷൻ അനുവദിക്കുക.
15. ചികിത്സയ്ക്കും വിവാഹത്തിനും അടിയന്തിര സഹായം ഏർപ്പെടുത്തുക.
16. പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമ പരിപാടികൾ ഗ്രാമ പഞ്ചായത്ത് അംഗങ്ങൾ ഭവന സന്ദർശനം നടത്തി വിശദീകരിക്കുകയും അവ കിട്ടുവാൻ ആവശ്യമായ നടപടികളിൽ സഹായിക്കുകയും ചെയ്യുക.
17. അലക്കുകാർക്കും തൊഴിൽ സംരഭകർക്കും തൊഴിലുപകരണങ്ങൾ സൗജന്യമായി അനുവദിക്കുക.



വിഭവസമാഹരണം

വികസന ആവശ്യങ്ങൾ നിറവേറ്റാനുള്ള വിഭവസമ്പത്താണ് പഞ്ചായത്തുകൾക്ക് ഇന്ന് ആവശ്യം പണമായും സാധന സാമഗ്രികളായും മനുഷ്യാദ്ധ്വാനമായും വിഭവസമാഹരണം നടത്തി ഗ്രാമ പുരോഗതി കൈവരിക്കുക എന്നതാണ് ജനകീയ ആസൂത്രണത്തിന്റെ മുഖ്യലക്ഷ്യം. പഞ്ചായത്തുകളുടെ വിഭവ ശ്രോതസ്സ് പ്രധാനമായും നികുതി വരുമാനവും സർക്കാർ ഗ്രാന്റുമാണ്. ജവഹർ തൊഴിൽ ദാന പദ്ധതി അൺടൈഡ് ഫണ്ടുകൾ എന്നിവയും ധനാഗമ മാർഗ്ഗങ്ങളാണ്. 9-ാം പഞ്ചവത്സര പദ്ധതി കാലത്ത് പദ്ധതി വിഹിതത്തിന്റെ 40 - 50% ഗ്രാമ പഞ്ചായത്തുകൾക്ക് വീതിച്ച് നൽകുമെന്നാണ് സംസ്ഥാന സർക്കാർ പറയുന്നത്. അപ്രകാരം ലഭിക്കുന്ന ധന വിഭവവും പഞ്ചായത്തിലെ നികുതി വരുമാനവും മനുഷ്യ വിഭവശേഷിയും പ്രയോജനപ്പെടുത്തി 1997 - 2002 കാലയളവിൽ വികസന രംഗത്ത് വിസ്മയകരമായ മാറ്റം കൈവരുത്താൻ കഴിയുമെന്ന് കരുതാം. പഞ്ചായത്തിന്റെ നിലവിലുള്ള വരുമാന മാർഗ്ഗങ്ങളിലേക്ക് ഒന്ന് കണ്ണോടിക്കാം.

കെട്ടിട നികുതി

വാർഷിക വാടകയുടെ 10% വരെ തുക കെട്ടിട നികുതി ഈടാക്കാം. ഒരു ലക്ഷം രൂപവരെ നിർമ്മാണ ചെലവുള്ള കെട്ടിടങ്ങൾക്ക് പ്രതിവർഷം 324 രൂപ വരെ കരം ചുമത്താം. പഞ്ചായത്ത് സ്റ്റാന്റിംഗ് കമ്മിറ്റിക്കാണ് കരം നിശ്ചയിക്കാനുള്ള അധികാരം. നിലവിലുള്ള കെട്ടിടങ്ങൾക്ക് അസസ്സ് ചെയ്തിട്ടുള്ള കുറഞ്ഞ നികുതി വരുമാനത്തെ സാരമായി ബാധിച്ചിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനും വാർഷിക പെയിന്റിംഗിനും ലക്ഷങ്ങൾ ചിലവഴിക്കുന്നവർ പോലും ന്യായമായ നികുതി കൊടുക്കുന്ന കാര്യത്തിൽ അസഹിഷ്ണുത കാട്ടുന്നു. വിനോദ നികുതി

ഒരു സിനിമാ തിയേറ്ററേയുള്ളൂ പഴയ പടങ്ങൾ പ്രദർശിപ്പിക്കുന്നതിനാൽ പ്രതീക്ഷിക്കുന്ന വരുമാനം കിട്ടുന്നില്ല. ദൃശ്യ മാദ്ധ്യമങ്ങളുടെ വരവോടെ C-ക്ലാസ്സ് തീയറ്ററുകൾ പ്രേക്ഷക ദാരിദ്ര്യം അനുഭവിക്കുന്നു.

വസ്തു കൈമാറ്റ നികുതി

വസ്തു കൈമാറ്റം നടക്കുമ്പോൾ യഥാർത്ഥ വിലയെക്കാൾ വളരെ കുറച്ചു മാത്രമേ ആധാരത്തിൽ രേഖപ്പെടുത്തുന്നുള്ളു സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിക്കാനുള്ള ഈ നടപടി അവസാനിപ്പിച്ചാൽ ലക്ഷക്കണക്കിന് രൂപയുടെ വർദ്ധനവ് പഞ്ചായത്തുകൾക്കുണ്ടാകും സർക്കാരിന്റെ ബഡ്ജറ്റ് കമ്മി കുറയ്ക്കാനും കഴിയും. പഞ്ചായത്ത് കമ്മിറ്റിയുടെ നോ ഒബ്ജക്ഷൻ സർട്ടിഫിക്കറ്റ് (N.O.C.) ഉണ്ടെങ്കിലെ വസ്തുവിന്റെ വില ആധാരത്തിൽ രേഖപ്പെടുത്താൻ കഴിയൂ എന്ന് വന്നാൽ ഡ്യൂട്ടി വെട്ടിപ്പ് ഇല്ലാതാക്കാം.

തൊഴിൽ നികുതി

സർക്കാർ ഉദ്യോഗസ്ഥർ വ്യാപാര വ്യവസായ ജീവനക്കാർ കൃഷിക്കാർ കച്ചവടക്കാർ എന്നിവർ തൊഴിൽ നികുതി അടയ്ക്കാൻ ബാദ്ധ്യസ്ഥരാണ്.

പട്ടിക 1

വരുമാനത്തിലെ വ്യതിയാനം

ഇനം	1991-92	1995-96	വ്യത്യാസം	ശതമാനം
തനത് വരുമാനം				
കെട്ടിട നികുതി	99,145.00	1,56,184.00	57,039.00	57.53
വിനോദ നികുതി	8800.85	9321.00	521.00	5.9
തൊഴിൽ നികുതി	82,341.00	1,33,235.00	50,894.00	61.80
ഉപാധിരഹിത നികുതി	1,77,000.00	1,73,000.00		
ഉപാധിരഹിത S.C.P. -		1,07,000.00	1,03,000.00	58.19
J.R.Y.	2,53,400.00	1,59,900.00	93,500.00	
ഗ്രാന്റുകൾ സംഭാവനകൾ	1,30,194.00	3,04,809.00	1,74,615.00	134.11
ആകെ വരവ്	7,50,880.85	10,43,449.00		
ചെലവ് എസ്റ്റാബ്ലിഷ്മെന്റ്	2,51,083.00	3,89,998.00	1,38,915.00	55.32

ഷോപ്പിംഗ് കോംപ്ലക്സ്

കാർത്തികപ്പള്ളി ജംഗ്ഷനിലുള്ള ഷോപ്പിംഗ് കോംപ്ലക്സിന്റെ താഴത്തെ മുറികളിലെയും മുകളിൽ പ്രവർത്തിക്കുന്ന കാർത്തികപ്പള്ളി സൗത്ത് നോർത്ത് കയർ ഇൻസ്പെക്ടർ ആഫീസുകളുടെ വാടകയായും മുൻ വർഷം 34779.50 രൂപ ലഭിച്ചു. മാർക്കറ്റുകളിൽ നിന്നും 1300 രൂപ കിട്ടി വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് (V.R.M.) 28,176.00 രൂപയും, മൈനർ ഇറിഗേഷൻ ഗ്രാന്റായി (M.I.) 4120 രൂപയും വെഹിക്കിൾ ടാക്സ് കോപൻസേഷൻ (V.T.C.) വകയിൽ 2,73,420.00 രൂപയും 75% ഡ്യൂട്ടി ഇനത്തിൽ 18,690.00 രൂപയും സർക്കാരിൽ നിന്നും ലഭിച്ചു.

അൺടൈഡ് ഫണ്ട്

95-96 ൽ ഉപാധിരഹിത ഫണ്ടായി 2,80,000.00 രൂപ പഞ്ചായത്തിൽ ലഭിച്ചിട്ടുണ്ട്. ഇതിന്റെ നിശ്ചിത ശതമാനം പട്ടികജാതി പട്ടിക വർഗ്ഗത്തിന്റെ ഉന്നമനത്തിനു വേണ്ടി ചെലവഴിക്കുന്നു.

J.R.Y.

ജവഹർ തൊഴിൽ ദാന പദ്ധതിയിൽ 2,21,073.00 രൂപ ലഭിച്ചു. ഇതിന്റെ 22.5% വരുന്ന തുക SC/ST വിഭാഗത്തിന്റെ വ്യക്തിഗത ഉന്നമനത്തിന് വേണ്ടിയും ബാക്കി പൊതു ആവശ്യങ്ങൾക്കും ഉപയോഗിക്കുന്നു.

പട്ടിക 2

പഞ്ചായത്ത് രാജ് നിയമ പ്രകാരം മറ്റ് വകുപ്പുകളിൽ നിന്നും
അനുവദിച്ച തുക സംബന്ധിച്ച വിവരങ്ങൾ

വകുപ്പ്	തുക		ആകെ
	പദ്ധതി വിഹിതം	പദ്ധതിയേതര വിഹിതം	
മൃഗസംരക്ഷണം	1400.00	1200.00	2600.00
ആരോഗ്യം	6291.00	1770.00	8061.00
കൃഷി	91,050.00		91,050.00
P.W.D.	42,130.00		42,130.00
ഹരിജനക്ഷേമം	2000.00	748.00	2748.00
മറ്റുള്ളവ	1,01,691.00	3508.00	1,05,199.00
ആകെ	2,44,562.00	7,226.00	2,51,788.00

പട്ടിക 3

സർക്കാർ ഗൾഫ് ജോലിക്കാർ വാർഡ് തിരിച്ച കണക്ക്

വാർഡ്	എണ്ണം	
	സർക്കാർ	ഗൾഫ്
1	133	60
2	75	48
3	55	58
4	36	82
5	49	23
6	51	21
7	56	33
8	71	34
9	68	36

പുതിയ ധനസമാഹരണ നിർദ്ദേശങ്ങൾ

1. തൊഴിൽ നികുതി എല്ലാവരിൽ നിന്നും ഈടാക്കുക.
2. കെട്ടിട നികുതി സർക്കാർ മാർഗ്ഗ നിർദ്ദേശ പ്രകാരം നിശ്ചയിക്കുക.
3. വസ്തു കൈമാറ്റത്തിലെ സ്റ്റാമ്പ് ഡ്യൂട്ടി വെട്ടിപ്പ് തടയാൻ സർക്കാർ നിയമ നിർമ്മാണം നടത്തുക.
4. ആർഭാടകരമായ വിവാഹങ്ങൾക്ക് ഫീസ് ചുമത്തുക.
5. എല്ലാ വാഹനങ്ങളും പഞ്ചായത്തിൽ രജിസ്റ്റർ ചെയ്യുകയും നിശ്ചിത കരം ചുമത്തുകയും വേണം.
6. വിവാഹ രജിസ്ട്രേഷന് ഫീസ് ഏർപ്പെടുത്തണം.
7. ബഹുനില മന്ദിരങ്ങൾക്ക് ലക്ഷ്വറി ടാക്സ് ഈടാക്കണം.
8. പഞ്ചായത്ത് വികസന ഫണ്ട് രൂപികരിച്ച് ഉദാരമതികളിൽ നിന്നും സംഭാവന സമാഹരിക്കണം.

മനുഷ്യ വിഭവശേഷി

റോഡുകൾ പാലങ്ങൾ ഓടകൾ സ്കൂൾ ആശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണത്തിലും സാക്ഷരത, പരിസര ശുചീകരണം, ആരോഗ്യ പരിപാലനം, വിദ്യാഭ്യാസം, ബോധവൽക്കരണം തുടങ്ങിയ പല രംഗങ്ങളിലും പ്രയോജനപ്പെടുത്താവുന്ന ആരോഗ്യവും സുമനസ്സുമുള്ള ഒരു തലമുറ നമ്മുടെ പഞ്ചായത്തിൽ സേവന സന്നദ്ധരായി നിൽപ്പുണ്ട്. അവരുടെ കരുത്തും കഴിവും ധനവിഭവശേഷിയും സമന്വയിപ്പിച്ച് പുതിയൊരു വികസന സംസ്കാരം നമുക്ക് രൂപപ്പെടുത്താം.

ഉപസംഹാരം

ആസൂത്രണം ഗ്രാമ തലത്തിൽ നിന്നും ആരംഭിച്ച് നിർവ്വഹണം ജനപങ്കാളിത്വത്തോടെ സുഗമമാക്കാനുള്ള സദുദ്യമമാണ് കേരളത്തിൽ നടക്കുന്നത്. 8 പഞ്ചവത്സര പദ്ധതികൾ രാജ്യ പുരോഗതിക്ക് സംഭാവന ചെയ്ത മഹത്തായ നേട്ടങ്ങൾ അനുസ്മരിക്കുമ്പോൾ തന്നെ മുകളിൽ നിന്നും അടിച്ചേൽപിക്കപ്പെട്ട ആസൂത്രണ - നിർവ്വഹണത്തിലെ പാളിച്ചകൾ തിരുത്തേണ്ടതായും വന്നു. 73ാം ഭരണഘടന ഭേദഗതിയിലൂടെ ഗ്രാമ പഞ്ചായത്തുകൾക്ക് കൈവന്ന നിയമപരമായ അധികാരാവകാശങ്ങൾ ജനനന്മയ്ക്കു വേണ്ടി ഫലപ്രദമായി വിനിയോഗിക്കാനുള്ള ഹൃദയബദ്ധത പഞ്ചായത്തുകൾക്കുണ്ട്. ചരിത്രപരമായ ആ ദൗത്യം മനസാവരിച്ചു കൊണ്ട് ജനകീയ ആസൂത്രണ പദ്ധതിയിലെ കർമ്മ ഭടന്മാരായി നിസ്വാർത്ഥ സേവനം അനുഷ്ഠിക്കുന്ന സംസ്ഥാന - ജില്ലാ - പ്രാദേശിക പരിശീലകന്മാരെയും ഉദ്യോഗസ്ഥരെയും ഞാൻ അനുമോദിക്കുന്നു. അവരുടെ ശ്രമദാനമാണ് ഈ റിപ്പോർട്ടിന് രൂപം നൽകിയത്. പരിമിതമായ സമയത്തിനുള്ളിൽ നമ്മുടെ ഗ്രാമത്തിന്റെ പരിദേവനങ്ങൾ പരമാവധി പകർത്തി വയ്ക്കാൻ പരിശ്രമിച്ചിട്ടുണ്ട്. പരിപൂർണ്ണമല്ല.

കൂടുതൽ അന്വേഷണങ്ങൾക്കും കണ്ടെത്തലുകൾക്കും തുടർന്നുള്ള പ്രവർത്തനം സഹായകമാകട്ടെ എന്ന പ്രതീക്ഷയിൽ ഈ വികസന രേഖ ഇവിടെ ഉപസംഹരിക്കുന്നു.

സ്നേഹസമന്വിതം.

ഒ.കെ.രാജൻ (ഒപ്പ്)

പ്രസിഡന്റ്

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത്

കാർത്തികപ്പള്ളി

09-12-1996

കാർത്തികപ്പള്ളി
താലൂക്ക്

കാർത്തികപ്പള്ളി ഗ്രാമപഞ്ചായത്ത്

കാർത്തികപ്പള്ളി ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിന്
ആശംസകൾ

ദി മഹാദേവികാട് സർവ്വീസ് സഹകരണ ബാങ്ക്

ക്ലിപ്തം നമ്പർ : 1857

മഹാദേവികാട് പി.ഒ., കാർത്തികപ്പള്ളി. ഫോൺ : 482035

എല്ലാവിധ ബാങ്കിംഗ് ഇടപാടുകൾ

- ആകർഷകമായ പലിശ നിരക്കിൽ വിവിധ നിക്ഷേപങ്ങൾ
- കുറഞ്ഞ പലിശയ്ക്ക് ഹ്രസ്വകാല മദ്ധ്യകാല ദീർഘകാല വായ്പകൾ
- വ്യവസായ വായ്പകൾ
- റേഷൻ കട, ടെക്സ്റ്റയിത്സ്
- മാവേലി സ്റ്റോർ, വളം വിൽപ്പന
- കൊപ്രാ സംഭരണം, ചിട്ടി

പ്രസിഡന്റ്
ഒ.കെ. രാജൻ

സെക്രട്ടറി
എം.ദാമോദരൻ

ഭരണസമിതി :
പി. ശ്രീവല്ലഭൻ,
ജി. സുരേഷ്,
എം.ജി. ശ്രീനിവാസൻ
അഡ്വ. പി. സുരേഷ്
വി. പ്രഭാകരൻ
വി.രാമദാസ പണിക്കർ
വി.കെ. കുട്ടപ്പൻ
കെ. പുഷ്പവേണി

ജീവനക്കാർ :
കെ. ഗോവിന്ദൻ,
കെ.വി.മാനസി,
എസ്.പി. സോമൻ,
ജി. ഗിരിജ

വാണി പ്രിന്റേഴ്സ് (ഓഫ്സെറ്റ്) ആലപ്പുഴ. ഫോൺ: 245406.